Vol. 19. No. 2.

# കാൎമ്മലകുസുമം

# The Flower of Carmel



മദ്ധ്യമഹാജനസഭ.

February, 1921.

# വിഷയവിവരങ്ങൾ.


പേജ്

ഇൻഡ്യാ, ബർമ്മാ, സിലോൺ മര്യമഹാജനസഭ:

1. മംഗളം. 25
ശ്രീമാൻ തെങ്ങുംകൂട്ടിൽ വറുഗീസു മാപ്പിള.
2. പ്രസ്താവന. 25
3. സഭാനടപടികൾ. 26
സ്വന്തം റിപ്പോർട്ടർ.
4. ദെലഗാദെപ്പസ്തോലിക്കാ തിരുമനസ്സിലെ ഉപക്രമപ്രസംഗം. 26
വെരി. റവ. ഫാദർ അലക്സാണ്ടർ സി. ഡി.
5. പരിശുദ്ധ പിതാവിൻെറ സന്ദേശം 27
ശ്രീമാൻ കെ. സി. വർക്കി ബി. ഏ.
6. ദെലഗാദെപ്പസ്തോലിക്കാ തിരുമനസ്സിലെ ഉപസംഹാരപ്രസംഗം. 37
ദിവ്യശ്രീ മററത്തിൽ കുഞ്ഞൻ കത്തനാർ.
7. കോൺഗ്രസ് വിജയം. (പദ്യം) 39
ശ്രീമാൻ കട്ടക്കയത്തിൽ ചെറിയാൻമാപ്പിള.
8. ബോംബെ മെത്രാപ്പോലീത്താ തിരുമനസ്സിലെ ഉദ്ഘാടന പ്രസംഗം 40
ശ്രീമാൻ സി. അന്തപ്പായി ബി. ഏ.
9. മരിയമഹാസഭാമാഹാത്മ്യം. (പദ്യം) 46
റവ. ഫാദർ സൈമൺ സി. ഡി.
10. തിരുഹൃദയ പൊതുനിയോഗം. 47
പത്രാധിപർ.
11. തിരുനാൾ വർണ്ണന. (പദ്യം) 48
നമ്മുടെ യുവകവികൾ.
12. പഞ്ചാംഗം. പരസ്യങ്ങൾ.



## കത്തോലിക്ക മതതത്വങ്ങൾ.

...ലി കൂടുതൽ വിവരങ്ങളോടുകൂടിയ രണ്ടാംപതിപ്പു ഇതാ പുറപ്പെട്ടിരിക്കുന്നു. കേരളത്തിലെ എല്ലാ വൈദികമേലദ്ധ്യക്ഷന്മാരുടേയും പ്രത്യേക പ്രശംസയ്ക്കു പാത്രമായിരിക്കുന്ന ഈ വിശിഷ്ടഗ്രന്ഥം എല്ലാ കത്തോലിക്കകുടുംബങ്ങളിലും വിദ്യാലയങ്ങളിലും പ്രവേശിച്ചിരുന്നെങ്കിൽ എത്ര നന്നായിരുന്നു.

എറണാകുളം മെത്രാനച്ചൻ തിരുമനസ്സുകൊണ്ടു ഇതേപ്പററി ഇങ്ങനെ എഴുതിയിരിക്കുന്നു.

"... കത്തോലിക്ക മതതത്വങ്ങൾ എന്ന പുസ്തകം ഞാൻ നോക്കി. കത്തോലിക്കർ അവശ്യം അറിഞ്ഞിരിക്കേണ്ട തത്വങ്ങൾ എല്ലാം അതിൽ തെളിവായി പറഞ്ഞിട്ടുള്ളതുകൊണ്ടു് ആ പുസ്തകം എല്ലാക്കുടുംബങ്ങളിലും ഉണ്ടായിരിക്കേണ്ടതും, എല്ലാവരും വായിക്കേണ്ടതുമാണെന്നു നിസ്സംശയം പറയാം. കത്തോലിക്കർക്കു മാത്രമല്ല, കത്തോലിക്ക മതതത്വങ്ങൾ എന്തെന്നറിവാൻ ആഗ്രഹമുള്ള കത്തോലിക്കേതരന്മാർക്കും അതു വളരെ നല്ലതാണ്...."

വില ൩. ചക്രം മാത്രം. ഉടനേ അപേക്ഷിക്കുക. മാനേജർ,
സെൻറു ജോസഫ്സ് പ്രസ്സ് മാന്നാനം.

# കർമ്മെലകുസുമം.

പുസ്തകം ൧൯.    ൧൯൨൧ ഫെബ്രുവരി.    ലക്കം ൨.


## മംഗളം.

ആരിലുള്ള ദൃഢഭക്തിയാൽ ബഹുജനങ്ങൾ ചേർന്നു മദിരാശിയിൽ
ബ്ഭൂരിതോഷമൊടദ്ഭുതപൂർവ്വമധുനാ നടത്തി "മരിയാസഭ?"
നാരിമാരിലതിപൂജ്യയസ്സകലനാഥയാം പ്രിയതമേരി തൻ—
പേരിയന്ന "കുസുമം" പ്രമോദജലധൌ കിടന്നു മറിയുന്നിതേ!

തെങ്ങുംമൂട്ടിൽ വറുഗീസു മാപ്പിള.

## ഇൻഡ്യാ, ബർമ്മാ, സിലോൺ
# മര്യമഹാജനസഭ.

മദ്രാസു ൧൯൨൧ ജനുവരി, ൨൫, ൨൬, ൨൭ — ചൊവ്വാ, ബുധൻ, വ്യാഴം.

### പ്രസ്താവന.

ദൈവജനനിയുടെ വാത്സല്യമക്കളായ ഇൻഡ്യയിലെ കത്തോലിക്കർ ദീർഘനാളായി പ്രതീക്ഷിച്ചുകൊണ്ടിരുന്ന മര്യമഹാജനസഭ ഇതാ മംഗളമായി പര്യവസാനിച്ചിരിക്കുന്നു. ലോകരക്ഷാനാഥനായ മ്ശിഹാ സ്ഥാപിച്ച ഏകവും അപ്പസ്തോലികവും പരിശുദ്ധവുമായ കത്തോലിക്കാസഭ ഞങ്ങളുടേതു മാത്രമാണെന്നും, അതിന്നു പുറമേ ആരും നിത്യരക്ഷ പ്രാപിക്കുന്നതല്ലെന്നും ഏതൊരു ജനക്കൂട്ടം നിരന്തരമായി നിന്നുവാദിക്കുന്നുവോ, ആ ജനസംഘത്തിന്നു ദൈവസ്ഥാപിതമായ തങ്ങളുടെ സഭയുടെ പ്രാഭവത്തെ വേണ്ടപോലെ അകത്തോലിക്കരുടെ മുമ്പാകെ പ്രത്യക്ഷീഭവിപ്പിക്കുന്നതിനു ഇൻഡ്യയിൽ ഇതുവരെ തക്ക സൌകര്യം ഉണ്ടായിട്ടില്ല. അപ്രകാരമുള്ള ഒരു സൌകര്യമാണു ഇൻഡ്യാമഹാരാജ്യത്തിന്റെ ഒരു കേന്ദ്രസ്ഥാനമായ മദ്രാസ് പട്ടണത്തിൽ വച്ചു ഈയിട സിദ്ധിച്ചതു്. മാർപ്പാപ്പാ തിരുമനസ്സിലെ പ്രതിപുരുഷനായ ദലഗാദപ്പസ്തോലിക്കാ, നാലു മെത്രാപ്പോലീത്താമാർ, ൧൨ മെത്രാന്മാർ, ൧൧ വികാരിജനറാളന്മാർ, ൩൦൦-ൽപ്പരം പട്ടക്കാർ, മുപ്പതിനായിരത്തോളം കത്തോലിക്കവിശ്വാസികൾ എന്നിവർ ചേർന്നു മൂന്നു ദിവസത്തോളം നടത്തിയ ഈ മഹാ സമ്മേളനം കത്തോലിക്കേതരന്മാരായ ഏവരുടേയും ആശ്ചര്യബഹുമാനങ്ങൾക്കു വിഷയീഭവിച്ചിട്ടുണ്ടെന്നുള്ളതിനു രണ്ടുപക്ഷമില്ല. അജ്ഞതയിലും അന്ധകാരത്തിലും സ്ഥിതിചെയ്യുന്നവർ വെളിച്ചത്തിലേക്കു പിന്തിരിയുന്നതിന്നുള്ള ഒരു പ്രാരംഭമായി നാം ഇതിനെ കരുതേണ്ടിയിരിക്കുന്നു. കേരളീയരായ മെത്രാന്മാർ എല്ലാവരും സന്നിഹിതരായിരുന്നതുകൂടാതെ, പ്രതീക്ഷയെ കവിഞ്ഞു ഇവിടെനിന്നു വൈദികരും ലൗകികരും കോൺഗ്രസ്സിൽ സംബന്ധിക്കയുണ്ടായെന്നുള്ളതും, സുറിയാനിറീത്തിനു അഭിലഷ

ണീയമായ പ്രാധാന്യം കോൺഗ്രസ്സുഹാളിൽ നൽകപ്പെട്ടതും നമുക്കു ഏറ്റവും അഭിമാനജനകമായിരിക്കുന്നു. നി. വ. ദിവ്യശ്രീ കുര്യാളശ്ശേരിൽ മാർതോമ്മാമെത്രാനച്ചൻ തിരുമനസ്സുകൊണ്ടു മദ്രാസിൽ എത്തിയിരുന്നെങ്കിലും അസ്വാസ്ഥ്യം ഹേതുവായിട്ടു സമ്മേളനങ്ങളിൽ സംബന്ധിക്കുന്നതിനു തിരുമേനിക്കു ഇടയാകാതെയാണു വന്നതു്. എങ്കിലും കോൺഗ്രസ്സ് കഴിഞ്ഞു മൈലാപ്പൂരുവച്ചു നടന്ന മെത്രാന്മാരുടെ കോൺഫറൻസിൽ അവിടുന്നു കൂടുകയുണ്ടായെന്നുള്ളതു ആശ്വാസാവഹംതന്നെ.

ഇപ്രകാരം മംഗളമായി അവസാനിച്ച ഈ കോൺഗ്രസ്സു കർമ്മലനായികയുടെ നാമത്തെ വഹിക്കുന്ന നമ്മുടെ "കുസുമ"ത്തിനു പ്രത്യേകിച്ചു ആനന്ദഹേതുകമാണെന്നു പറയേണ്ടതില്ലല്ലോ. ആകയാൽ മഹാസഭ സംബന്ധിച്ച സകല വിവരങ്ങളോടും കൂടിയ ഒരു പ്രത്യേക ലക്കമായി ഇതാ ഇത്തവണ പുറപ്പെട്ടിരിക്കുന്നു. എണ്ണത്തിൽ പതിനെട്ടോളം വരുന്ന സാരതരങ്ങളായ സഭാ നിശ്ചയങ്ങൾ ഓർമ്മയിൽ നിറുത്തുന്നതിനും, പ്രവൃത്തിയിൽ വരുത്തുന്നതിനും ഇതു സഹായിക്കുമാറാകട്ടെ!.

## സഭാനടപടികൾ.

### ഒന്നാം ദിവസം.

### ചൊവ്വാഴ്ച.

### അദ്ധ്യക്ഷനു സ്വാഗതം.

മാർപ്പാപ്പാ തിരുമനസ്സിലെ പ്രതിനിധിആയി കോൺഗ്രസ്സിലേക്കു നിയോഗിക്കപ്പെട്ടിരിക്കുന്ന മഹോന്നത ദിവ്യശ്രീ ലെഗാദപ്പസ്തോലിക്കാ പീററർ പിസാനി തിരുമേനിയെ ഇന്നു കാലത്തു കോൺഗ്രസ്സു പന്തലിൽ സാഘോഷം സ്വീകരിച്ചു മംഗളപത്രം സമർപ്പിച്ചതാണു് മഹാസഭ സംബന്ധമായി ഇന്നു ആദ്യമായി നടന്നതു്. ഇരുപതിനായിരത്തോളം ജനങ്ങൾ കൊള്ളത്തക്ക നിലയിൽ കുരിശാകൃതിയിൽ പണിതു വിചിത്രരമണീയമായി അലങ്കരിച്ചിരുന്ന ഈ പന്തലിന്റെ മദ്ധ്യത്തിലായി സജ്ജീകരിച്ചിരുന്ന പ്ലാററുഫോറത്തിൽ, മദ്രാസുമെത്രാപ്പോലീത്താ, മൈലാപ്പൂർ മെത്രാൻ, വരാപ്പുഴമെത്രാപ്പോലീത്താ, കോട്ടയം വികാരി അപ്പസ്തോലിക്കാ എന്നിവരുടെ മദ്ധ്യത്തിലായി ലെഗാദു തിരുമനസ്സുകൊണ്ടു ആസനസ്ഥനായി കഴിഞ്ഞപ്പോൾ കോൺഗ്രസ്സു സെക്രട്ടറി മിസ്റ്റർ ജഗന്നാഥപിള്ളയവർകൾ തിരുമനസ്സിലേക്കു ഒരു മംഗളപത്രം വായിച്ചു സമർപ്പിച്ചു. അതിനു് യഥോചിതം മറുപടി പറഞ്ഞ കൂട്ടത്തിൽ, കോൺഗ്രസ്സ് സംബന്ധമായിട്ടും മററുമുള്ള ജഗന്നാഥപിള്ളയവർകളുടെ അശ്രാന്തപരിശ്രമത്തിനു സംഭാവനയായി നൈററ് ഓഫ് സെൻറു ഗ്രിഗോറി എന്ന ഉന്നതസ്ഥാനം മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു അദ്ദേഹത്തിനു കല്പിച്ചു നൽകിയിരിക്കുന്നതായി പ്രസ്താവിക്കയുണ്ടായി.

### പ്രോൽഘാടനകർമ്മം.

ഉച്ചതിരിഞ്ഞു നാലരമണിയോടെ പന്തലിനു അകത്തും പുറത്തുമായി ഒരു ഇരുപതിനായിരത്തിൽ കുറയാതെ ആൾക്കൂട്ടം വന്നുനിറഞ്ഞുകഴിഞ്ഞു. അദ്ധ്യക്ഷൻ തിരുമനസ്സിലെ വരവായി. തഞ്ചാവൂരിലെ സലേസ്യൻബാൻറു ശ്രുതിമധുരമായി ധ്വനിച്ചു. മദ്രാസ് മെത്രാപ്പോലീത്താതിരുമനസ്സിലെ ദീർഘമായ സ്വാഗതപ്രസംഗത്തെ തുടർന്നു തൃശ്ശിനാപ്പള്ളി, മൈലാപ്പൂർ മെത്രാനച്ചന്മാരും ആഗതരായ അതിഥികൾക്കു സ്വാഗതംപറഞ്ഞു. പിന്നീടു നടന്നതാണ് അദ്ധ്യക്ഷനായ

### ലെഗാദപ്പോസ്തോലിക്കാതിരുമനസ്സിലെ ഉപക്രമപ്രസംഗം.

നിതാന്തവന്ദ്യശ്രീമാന്മാരായ പ്രിയ മെത്രാപ്പോലീത്താമാരേ, മെത്രാന്മാരേ, എൻറ വന്ദ്യസഹോദരരായ വൈദികരേ, ഇൻഡ്യയിലെ എൻറ വാത്സല്യ കത്തോലിക്കരേ,

ഇൻഡ്യ, ബർമ്മാ, സിലോൺ എന്നീ സ്ഥലങ്ങളിലെ കത്തോലിക്കാസഭയുടെ ചരിത്രത്തിൽ സർവ്വഥാ പ്രാധാന്യത്തെ അർഹിക്കുന്നതായ ഈ മരിയമഹാജനസഭയുടെ പ്രോൽഘാടനാവസരത്തിൽ, മുറപ്രകാരമുള്ള ഒരു പ്രസംഗം എന്നിൽ നിന്നു നിങ്ങൾ പ്രതീക്ഷിക്കാതിരിക്കണമെന്നു ഞാൻ ആഗ്രഹിക്കുന്നു. പ്രോൽഘാടനപ്രസംഗം നിതാന്തവന്ദ്യശ്രീമാനായ ബോംബേമെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടു നടത്തുന്നതാണു; ഈ കോൺഗ്രസ്സിൽ നിന്നു ഇൻഡ്യയ്ക്കു പഠിപ്പാൻ പാടുള്ളതെന്താണെന്നു കാണിക്കുന്നതിലേക്കു, നിർവ്വാഹകസംഘം സുപ്രസിദ്ധനായ ഈ ദേഹത്തെ തെരഞ്ഞെടുത്തതു ഭാഗ്യസൂചകമെന്നേ പറയേണ്ടതുള്ളു! മഹാസഭയുടെ ഓരോ അംഗത്തിൻേറയും ഹൃദയരംഗത്തിൽ തിങ്ങിവിങ്ങുന്ന വിവിധവികാ

രങ്ങൾ ഞാൻ നിങ്ങളെ പറഞ്ഞറിയിക്കേണമെന്നില്ലല്ലൊ; ആറു കൊല്ലത്തെ പ്രതീക്ഷയുടെ ശേഷം, ദൈവത്തിന്റെ അധികസ്തോത്രത്തിന്നും, ഇൻഡ്യയിലെ കത്തോലിക്ക സഭയുടെ ശാശ്വതനന്മക്കുംവേണ്ടി, അത്യന്തപരിശുദ്ധിയുള്ള ദൈവമാതാവായ മറിയത്തിന്റെ നാമത്തിലും, അങ്ങേ കാപ്പയിൻകീഴും ഒടുവിൽ സമ്മേളിക്കുന്നതിനു ഇടയായതിനേക്കുറിച്ചുള്ള സന്തോഷത്തിന്റെയും പരിശുദ്ധാനന്ദത്തിന്റെയും വികാരങ്ങൾ അതങ്ങനെ; കുരിശിന്മേൽ മരണം പ്രാപിച്ച തന്റെ തിരുക്കുമാരന്റെ കുത്തപ്പെട്ട ശങ്കിൽ നിന്നു നിർഗ്ഗമിച്ചതായി, അന്നു വ്യാകുലമാതാവായിരുന്ന ഈ പരിശുദ്ധകന്യക ദർശിച്ച ഈ സഭയുടെ ആത്മീയവും ശാരീരികവുമായ ഭാഗങ്ങളിൽ ഉൾപ്പെട്ടിരിക്കുന്നതിനാലുള്ള അഭിമാനസൂചകങ്ങളായ വികാരങ്ങൾ വേറൊരുവക; മഹാസഭയുടെ കാര്യപരിപാടി അംഗീകരിക്കയും, തന്റെ പൈതൃകാശീർവ്വാദം അതിനു നൽകുകയും ചെയ്തശേഷം, മേലിൽ ഇൻഡ്യയിലെ കത്തോലിക്ക ജീവിതാഭിവൃദ്ധിക്കുള്ള ഒരു വാഗ്ദാനമെന്ന വിധത്തിൽ അതേക്കുറിച്ചു പ്രത്യാശയോടുകൂടെയിരിക്കുന്ന മ്ശിഹായുടെ വികാരിയുടെ നേർക്കു വിശ്വസ്തതയുടേയും ഭക്തിയുടേയും വികാരങ്ങൾ വേറൊരുവക അതങ്ങനെ; തങ്ങളുടെ ദീർഘനാളത്തെ നിരന്തരപരിശ്രമം അത്ഭുതപൂർവ്വമാംവണ്ണം ശുഭപര്യവസായിയായി തീരാൻപോകുന്നതിനാൽ ചാരിതാർത്ഥ്യമടയുന്ന മഹാസഭാജനയിതാക്കന്മാരുടേയും കാര്യനിർവ്വാഹകന്മാരുടേയും നേരേ അഗാധമായ കൃതജ്ഞതയുടെ വികാരങ്ങൾ വേറൊരുവക; ആദ്ധ്യാത്മികവും, സാമുദായികവുമായ അതിന്റെ ഉന്നമനത്തിന്നുവേണ്ടി ജാതിവർണ്ണവ്യത്യാസംകൂടാതെ ഇവിടത്തെ കത്തോലിക്കരെവരും ഉൽക്കണ്ഠാപൂർവ്വം പരിശ്രമിച്ചുവരുന്ന അത്യന്തം പ്രേമവിഷയമായ ഈ രാജ്യത്തിന്റെ നേരേയുള്ള സ്നേഹവികാരങ്ങൾ മറെറാരുവക. നിങ്ങളിൽ ഓരോരുത്തരുടേയും, എല്ലാവരുടേയും ഹൃദയങ്ങളിൽ നിന്നുള്ള ഈവിധ വികാരങ്ങളെയെല്ലാം കൂട്ടിച്ചേർത്തു ഒരു പുഷ്പമഞ്ജരിയാക്കി, പുത്രനിർവ്വിശേഷമായ നിങ്ങളുടെ ഭക്തിയുടെ അടയാളമായി, മറിയത്തിന്റെ അമലോത്ഭവഹൃദയത്തിന്മേൽ നിങ്ങളുടെ പേർക്കു ഞാൻ സ്ഥാപിക്കയും അതുകൾ നിത്യജീവന്റെ ഫലങ്ങൾ പുറപ്പെടുവിക്കത്തക്കവണ്ണം അതുകളെ ആശീർവ്വദിക്കണമെന്നു അവളോടു ഞാൻ പ്രാർത്ഥിക്കയും ചെയ്യട്ടെ. കത്തോലിക്ക ലോകമൊക്കെയുടേയും ദൃഷ്ടി ഈ മഹാജനസഭയുടെനേരെ തിരിച്ചിരിക്കുന്നുവെന്നുള്ളതു ഒരു രഹസ്യകാര്യമല്ല. ഇൻഡ്യയിലെ സഭ സംബന്ധിച്ച കാര്യങ്ങളുടെ മേലന്വേഷണത്തിനായി നിയോഗിക്കപ്പെട്ടിരിക്കുന്ന തിരുസഭാപ്രഭുശിരോമണികൾ നമ്മുടെ സമ്മേളന നടപടികളിൽ അത്യുൽസുക്യം പ്രദർശിപ്പിക്കയും, അതുകളുടെ വിജയത്തെ അത്യധികമായി അഗ്രഹിച്ചുകൊണ്ട് അവയെ അനുഗമിക്കയും ചെയ്യുന്നു. പരിശുദ്ധപിതാവു തന്നെയും, ഇൻഡ്യയിലെ കത്തോലിക്കരുടെ നേരേ തനിക്കുള്ള വാത്സല്യത്തിന്റെ ലക്ഷ്യം പ്രദാനംചെയ്യുന്നതിലേക്കു, ഒരു സന്ദേശരൂപേണ നമ്മുടെ മദ്ധ്യേ ആഗതനാവാൻ കാരുണ്യമുണ്ടായിരിക്കുന്നുവെന്നുള്ളതു ഇതിലൊക്കെ നിങ്ങൾക്കേവർക്കും ഏററം സംതൃപ്തിജനകമായിരിക്കും. ഇതാ തിരുവെഴുത്തു താഴെ കാണുംപ്രകാരമാണ്. പിതാവിന്റെ സ്വരമാകുന്നു! ശ്രദ്ധിപ്പിൻ!

## പരിശുദ്ധപിതാവിന്റെ സന്ദേശം.

പതിനഞ്ചാം ബെനദിക്തോസ് പാപ്പാ

വന്ദ്യ സഹോദരങ്ങളായ കൊൺസ്റ്റാൻസിലെമെത്രാപ്പോലീത്തായും ദലഗാദപ്പസ്തോലിക്കായുമായ പത്രോസിന്നും, ആ നാടുകളിലെ മെത്രാപ്പോലീത്താമാർക്കും മെത്രാന്മാർക്കും ക്ഷേമവും അപ്പസ്തോലിക ആശീർവ്വാദവും.

സ്ലീഹന്മാരുടെ രാജ്ഞിയായി എല്ലായുഗങ്ങളിലും അറിയപ്പെടുന്ന ദൈവത്തിന്റെ മഹാ മാതാവിന്റെനേർക്കുള്ള പുത്രനിർവ്വിശേഷമായ ഭക്തിയേക്കാൾ, ഏഷ്യയിലെ ആവിസ്തീർണ്ണ പ്രദേശങ്ങളിൽ ക്രിസ്തീയ വിശ്വാസപ്രചാരത്തിന്നു അധികം ഉപയുക്തമായി മററു യാതൊന്നും ഉണ്ടാകാൻ വഹിയാത്തനിമിത്തം, താമസിയാതെ ഇൻഡ്യയിൽ നടത്തപ്പെടുവാനിരിക്കുന്ന മര്യമഹാജനസഭയേക്കുറിച്ചു കേട്ടപ്പോൾ നമുക്കു അത്യന്തം സന്തോഷമുണ്ടായി. അന്ധകാരത്തിലും അജ്ഞതയിലും സ്ഥിതിചെയ്യുന്ന ജനങ്ങളുടെയിടയിൽ സുവിശേഷ ദീപം വ്യാപിപ്പിക്കുന്നതിലേക്കു, എപ്പോഴും വിശിഷ്യ വിഷമഘട്ടങ്ങളിലും ആപൽക്കാലങ്ങളിലും,

മനുഷ്യവർഗ്ഗത്തിന്റെ രക്ഷകനേയും കർത്താവിനേയും ലോകത്തിനു പ്രദാനം ചെയ്ത കന്യകാജനനിയായ മറിയത്തിൻ പക്കലാണ് തിരുസഭ അഭയം തേടിവരുന്നതു. സകല വരപ്രസാദവും, ആയുസ്സിന്റേയും ശക്തിയുടേയും സർവ്വശരണവും മറിയത്തിൽ കണ്ടെത്തപ്പെടുന്നതിനാൽ, ദേവമാതാവിന്റേനേർക്കുള്ള ഭക്തിയിൽ വർദ്ധമാനമായി ഭവിക്കുന്ന കർത്താവിന്റെ മുന്തിരിത്തോട്ടത്തിന്റെ യാതൊരു ഭാഗവും, അതു എത്ര വിദൂരവും അജ്ഞാതവുമായിരുന്നാൽ തന്നെയും, സകല ക്രിസ്തീയ പുണ്യങ്ങളും സഹജഗുണങ്ങളെന്നപോലെ അവിടെ വളരാത്തതായി നിങ്ങൾ കാണുന്നതല്ല.

ആകയാൽ വന്ദ്യസഹോദരരേ, ദൈവജനനിയുടെ മഹിമകളെ പ്രഖ്യാപനം ചെയ്യുന്നതിലേക്കു കാലവിളംബമെന്യേ നിങ്ങൾ സമ്മേളിപ്പാൻ പോകുന്നുവെന്നുള്ളതു സംശയരഹിതമായ ഒരു മംഗളലക്ഷണമാകുന്നു. എന്തുകൊണ്ടെന്നാൽ ഈ മാതാവിനെ വിജ്ഞാതയാക്കിച്ചെയ്യുന്നവരാരോ അവർ നിത്യായുസ്സിനെ പ്രാപിക്കും. അതിനാൽ ഉന്നതതരമായ കാര്യങ്ങളെ നേടുന്നതിനുവേണ്ടി സ്വമെത്രാന്മാരോടുകൂടെ യോഗംകൂടിയിരിക്കുന്ന വിശ്വാസികളുടെ സഞ്ചയത്തെ സാദരം അഭിനന്ദനം ചെയ്കയിൽ, നിങ്ങളുടെ നാട്ടിൽ അന്ധകാരത്തിലും മരണനിഴലിലും ഇരിക്കുന്നവരിൽ പലരും, ദൈവമാതാവിന്റെ പരിപാലനത്തിലും നേതൃത്വത്തിലും ദൈവപുത്രന്മാരുടെ സത്യസ്വാതന്ത്ര്യത്തെ താമസിയാതെ അനുഭവിക്കും എന്നുള്ള പ്രത്യാശകൊണ്ടു നാം ആഹ്ളാദഭരിതനാകുന്നു. അനേകാത്മങ്ങളുടെ നിത്യരക്ഷയെ സംബന്ധിച്ചുള്ള ഈ മഹദ്വൃത്തിയിൽ ഉപര്യുപരി ഉത്സാഹിക്കുക; "നാം നമ്മുടെ ഭാഗത്തുനിന്നു, ദൈവത്തിന്റെ കൂടുതൽ മഹിമ നിങ്ങളുടെ പരമോദ്ദേശ്യമായിരിക്കുന്ന നിങ്ങൾക്കായി, അവിടത്തെ സാഹായ്യം അപേക്ഷിച്ചുകൊണ്ട്, വന്ദ്യസഹോദരങ്ങളെ, മഹാജനസഭയിൽ നിങ്ങളോടൊന്നിച്ചിട്ടുള്ള സകലവൈദികന്മാർക്കും അൽമേനികൾക്കും, നമ്മുടെ പൈതൃകസ്നേഹത്തിന്റെയും നന്മനസ്സിന്റേയും വിശ്വാസലക്ഷ്യമായി, അപ്പസ്തോലികാശീർവ്വാദത്തെ സംതൃപ്തിയോടെ പ്രദാനം ചെയ്യുന്നു. റോമ്മായിൽ വി. പത്രോസിന്റെ ദേവാലയത്തിൽനിന്ന് "നമ്മുടെ വാഴ്ചയുടെ ഏഴാം വർഷമായ ൧൯൨൦ ഒക്ടോബർ ൧൭-ാംനു- നൽകപ്പെട്ടതു്.

ഇതിന്റെ ശേഷം നടന്ന ഗ്ലഡിയർ മെത്രാപ്പോലീത്താ തിരുമനസ്സിലേ ദീർഘവും പ്രൗഢവുമായ പ്രോത്ഘാടന പ്രസംഗം ഇതിൽ വേറൊരിടത്തു ചേർത്തിട്ടുണ്ട്. പ്രസംഗം കഴിഞ്ഞു മാർപ്പാപ്പാതിരുമനസ്സിലേക്കും ചക്രവർത്തി തിരുമനസ്സിലേക്കും കോൺഗ്രസ്സിന്റെ വകയായ ഓരോ കമ്പികൾ അയക്കയും, കോൺഗ്രസ്സിലേക്കു വന്നിരുന്ന മംഗളാശംസക്കമ്പികൾ വായിക്കയും ചെയ്തശേഷം ദൈവജനനിയുടെ ഒരു കീർത്തനം പാടി അന്നത്തെ കർമ്മങ്ങൾ അവസാനിപ്പിച്ചു.

രണ്ടാം ദിവസം ബുധനാഴ്ച.
സുറിയാനി റാസ.

കോൺഗ്രസ്സ് ഹാളിലെ ഇന്നത്തെ പ്രഥമ ചടങ്ങു സുറിയാനി റീത്തിലുള്ള സാഘോഷ റാസയായിരുന്നു. രാവിലെ ആറരമണിക്കു റാസ ആരംഭിക്കുമെന്നു വിജ്ഞാപനം ഉണ്ടായിരുന്നതിനാൽ അതിനു വളരെ മുമ്പെതന്നെ കോൺഗ്രസ്സ് പന്തലിലെ ശാലകൾ ജനാവലിയാൽ പരിപൂരിതമായിത്തീർന്നു. കൃത്യം ആറര മണിക്കു കാർമ്മികനായ നി. വ. ദിവ്യശ്രീ കണ്ടത്തിൽ മാർ ആഗസ്തീനോസ് മെത്രാൻ ബ. പട്ടക്കാരുടെ അകമ്പടിയോടുകൂടി പ്ലാറ്റുഫാറത്തിൽ സമാഗതനായി. ഇന്നലെയുണ്ടായിരുന്ന തഞ്ചാവൂരിലെ സലേഷ്യൻ "സംഗീത ബാൻറുകാരുടെ സ്ഥാനത്തു ചങ്ങനാശേരി മിസ്സത്തിൽനിന്നു പ്രത്യേകം വന്നുചേർന്ന സംഗീതകുശലന്മാർ ഫിഡിൽവായന തുടങ്ങി. തിരുമേനി യഥായോഗ്യം സ്ഥാനവസ്ത്രങ്ങൾ അണിഞ്ഞു. അർച്ചുഡീക്കന്റെ സ്ഥാനത്തിൽ ബ. പീടിയേക്കൽ യൗസേപ്പച്ചനും ഇടത്തുവശത്ത് തിരുമേനിയുടെ സിക്രട്ടറി ബ. മത്തായി അച്ചനും, ക. നി. മൂ. സ. ബ. കമീല്ലോസച്ചനും, പുറക്കരിയിൽ ബ. ദേവസ്യാ അച്ചനും കാപ്പ ധരിച്ചു; ആറാം പട്ടക്കാരനായി ബ. മുരിക്കൻ പീലിപ്പോസച്ചനും, അഞ്ചാം പട്ടക്കാരനായി കരിശ്ശുംമൂട്ടിൽ ബ. ചാണ്ടിയച്ചനും, മുരിക്കൽ ബ. തോമ്മാച്ചനും, എണേക്കാട്ടു ബ. യൗസേപ്പച്ചനും ദൽമത്തിയിട്ടും; നാത്തർ തക്സാകളായി കളപ്പുരയ്ക്കൽ പെ. ബ. അന്ത്രയോസു മല്പാനച്ചനും, അലഞ്ചേരിൽ ബ. ഗീവറുഗീസച്ചനും ഇങ്ങനെ മൊത്തത്തിൽ പതിനൊന്നു കാർമ്മികന്മാർ ചേർന്നാണ് "അന്ത പെരിയ ആ കോഴപൂശൈ" നടത്തിയതു്.

## പ്രഥമസമ്മേളനം.

൧൦ മുതൽ ൧൨ മണിവരെ

ഒന്നാം ശാല.

### "പരിശുദ്ധ മറിയവും കത്തോലിക്കാ കുടുംബവും."

കാണ്ടി മെത്രാൻ നി. വ. ദിവ്യശ്രീ ഡോക്ടർ ബീക്ക്മീർ ഒ. എസ്. ബി. തിരുമനസ്സിലെ ആദ്ധ്യക്ഷത്തിലും, ദാമുവാൻ അഡ്മിനിസ്ത്രേറ്റർ മോൺസിഞ്ഞോർ പേറാ അവർകളുടെ ഉപാദ്ധ്യക്ഷത്തിലും കൂടിയ ഈ സമ്മേളനത്തിൽ "കത്തോലിക്കാ കുടുംബം" എന്ന വിഷയത്തെപ്പറ്റിയാണ് പ്രതിപാദിച്ചത്. ആദ്ധ്യാത്മികമായും ലൌകികമായുമുള്ള സമുദായാഭിവൃദ്ധിയ്ക്കു കുടുംബങ്ങൾ അസ്ഥിവാരമായിരിക്കുന്നുവെന്നും, മാതാപിതാക്കന്മാർ ഈ വിഷയത്തിലുള്ള ചുമതലകളെ അവരെ വേണ്ടപോലെ ധരിപ്പിക്കണമെന്നും, ഇതിലേക്കു ഓരോ രൂപതയിലെ മെത്രാന്റെ രക്ഷാധികാരത്തിലും, വികാരിമാരുടെ മേൽനോട്ടത്തിലും ഇടവകതോറും "കുടുംബസഖ്യങ്ങൾ" സ്ഥാപിച്ചു ശരിയായി നടത്തിക്കൊണ്ടുപോകേണ്ട കാര്യത്തിൽ കോൺഗ്രസ്സിൽനിന്നു നിഷ്കർഷ ചെയ്യണമെന്നും മറ്റും ദീർഘമായ ഒരു പ്രസംഗം ചെയ്തുകൊണ്ട് മിസ്റ്റർ കുളന്തസ്വാമിപ്പിള്ള ഇതേപ്പറ്റിയുള്ള പ്രമേയം ഹാജരാക്കി. റവ. ഫാദർ ആക്കറൈറ്റ് എസ്. ജെ. അവർകൾ ഇതേപ്പറ്റി ശക്തിമത്തായി പിന്താങ്ങി ഒരു പ്രസംഗം ചെയ്തു. ഈ വിഷയത്തെതന്നെ വിശദീകരിച്ചുകൊണ്ടു ജെറോം, സി. കുഞ്ഞാ അവർകൾ മിസ്റ്റർ പി. സി. ചിന്നപ്പാപിള്ള ബി. ഏ., മൈലാപ്പൂർ വികാരി ജനറാൾ മോൺസിഞ്ഞോർ ടെക്സേയ്‌രാ, ദിവാൻ ബഹദൂർ സ്വാമിക്കണ്ണുപിള്ള എന്നിവർ സരസമായി പ്രസംഗിക്കയുണ്ടായി. കുടുംബങ്ങളിൽ കത്തോലിക്കാ പ്രസിദ്ധീകരണങ്ങൾ വാങ്ങി വായിക്കുന്നതിന്നു മാതാപിതാക്കന്മാരെ പ്രത്യേകം പ്രോത്സാഹിപ്പിക്കണമെന്നും, അസഭ്യങ്ങളായ ചിത്രങ്ങൾ വീടുകളിൽ നിന്നും നീക്കിക്കളഞ്ഞ്, തൽസ്ഥാനത്തിൽ ഭക്തിജനകങ്ങളായ പടങ്ങൾ വയ്ക്കുന്ന കാര്യത്തിൽ താല്പര്യപ്പെടുത്തണമെന്നും ഒരു ഉപനിശ്ചയമായി മോൺസിഞ്ഞോർ ടെക്സെയിരാ അവർകൾ കൊണ്ടുവരികയും, രണ്ടു നിശ്ചയങ്ങളും ഏകാഭിപ്രായമായി പാസ്സാക്കപ്പെടുകയും ചെയ്തു. അദ്ധ്യക്ഷനവർകളുടെ സരസംപൂർണ്ണമായ പ്രസംഗാവസാനത്തിൽ കുടുംബങ്ങളിലെ തിരുഹൃദയപ്രതിഷ്ഠയെക്കുറിച്ചും ബലമായി പ്രസ്താവിക്കയുണ്ടായി.

രണ്ടാം ശാല.

### "മരിയസഖ്യങ്ങൾ"

ഈ സമയത്തുതന്നെ ത്രിശ്ശിനാപ്പള്ളി മെത്രാനച്ചൻ തിരുമനസ്സുകൊണ്ടു അദ്ധ്യക്ഷനായും സിംലാവികാരി ജനറാൾ പെറി റവ. ഫാദർ ലീയോൺസ് ഉപാദ്ധ്യക്ഷനായും വേറൊരു ശാലയിൽ നടന്ന സമ്മേളനത്തിൽ 'സോഡാലിറ്റികൾ' എന്ന വിഷയത്തെപ്പറ്റിയുള്ള വാദപ്രതിവാദങ്ങൾ നടന്നു. സോഡാലിറ്റികൾ എന്ന ഭക്തസഖ്യങ്ങളുടെ ഉദ്ദേശം അംഗങ്ങളുടെ സ്വന്ത വിശുദ്ധീകരണവും, അന്യർക്കുവേണ്ടിയുള്ള ഭക്തപ്രവൃത്തികളും എന്നു രണ്ടാണെന്നും, വിദ്യാലയങ്ങളിൽ വച്ചു ഈ ഭക്താഭ്യാസത്തിൽ കുട്ടികളെ അഭ്യസിപ്പിക്കേണ്ടതായ ജോലി എത്ര ഫലപ്രദമായി നിർവ്വഹിക്കപ്പെടുമോ അത്രക്കു വിശ്വാസമുള്ള ക്രിസ്ത്യാനികളായി അവർ ഭാവിയിൽ കാണപ്പെടുമെന്നും മറ്റും റവ. ഫാദർ സുള്ളീവാൻ അവർകൾ തീക്ഷ്ണതയോടെ പ്രസംഗിച്ചു. ചില വാദപ്രതിവാദങ്ങളുടെ ശേഷം, എല്ലാ വിദ്യാലയങ്ങളിലും ദൈവജനനിയുടെ ഒരു സോഡാലിറ്റി സ്ഥാപിക്കേണ്ടതാണെന്നും, അതാതിന്റെ നടത്തുകാർ പ്രതിവത്സരം ഏതൽസംബന്ധമായ റിപ്പോർട്ടു സ്ഥലത്തെ മെത്രാനു കൊടുക്കേണ്ടതാണെന്നും രണ്ടു നിശ്ചയങ്ങൾ ഹാജരാക്കപ്പെട്ടു. റവ. ഫാദർ അംബ്രോസി. എസ്. ജെ. ഇതിനെ പിന്താങ്ങി പ്രസംഗിക്കയും, ഏകകണ്ഠമായി അതു പാസ്സാക്കപ്പെടുകയും ചെയ്തു. അനന്തരം അല്മായക പ്രേഷകത്വത്തെക്കുറിച്ചു റവ. ഫാദർ വിൻസന്റു ഒ. സി. അവർകളും, അത്ഭുതസ്വാമി ഉദയാർ ബി. ഏ. എൽ. റ്റി. അവർകളും പ്രായോഗികമായ വിധത്തിൽ പ്രസംഗിക്കയും, തദ്വാദങ്ങളുടെ ശേഷം അതേസംബന്ധിച്ചുള്ള നിശ്ചയങ്ങളും പാസ്സാക്കുകയുമുണ്ടായി. അദ്ധ്യ

ക്ഷപ്രസംഗത്തിൽ, കേവലം മൃതപ്രായങ്ങളായ സോഡാലിററികൾകൊണ്ടു പ്രയോജനമില്ലെന്നും ജീവനുള്ള ഭക്തസഖ്യങ്ങളാണ് വേണ്ടതെന്നും മററും മെത്രാനച്ചൻ പ്രസ്താവിച്ചു.

മൂന്നാം ശാല.

“പരിശുദ്ധ മറിയവും കത്തോലിക്ക പരിശ്രമവും.”

ബോംബേ മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടു അദ്ധ്യക്ഷനും പ്രതിപാദ്യവിഷയം “കത്തോലിക്കാപ്രസ്സും സാഹിത്യവും” എന്നുള്ളതുമായിരുന്നതിനാൽ ഇവിടെ സാമാന്യത്തിൽകവിഞ്ഞ തിക്കും തിരക്കും ഉണ്ടായി. ചൂളപ്പറമ്പിൽ മാർ അലക്സാണ്ഡർ മെത്രാനായിരുന്നു ഉപാദ്ധ്യക്ഷൻ. ഇൻഡ്യൻ കത്തോലിക്ക തത്വപ്രസിദ്ധീകരണങ്ങൾ കത്തോലിക്കരും അകത്തോലിക്കരുമായ ജനങ്ങളുടെ ഇടയിൽ ധാരാളമായി പ്രചരിപ്പിക്കണമെന്നും അതിലേക്കു പ്രാദേശിക സംഘങ്ങൾ ഏർപ്പെടുത്തേണ്ടതാണെന്നും ഒരു നിശ്ചയം ദിവാൻ ബഹദൂർസ്വാമിക്കണ്ണുപിള്ളയവർകൾ സഭാസമക്ഷം ഹാജരാക്കി. റവ. ഫാദർ ലദക്കാം എസ്. ജെ. അവർകൾ ഇംഗ്ലണ്ടിലെ തത്വസമാജപ്രസിദ്ധീകരണങ്ങൾ വഴിയായി സിദ്ധിച്ചു വരുന്ന ഗുണങ്ങളെക്കുറിച്ചു സ്വന്തപരിചയത്തെ അസ്പദമാക്കി പ്രസംഗിച്ചുകൊണ്ടു ഈ നിശ്ചയത്തെ ബലമായി പിന്താങ്ങി. ബോംബെയിൽനിന്നുവന്ന മിസ്റ്റർ പായിസ് ബി. ഏ. എൽ. എൽ. ബിയും ഇതേ സംബന്ധിച്ചു ശക്തിയായി പ്രസംഗിച്ചു. അല്ലഹബാദു വികാരിജനറാൾ വെരി റവ. ഫാദർഫ്രാൻസീസ് അവർകളുടെ കത്തോലിക്കാ സാഹിത്യത്തെപ്പററിയുള്ള പ്രസംഗമാണ് പിന്നീടുണ്ടായത്. കത്തോലിക്കാ പ്രസ്സ് വഴിയായിട്ടുള്ള പ്രേഷകത്വത്തെ വേണ്ടപോലെ ഉപയോഗിച്ചുകൊണ്ടു സത്യസഭയെ ആദരിക്കേണ്ടതിനെപ്പററി ഹൃദയാകർഷകമായ വിധത്തിൽ അദ്ദേഹം പ്രസംഗിച്ചു ഫലിപ്പിച്ചു. റവ. ഫാദർ വെർസ്ട്രേററൻ അവർകൾ, കാത്തലിക്കഹിറാൾഡ് പത്രാധിപർ റവ. ഫാദർ ജിൽ അവർകൾ, റവ. ഫാദർ പഞ്ഞിക്കാരൻ എം. ഏ. അവർകൾ, മിസ്റ്റർ സി ജെ. വക്കി എം ഏ. എന്നിവർ സാരമേറിയ ഈ വിഷയത്തെപ്പററി ഗൗരവമായി പ്രസംഗിക്കയുണ്ടായി. അദ്ധ്യക്ഷൻ അവർകളുടെ ഉപസംഹാരത്തിൽ പത്രപ്രവർത്തനജോലി സംബന്ധിച്ചു അവശ്യജ്ഞേയങ്ങളായ പല സംഗതികൾ പ്രസ്താവിച്ച കൂട്ടത്തിൽ നമ്മുടെ പത്രങ്ങൾ വഴിയായി സത്യം പ്രസ്താവിക്കണമെന്നുള്ളതല്ലാതെ അന്യ മതസ്ഥരെ ആക്ഷേപിക്കണമെന്നുള്ള ഉദ്ദേശം നമുക്കുണ്ടായിരിക്കേണ്ടതല്ലെന്നും മററും ചൂണ്ടിക്കാണിച്ചു സരസമായി ദീർഘനേരം പ്രസംഗിച്ചു.

നാലാം ശാല.

“ദൈവജനനിയും അകത്തോലിക്കരും.”

ഡലഗാദപ്പസ്തോലിക്കാ തിരുമനസ്സിലെ ആദ്ധ്യക്ഷത്തിലും മദ്രാസ് മെത്രാപ്പോലീത്താ തിരുമനസ്സിലെ ഉപാദ്ധ്യക്ഷത്തിലും നടന്ന ഈ സമ്മേളനത്തിൽ അകത്തോലിക്കരുടെ മാനസാന്തരത്തെപ്പററി ദീർഘമായ വാദപ്രതിവാദങ്ങൾ നടന്നു. പ്രധാന പ്രാസംഗികൻ ആർ. എം. സിൽവാ അവർകളായിരുന്നു. ഇന്ത്യയിലെ അധഃകൃതരായ ആദിമ നിവാസികളുടെ മാനസാന്തരാർത്ഥം ഫലസിദ്ധിയോടെ ശ്രമിക്കുന്നതിലേക്കു വേണ്ട വ്യവസ്ഥകൾ ഉടനടി ചെയ്യേണ്ടതാണെന്നും ഏതദ്ദേശീയ മിഷ്യനറിമാരെ ഇതിലേക്കു കൂടുതലായി ഉപയോഗപ്പെടുത്തേണ്ടതാണെന്നും, കത്തോലിക്ക കുടുംബങ്ങളിൽനിന്നും വിദ്യാലയങ്ങളിൽ നിന്നുംഇതിലേക്കു ചെറിയ തുകകൾ പിരച്ചെടുക്കണമെന്നും, ഇൻഡ്യൻ വൈദികാദ്ധ്യക്ഷസംഘം ഏതദ്ദേശീയമായിത്തീരേണ്ടതാണെന്നുംമററും പ്രസംഗിച്ചു. കുംഭകോണത്തുനിന്നും വന്നിരുന്ന ജ്ഞാനമുത്തു അവർകൾ, റവ. ഫാദർ പെസ്സോനി എന്നിവർ ഇതിനെ പിന്താങ്ങിയും കൂടുതൽ മാർഗ്ഗങ്ങളെ ചൂണ്ടിക്കാണിച്ചും സഭയിൽ വാദിച്ചു. നിശ്ചയത്തിൽ കാണുന്ന സംഗതികൾ എല്ലാം നടപ്പിൽ വരാൻ കുറെ പ്രയാസം നേരിട്ടേക്കാമെങ്കിലും നന്മനസ്സോടുകൂടിയ ശ്രമംകൊണ്ടു എല്ലാം സാധിച്ചുവരുമെന്നു മദ്രാസ് മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടു പ്രസ്താവിക്കയുണ്ടായി. ഇൻഡ്യൻ ജനതതിയുടെ മാനസാന്തരോദ്ദേശ്യസാദ്ധ്യത്തിനായി വേണ്ടിവന്നാൽ ഏതദ്ദേശ്യ വൈദികാദ്ധ്യക്ഷ പദത്തിന്നു പോലും ആർക്കും വിസമ്മതമുണ്ടാകയില്ലെന്നും മററുമുള്ള പ്രസ്താവനയോടുകൂടി അദ്ധ്യക്ഷനാ

യ ഡലഗാദപ്പ്രസ്തോലിക്കാ തിരുമനസ്സുകൊണ്ടു സംഘ നടപടികൾ അവസാനിപ്പിച്ചു.

### പ്രദൎശനം.

ഇന്നു കാലത്തു എട്ടര മണിക്കു ഡലഗാദപ്പ്രസ്തോലിക്കാ തിരുമനസ്സുകൊണ്ടു പല മെത്രാന്മാരുടെയും അനവധി പട്ടക്കാരുടേയും ജനങ്ങളുടെയും സാന്നിദ്ധ്യത്തിൽ, പ്രെസെന്റേഷൻ കൊവേന്തയിൽ തയാർ ചെയ്തിരുന്ന കോൺഗ്രസ്സു സംബന്ധിച്ചുള്ള പ്രദൎശനത്തിന്റെ ഉദ്ഘാടനകൎമ്മം നടത്തി. കുബ്ബാനക്കുപ്പായങ്ങൾ, പല തരത്തിലുള്ള തയ്യൽവേലകൾ, ഛായാപടങ്ങൾ, പുസ്തകങ്ങൾ ആദിയായി ക്രിസ്തീയകരകൌശലവിശേഷത്തെ പ്രദൎശിപ്പിക്കുന്ന വിവിധ സാമാനങ്ങൾ അവിടെ സജ്ജീകരിക്കപ്പെട്ടിരുന്ന കൂട്ടത്തിൽ മലയാളത്തിലുള്ള ഏകമരിയ മാസികയായ നമ്മുടെ "കൎമ്മെലകുസുമ"ത്തിന്റെ അതിവിചിത്രമായ തങ്കവേലകളോടുകൂടിയ ഒരു പുസ്തകവും, വേറെ ഏതാനും ലക്കങ്ങളും അവിടെ കാണപ്പെടുകയുണ്ടായെന്നുള്ളതു അഭിമാനസമേതം പ്രസ്താവിച്ചുകൊള്ളുന്നു. ബുധൻ, വ്യാഴം, വെള്ളി ഈ ദിവസങ്ങളിൽ കാലത്തു ൭ മണിമുതൽ ഉച്ചതിരിഞ്ഞു ൬ മണിവരെ ഇവിടെ ആൎക്കും പ്രതിഫലം കൂടാതെ പ്രവേശം ഉണ്ടായിരുന്നു. ചെല്ലുന്നവരെയെല്ലാം സാദരം കൈക്കൊണ്ടു സാമാനങ്ങൾ കാണിച്ചുകൊടുക്കുന്നതിനു കന്യാസ്ത്രീകൾ സദാ തയാറുണ്ടു. കന്യകാമഠങ്ങളുടെ കൈവേലകളാണ് അധികമായി ഇവിടെ പ്രത്യക്ഷപ്പെട്ടതു്. മൈലാപ്പൂർ പ്രൻസീസ്കൻ കന്യകാമഠംകാരുടെ സാമാനങ്ങൾ ഈ ശേഖരത്തിൽ പ്രത്യേകം പ്രസ്താവയോഗ്യമായിരിക്കുന്നു. പുസ്തകങ്ങളുടെ കൂട്ടത്തിൽ ൧൫൭൮-ൽ അച്ചടിച്ച ഒരു പഴയ ഗ്രന്ഥവുമുണ്ടായിരുന്നു.

### ദ്വിതീയസമ്മേളനം.

ഉച്ചതിരിഞ്ഞു ൨ മണി മുതൽ ൪ മണിവരെ

ഒന്നാം ശാല.

"വിദ്യാലയങ്ങളിലെ സന്മാൎഗ്ഗാഭ്യസനം."

ഉച്ചകഴിഞ്ഞു രണ്ടു മണിക്കു എല്ലാ ശാലകളിലും വീണ്ടും യോഗമാരംഭിച്ചു. ഓരോ ശാലയിലും കൂടിയ വലിയ ജനസംഖ്യ പ്രഥമസമ്മേളനത്തിന്റെ വിജയത്തെ സൂചിപ്പിച്ചു. ഒന്നാംഹാളിൽ വരാപ്പുഴ മെത്രാപ്പോലീത്താ ഡാക്ടർ ഏഞ്ചൽമേരി തിരുമനസ്സിലെ അദ്ധ്യക്ഷതയിലും ട്രിൻകോമാലി മെത്രാൻ ഡാക്ടർ റോബിഷേസ് എസ്. ജെ. തിരുമനസ്സിലെ ഉപാദ്ധ്യക്ഷതയിലും നടപടി തുടങ്ങി. വിദ്യാലയങ്ങളിലെ സന്മാൎഗ്ഗാഭ്യാസമാണ് പ്രതിപാദനത്തിനെടുത്തതു്. ഈ വിഷയത്തിൽ ഒരു വിദഗ്ദ്ധനെന്നു സകാരണം പ്രസ്താവിക്കാവുന്ന ഫാദർ ടെക്ക്സെയിരാ സന്മാൎഗ്ഗാഭ്യാസത്തിന്റെ ആവശ്യകതയെ യോഗസമക്ഷം പ്രത്യക്ഷപ്പെടുത്തി. കത്തോലിക്കവിദ്യാൎത്ഥികൾക്കു സന്മാൎഗ്ഗസങ്കല്പം മതാഭ്യാസംമൂലംകൊടുക്കേണ്ടതാണെന്നും പതിവുള്ള വേദോപദേശപഠനംകൊണ്ടു മതിയാകാത്ത അവസരങ്ങളിൽ സന്മാൎഗ്ഗപ്രബോധകങ്ങളായ മററുപുസ്തകങ്ങൾ പഠിപ്പിച്ചാൽ മതിയെന്നുമുള്ള അഭിപ്രായവ്യത്യാസത്തെ അസ്പദമാക്കി ഫാദർ വെസ്സ്യൂർട്ടൻ പ്രസംഗിച്ചു. ഫാദർ ടെക്ക്സെയിരായുടെ അഭിപ്രായത്തെ ഫാദർ ഹ്യൂയിസ്മാൻ പിന്താങ്ങി. ഏതായാലും വിദ്യാലയങ്ങളിലെ സന്മാൎഗ്ഗശാസ്ത്രപഠനവിഷയത്തിൽ പ്രവൎത്തനരീതി എന്താണെന്നുള്ളതു പരിശുദ്ധസിംഹാസനത്തിന്റെ ആജ്ഞയെ ആശ്രയിച്ചിരിക്കണമെന്നുള്ള ഭേദഗതിയോടുകൂടി പ്രമേയവും ഫാദർ വെസ്സ്യോർട്ടന്റെ അഭിപ്രായവ്യത്യാസവും യോഗം സ്വീകരിച്ചു.

രണ്ടാം ശാല.

"മരിയസഖ്യങ്ങളുടെ സംയോജനം."

ഇവിടത്തെ അദ്ധ്യക്ഷപദം അലങ്കരിച്ചതു എറണാകുളം വികാരി അപ്പസ്തോലിക്കാ ഡോക്ടർ കണ്ടത്തിൽ തിരുമേനിയായിരുന്നു. മേല്പറഞ്ഞ വിഷയത്തെപ്പററി റവ. ഫാദർ ഓൺസ്റ്റർ കേമമായ ഒരുപന്യാസം വായിച്ചു ഒരു പ്രമേയം ഹാജരാക്കി. ഫാദർ അംബ്രൂസ്സി എസ്സ്. ജെ. ആഗ്രഹിതമായ സംയോജനത്തെ അഭിനന്ദിച്ചുവെങ്കിലും ഇതിനാലുണ്ടാകാവുന്ന പ്രയാസങ്ങളെ വിസ്തരിച്ചു പ്രസംഗിച്ചു. ഫാദർ ലക്കോം എസ്. ജെ. യെ ആ ചുമതല ഏല്പിച്ചാൽ അദ്ദേഹം നിഷ്പ്രയാസം അതു സാധിക്കുമെന്നു മിസ്റ്റർ മരിയദാസ് നിൎദ്ദേശിച്ചു. മാനസ്സാന്തരവേല ഊൎജ്ജിതമായി നടത്തുന്നതിനും തന്മൂലം സഭ അഭിവൃദ്ധി പ്രാപിക്കുന്നതിനും മരിയസഖ്യസംയോജനം വളരെ ഉപകരിക്കുന്നതാകകൊണ്ടു പ്രമേ

യം സർവ്വസമ്മതമായി പാസ്സാക്കേണ്ടതാണെന്നു അദ്ധ്യക്ഷൻ തിരുമേനി ശ്രദ്ധേയമായിരുന്ന ഒരു പ്രസംഗത്തിൽ അഭിപ്രായപ്പെട്ടു. ഒരു പ്രോവിൻഷ്യൽ ഫെഡറൽ കൌൺസിൽ തൃശ്ശിനാപ്പള്ളിയിൽ സ്ഥാപിച്ചു ഉദ്ദേശസിദ്ധിക്കുവേണ്ടി പരിശ്രമിക്കേണ്ടതാണെന്നുള്ള ഭേദഗതിയോടുകൂടി ഫാദർ ഒൺസ്റ്റന്റെ പ്രമേയം ഐകകണ്ഠ്യേന പാസ്സായി.

മൂന്നാം ശാല.

“വേദോപദേശികളുടെ പരിശീലനവും ദൈവവിളിപ്പും.”

എന്നവിഷയങ്ങളെപ്പററി കൊളമ്പുമെത്രാപ്പോലീത്താതിരുമനസ്സിലെ ആദ്ധ്യക്ഷത്തിലും ലാഹോർമെത്രാൻതിരുമനസ്സിലെ ഉപാദ്ധ്യക്ഷത്തിലും മൂന്നാം ശാലയിൽ ആലോചന നടന്നു. സുശിക്ഷിതനായ ഒരു മതോപദേഷ്ടാവിനുണ്ടായിരിക്കേണ്ട ഗുണങ്ങളേയും പ്രസ്തുത ഗുണങ്ങൾ സമ്പാദിക്കാനുള്ള സമ്പ്രദായത്തെയും ചൂണ്ടിക്കാണിച്ചു ഫാദർ ഗാവൻഡഫി തയ്യാറാക്കിയ പ്രസംഗം അദ്ദേഹത്തിനുവേണ്ടി ഫാദർ സുള്ളിവാൻ വായിച്ചു. ഇതിനെ തുടർന്നു ഫാദർ ഡഫി സ്വതസ്സിദ്ധമായ വാക്പാടവത്തോടുകൂടി മതോപദേഷ്ടാക്കളുമായുള്ള തന്റെ അനുഭവത്തേയും, അവർക്കുവേണ്ടി ധനശേഖരം ചെയ്യുന്നതിൽ താൻ സഹിച്ച ക്ലേശങ്ങളേയും ഹൃദയസ്പൃക്കായി വിവരിച്ചു് മതോപദേഷ്ടാക്കളുടെ വകയായി സംഘടിതമായ ഒരു യോഗം ആവശ്യമാണെന്നുള്ള പ്രമേയത്തെ ഹാജരാക്കി. ഫാദർ ലനീഗാൻ, ഫാദർ പഞ്ഞാനി എന്നിവർ പിൻതാങ്ങിയ ഈ പ്രമേയം നിഷ്പ്രയാസം പാസ്സായി. വൈദികാന്തസ്സിലേക്കുള്ള കുട്ടികളുടെ ദൈവവിളിയെ പുലർത്തിക്കൊണ്ടുപോകുന്നതിൽ മാതാപിതാക്കന്മാർക്കും അദ്ധ്യാപകന്മാരാദിയായവർക്കുമുള്ള ചുമതലയെ ലക്ഷ്യമാക്കി റവ. ഫാദർ ഗെറയോൻ ഒ. സി. ഡി. ഫാദർ ജെ. റെബെയിരോ എന്നവർ പ്രസംഗിക്കയും തൽസംബന്ധമായ നിശ്ചയങ്ങളും പാസ്സാക്കപ്പെടുകയും ചെയ്തു.

നാലാം ശാല.

“സെമ്മിനാരികൾ; സന്യാസസഭകൾ.”

ഇവിടത്തെ അദ്ധ്യക്ഷൻ മംഗലാപുരം ബിഷോപ്പു് ഡാക്ടർ പെരീനി തിരുമനസ്സുകൊണ്ടും ഉപാദ്ധ്യക്ഷൻ തൃശ്ശൂരിലെ അഡ്മിനിസ്ട്രേറററും ആയിരുന്നു. വിഷയം അതിഗഹനം. ഇന്ത്യൻ ചിന്താപദ്ധതിയുമായി നമ്മുടെ വൈദികർ പരിചയപ്പെടാതിരിക്കുന്നതു് മതാഭിവൃദ്ധിക്കു് ന്യൂനതയാണെന്നും ആകയാൽ സെമ്മിനാരികളിൽ ഇന്ത്യൻ തത്വശാസ്ത്രവിഷയങ്ങൾ കൂടി പാഠ്യമാക്കേണമെന്നും മററും ഗൌരവം കൂടിയ കാര്യങ്ങളെ ക്രോഡീകരിച്ചു് കർസെയോങ്ങ് സെമ്മിനാരിയിലെ ഇന്ത്യൻ തത്വശാസ്ത്രപണ്ഡിതനും സുസമ്മതനായ സംസ്കൃതപണ്ഡിതനുമായ ഫാദർ ഡാൻഡോയി എസ്. ജെ. എഴുതിയ പ്രസംഗം അദ്ദേഹത്തിനുവേണ്ടി കൽക്കട്ടായിലെ “കാത്തോലിക്കഹെറാൾഡ്” എന്ന പ്രസിദ്ധ പത്രത്തിന്റെ അധിപർ ഫാദർ ജിൽ എസ്. ജെ. വായിച്ചു. “തത്വശാസ്ത്രം ഇന്ത്യൻ ചിന്താപദ്ധതിയെ അടിസ്ഥാനമാക്കി പൂർവ്വാധികമായ ശ്രദ്ധയോടുകൂടി നമ്മുടെ സെമ്മിനാരികളിൽ പഠിപ്പിക്കണം” എന്നു ഒരു ഭേദഗതി ഫാദർ ഡാൻഡോയിയുടെ പ്രമേയത്തിൽ വരുത്തി മംഗലപുരത്തെ ഫാദർ പ്രൂലിപ്പിയെ എസ്. ജെ. പ്രസ്താവിക്കുകയും ഫാദർ വിക്ടോറീനസ് സി. ഡി. പിൻതാങ്ങുകയും അതു് സർവ്വസമ്മതമായി പാസ്സാക്കപ്പെടുകയും ചെയ്തു. “കത്തോലിക്കസന്യാസസമ്പ്രദായം” ഇന്ത്യൻദേശസ്ഥിതിക്കു് അനുസരിച്ചു ഭേദപ്പെടുത്തണമെന്നുള്ളതായിരുന്നു പിന്നത്തെ പ്രമേയം. പ്രമേയകർത്താവായ ഫാദർ തോമ്മാസ് കത്തോലിക്ക മതാഭിവൃദ്ധി ഈ ഭേദഗതിയെ ആശ്രയിച്ചിരിക്കുന്നുവെന്നും ദിനോബിലി, ബെസ്കി മുതലായവരുടെ സമ്പ്രദായമാണു് അനുകരിക്കേണ്ടതെന്നും ഉപാദ്ധ്യായബ്രഹ്മബന്ധൻ ക്രിസ്തുമതം സ്വീകരിച്ചശേഷവും ഒരു ബ്രാഹ്മണസന്യാസിയെപ്പോലെ ജീവിച്ചതുമൂലം അനേകം ഹിന്ദുക്കൾ ക്രിസ്ത്യാനികളാകുന്നതിനു സംഗതിവന്നുവെന്നും മററും വളരെ ശക്തിയായി പ്രസംഗിച്ചു. മിസ്റ്റർ വി. മഹാദേവയ്യർ ഈ പ്രമേയത്തെ എതിർത്തുവെന്നുള്ളതു് പ്രസ്താവ്യമാണു്. ഫാദർ ക്ലീൻ ഷിനീഡർ കേരളത്തിലെ കർമ്മലീത്താസുറിയാനിസഭയുടെ അഭിവൃദ്ധിയേയും അതുമൂലം സഭയ്ക്കുണ്ടായിട്ടുള്ള നാനാവിധ ഗുണങ്ങളെയും പററി പ്രശംസിച്ചു പ്രസ്താവിച്ചു പ്രമേയത്തെ പിൻതാങ്ങി. പ്രമേയം പാസ്സാക്കപ്പെട്ടു. അദ്ധ്യക്ഷൻ ഡാക്ടർ പെരീനി തിരുമനസ്സുകൊണ്ടു ഉപസംഹാരത്തിൽ കർമ്മലീത്താസഭയുടെ ദൃഷ്ടാന്തത്തെ ഉദാഹരിച്ചു ഇന്ത്യ

ൻ ദേശസ്ഥിതിക്കനുസരണമായി സന്ന്യാസസഭാസ്ഥാപനം ആശാസ്യമാണെന്നും എങ്കിലും ഇന്ത്യൻ ചിന്താപദ്ധതിയെപ്പററിയും സന്ന്യാസ സമ്പ്രദായത്തെപ്പററിയുമുള്ള പ്രമേയങ്ങൾ പ്രവൃത്തിയിൽ വരുത്താൻ പ്രയാസമാണെന്നും മററും യുക്തമായി പ്രസംഗിച്ചു. അഞ്ചു മണിക്കശേഷം ചതുഷ്കോണത്തിലെ പ്ലാററുഫാറത്തിൽ വിശുദ്ധ കുർബാനയുടെ ആശീർവ്വാദവും ഒരു ഇംഗ്ലീഷ് പ്രസംഗവും കോട്ടയം വി. അ. ഡാക്ടർ ചൂളപ്പറമ്പിൽ തിരുമേനി നടത്തി. അശ്രുതപൂർവ്വമായ 'ആശീർവ്വാദ' ഗാനങ്ങൾ അതിൽ സംബന്ധിച്ച ആയിരത്തിൽപ്പരം ആളുകളിൽ മഹാ ഭൂരിപക്ഷത്തിനും അത്ഭുതത്തെയും അപൂർവ്വജ്ഞാനമായ ഭക്തിയേയും ഉളവാക്കിയെന്നു വിശേഷിച്ചു പറയേണ്ടതില്ല. തിരുമേനി പഴയ നിയമത്തിലെ പല സംഭവങ്ങളെ ഉദ്ധരിച്ചു പരിശുദ്ധ ദൈവജനനിയുടെ ശ്രേഷ്ഠ്യത്തെ ശക്തിയോടുകൂടി തെളിയിച്ചു ചെയ്തു ഇംഗ്ലീഷ്പ്രസംഗം ശ്രോതാക്കളുടെ അഭിനന്ദനത്തിനു വിഷയീഭവിച്ചുയെന്നുള്ളതു് അഭിമാനപൂർവ്വം പ്രസ്താവിക്കേണ്ടതുണ്ടു്.

### വിവിധ ചടങ്ങുകൾ.

ഇന്നു അർമ്മേനിയൻ സ്റ്റ്റീട്ടിലെ സൊഡാലിററി അംഗങ്ങളുടെ ഒരു സമ്മേളനം വൈകുന്നേരം നടന്നു. കാണ്ടിമെത്രാൻ ഡോക്ടർ ബിക്കമെയർ ഒ. എസ്. ബി. തിരുമനസ്സുകൊണ്ടു ജ്ഞാനപ്രദമായ ഒരു ദീർഘപ്രസംഗം ഇംഗ്ലീഷിൽ ചെയ്തു. പുതുപ്പേട്ടയിൽ പണിയുന്നതിനു നിശ്ചയിച്ചിട്ടുള്ള 'അന്തോനിയാർ കോവിൽ' ശിലാസ്ഥാപനം അ. ഉ. ദലഗാദപ്പസ്തോലിക്കാ തിരുമേനി സാഘോഷം നടത്തി. തിരുമേനിയുടെ പ്രസംഗം സുദീർഘവും സാരസംപൂർണ്ണവുമായിരുന്നു. കൊളൊമ്പോ സെൻറുജോസഫ്സ് കോളജ് പ്രിൻസിപ്പാൾ ഫാദർ ലെഗോക്ക് എം. ഏ. പി. എച്ച്. ഡി. അകത്തോലിക്കരെ ഉദ്ദേശിച്ചു വൈ. എം. സി. ഹാളിൽ ഒരു മായാദീപപ്രസംഗം നടത്തി. ലൂർദ്ദിലെ 'പ്രത്യക്ഷീകരണം' ആധാരമാക്കി ഒരു പ്രൌഢമായ പ്രസംഗവും അവിടെ നടക്കുന്ന അത്ഭുതങ്ങൾ സംബന്ധിച്ച ചിത്രപ്രദർശനവുമായിരുന്നു പ്രധാന ചടങ്ങുകൾ. പ്രദർശനമദ്ധ്യേ ദൈവമാതാവിനെ സ്തുതിച്ചു രണ്ടു ഗീതങ്ങൾ പാടുകയുണ്ടായെന്നും കത്തോലിക്കരോടു ഒട്ടും അനുഭാവമില്ലാത്ത വൈ. എം. സി. ഏ. യുടെ ചരിത്രത്തിൽ ഇങ്ങനെ ഒരു ഗാനം അഭൂതപൂർവ്വമാണെന്നു പ്രത്യേകം ഓർക്കേണ്ടതാണ്.

### മൂന്നാം ദിവസം വ്യാഴാഴ്ച.

#### സുറിയാനി സ്കപസ്സുകുർബ്ബാന.

ഇന്നത്തെ പ്രഥമകർമ്മവും സുറിയാനി റീത്തിൽ തന്നെ ആയിരുന്നു. നി. വ. ദിവ്യശ്രീ കോട്ടയം വി. അ. ചൂളപ്പറമ്പിൽ അലക്സാണ്ടർ മെത്രാൻ തിരുമേനി മേല്പട്ടക്കാരനുള്ള സ്ഥാനവസ്ത്രങ്ങൾ അണിഞ്ഞു. കോൺഗ്രസ് ഹാളിലെ ചതുഷ്കോണത്തിൽ കുർബാന സമാരംഭിക്കുന്നതിനു മുമ്പായി ശാലകൾ നാലും ജനാവലിയാൽ നിബിഡീകൃതമായി. ഇന്നലത്തെ റാസ സുറിയാനിറീത്തിനെപ്പററിയുള്ള ആദരവു വർദ്ധിപ്പിച്ചുവെന്നു തീർച്ചതന്നെ. വന്ദ്യദിവ്യശ്രീ അന്ത്രയോസുകത്തനാർതന്നെ ഇന്നും (Master of Ceremonies) ശുശ്രൂഷാ സംശോധകനായി പരിലസിച്ചു. ദിവ്യശ്രീമാന്മാരായ കലേക്കാട്ടിൽ തോമാസ് കത്തനാർ, മാക്കീൽ ജോസഫ് കത്തനാർ, പഴംപറമ്പിൽ ജോസഫ് കത്തനാർ വളവനാട്ടു പത്രോസ് കത്തനാർ തുടങ്ങി ആറു വൈദികർ കാപ്പ ദർമത്തി ഇവ അണിഞ്ഞു കുർബാനയിൽ സഹായിച്ചു. കുർബാന അത്യന്തം വളരെ ഹൃദ്യവും ഭക്തിസംവർദ്ധകവുമായിരുന്നെന്നും, ഹിമാലയം മുതൽ കന്യാകുമാരിവരെയുള്ള ദേശങ്ങളിലെ പ്രതിനിധികളായി കൂടിയിരുന്ന അയ്യായിരത്തിൽപ്പരം ജനങ്ങളിൽ ഒരുവൻപോലുംസുറിയാനിറീത്തിൻെറ മാഹാത്മ്യത്തേയും ഹൃദയാകർഷതയേയും അഭിനന്ദിക്കാതിരുന്നില്ലെന്നും കാർമ്മികനായ തിരുമേനിയും വൈദികരും അൽമേനികളും ഒന്നുചേർന്ന ഗായകസംഘവും പാട്ടിൻെറ കോട്ടമില്ലാത്ത മട്ടുകൊണ്ടു് സകലരുടെയും അഭിനന്ദനത്തിനർഹരായിത്തീന്നു എന്നും മാത്രമേ ചുരുക്കത്തിൽ ഇവിടെ പ്രസ്താവിക്കേണ്ടതുള്ളു.

### തൃതീയ സമ്മേളനം.

൧൦ മുതൽ ൧൨ മണിവരെ.

ഒന്നാം ശാല.

"കുട്ടികളും കത്തോലിക്ക് വിദ്യാഭ്യാസവും"

ഇന്നു പത്തുമണിക്കു ശാലതോറും മുറയ്ക്കു് സമ്മേളനം ആരംഭിച്ചു. ഒന്നാംശാല

യിലെ യോഗം കാൎയ്യപരിപാടിയനുസരിച്ചു ദലഗാദപ്പസ്തോലിക്കാ തിരുമേനിയുടെ അദ്ധ്യക്ഷതയിൽ ആരംഭിക്കേണ്ടതായിരുന്നു. തിരുമേനി യഥാകാലം വന്നുചേരാതിരുന്നതിനാൽ ബോംബായി മെത്രാപ്പോലീത്താ ഡാക്ടർ ഗ്രൂഡിയർ തിരുമനസ്സുകൊണ്ടു് ആദ്ധ്യക്ഷം സ്വീകരിച്ചു. മററു ഏഴു മെത്രാന്മാരും ഒട്ടധികം പട്ടക്കാരും ധാരാളം അൽമേനികളും ഹാജരുണ്ടായിരുന്ന ഈ ശാലയിലാണു് ഇന്നത്തെ സമ്മേളനത്തിലെ 'കാതൽ' എന്നുപറയാം. കത്തോലിക്കപ്രാഥമിക വിദ്യാഭ്യാസമായിരുന്നു ഒന്നാമത്തെപ്രതിപാദ്യവിഷയം. അകത്തോലിക്കർനടത്തുന്നവിദ്യാഭ്യാസംകൊണ്ടു നമ്മുടെ മതത്തിനുണ്ടാകുന്ന ദോഷങ്ങളെ പരിഹരിക്കാനും കത്തോലിക്കാ വിദ്യാഭ്യാസത്തെ അഭിവൃദ്ധിപ്പെടുത്താനുംവേണ്ടി മിസ്സംതോറും വിദ്യാഭ്യാസകമ്മട്ടികൾ ഏപ്പെടുത്തണമെന്നും പ്രസ്തുത കമ്മട്ടികൾ മെത്രാന്റെ അധീനതയിലിരിക്കണമെന്നും വിദ്യാഭ്യാസത്തിനുവേണ്ടി ധനശേഖരം ചെയ്യുന്നതിനും അവൎക്കധികാരം ഉണ്ടായിരിക്കണമെന്നുമുള്ള പ്രമേയത്തെ ഫാദർ ഗാവൻ ഡഫി ഹാജരാക്കാൻ നിശ്ചയിച്ചിരുന്നു. ഈ പ്രമേയത്തെപ്പററി പ്രസംഗിക്കയിൽ ഫാദർ ഡഫി അതിരുകവിഞ്ഞു വിഷയാന്തരങ്ങളിൽസഞ്ചരിച്ചു ഒരു ഇന്ത്യൻ കത്തോലിക്കാ വിദ്യാഭ്യാസ സംഘം സ്ഥാപിക്കേണ്ടതാണെന്നു പ്രസ്താവിച്ചു. ഫാദർ അമലോത്ഭവം ബി. ഏ. എസ്. ജെ. ഫാദർ ഡഫിയെ പിൻതാങ്ങി. ഇതിനെത്തുടൎന്നു പ്രചണ്ഡമായ വാദപ്രതിവാദമുണ്ടായി. ഇതിനിടക്കു അദ്ധ്യക്ഷൻ ഡാക്ടർ പിസാനി തിരുമനസ്സുകൊണ്ടു് ശാലയിൽ ഹാജരായി ഡാക്ടർ ഗ്രൂഡിയർ അവൎകളെ സ്വതന്ത്രനാക്കി. അനന്തരം ദ്വിതീയ വിഷയത്തിലേക്കു കടന്നു. മിസ്സംതോറും ദേശസ്ഥിതിയനുസരിച്ചു കത്തോലിക്കരുടെയിടയിൽ ഉൽകൃഷ്ടവിദ്യാഭ്യാസവും സാങ്കേതിക വിദ്യാഭ്യാസവുംവൎദ്ധിപ്പിക്കുന്നതിനും കത്തോലിക്കാ വിദ്യാൎത്ഥികൾ അധിവസിക്കുന്ന മന്ദിരങ്ങൾ സന്ദൎശിക്കുന്നതിനും വിദ്യാഭ്യാസനിധികൾ ശേഖരിക്കുന്നതിനും വ്യവസ്ഥ ചെയ്യേണ്ടതാണെന്നുള്ള പ്രമേയത്തെ ഒരു സരസഗംഭീരമായ പ്രസംഗത്താൽ മിസ്റ്റർ അറിമാനന്താ ബി. ഏ. ഹാജരാക്കി. ഈ പ്രമേയത്തെ ശക്തിമത്തായ ഒരു ചെറുപ്രസംഗത്താൽ ഫാദർ ജി. ജെ. സൈമൺ എസ്. ജെ. പിൻതാങ്ങി. മംഗലാപുരം മെത്രാനും ഈ ആശയത്തെ അനുകൂലിച്ചു പ്രസംഗിച്ചു. ഈ പ്രമേയം സൎവ്വസമ്മതമായി പാസ്സായി. ഈ ശാലയിലെ മൂന്നാമത്തെ വിഷയവും സാരവത്തായിരുന്നു. കത്തോലിക്കാ പെൺകുട്ടികളെ കത്തോലിക്കാ വിദ്യാലയങ്ങളിൽതന്നെ അയക്കണം. കത്തോലിക്കാ വിദ്യാൎത്ഥികളുടെ സദാചാരപരിപാലനത്തിനായി വ്യവസ്ഥചെയ്യണം. കത്തോലിക്കാ വിദ്യാൎത്ഥിനികൾക്കു ഉൽകൃഷ്ടവിദ്യാഭ്യാസത്തിനായി വേതനങ്ങൾ നൽകേണം. പശ്ചിമതീരങ്ങളിൽ പ്രത്യേകിച്ചു് കൂടുതൽ പെൺപള്ളിക്കൂടങ്ങൾ സ്ഥാപിക്കണം. എന്നീ ആവശ്യങ്ങളെ പുരസ്കരിച്ചു മിസ്സ് ജോസഫ് തെങ്ങുംമൂട്ടിൽ എം. ഏ. സരസമായി പ്രസംഗിച്ചു ഒരു പ്രമേയത്തെ ഹാജരാക്കി. മിസ്സ് ഗന്തർ ബി. ഏ. ഈ പ്രമേയത്തെ പിൻതാങ്ങി. മിസ്റ്റർ ഫിലിപ്പ്സ് എം. ഏ., എൽ. ററി. ദിവാൻ ബഹദൂർ സ്വാമിക്കണ്ണുപിള്ള എം. ഏ., എൽ. എൽ. ബി. ഇവർ അനുകൂലിച്ചു പ്രസംഗിക്കയാൽ ഈ പ്രമേയം പാസ്സായി. അദ്ധ്യക്ഷന്റെ ആവശ്യപ്രകാരം ഡാക്ടർ ഗ്രൂഡിയർ സരസമായ ഒരു പ്രസംഗം ചെയ്തു. ഫാദർ ഡഫിയുടെ സൎവ്വേന്ത്യാ വിദ്യാഭ്യാസസംഘം സുസാദ്ധ്യമല്ലെന്നു സമൎത്ഥിച്ചും മിസ്സ് ജോസഫ് മുതലായ പ്രസംഗകൎത്രികളുടെ ആശയങ്ങളെ അഭിനന്ദിച്ചും സഭാവാസികളെ സന്തോഷിപ്പിച്ചു. അദ്ധ്യക്ഷൻ ഉപസംഹാരമായി പാസ്സായ നിശ്ചയങ്ങൾ അനുവൎത്തിക്കുന്നതിൽ സകലരും ഉത്സാഹിക്കണമെന്നുപദേശിച്ചു.

### രണ്ടാം ശാല.

"മരിയഭക്തി; അപ്പസ്തോലാത്തുസ് സഭ; ധ്യാനം."

ഇവിടെ മരിയഭക്തിയെപ്പററിയുള്ള നിശ്ചയം പ്രഥമമായി നടന്നു. അദ്ധ്യക്ഷൻ മൈലാപ്പൂർ മെത്രാൻ ആയിരുന്നു. ദൈവജനനിയുടെ നേൎക്കുള്ള ഭക്തി സൎവ്വത്ര പ്രചരിപ്പിച്ചു തന്മൂലം ഭാരതഭൂമി ക്രിസ്തുവിൻപക്കലേക്കാകൎഷിക്കേണ്ടതാണെന്നുള്ള പ്രമേയം ഫാദർ മരിയാനന്ദൻ ഹാജരാക്കി. ഊൎജ്ജസ്വലമായ ഒരു വാചാലപ്രസംഗത്താൽ റവ ഫാദർ കാളാച്ചേരി പി. എച്ച്. ഡി. ഡി. ഡി. ഇതിനെപിൻതാങ്ങുകയുംകേരളത്തിലെ അകത്തോലിക്കരുടെയിടയിൽ ഇപ്പോഴും കാണപ്പെടുന്ന മരിയഭക്തിയെ ഉദാഹരിച്ചു മി

സ്റ്റർ വി. സി. ജോർജ് അനുകൂലിച്ചു പറകയും ചെയ്തു. ഈ നിശ്ചയം സർവസമ്മതമായി പാസ്സായി. അടുത്ത പ്രമേയം പ്രാർത്ഥനാസഖ്യത്തെപ്പററിയായിരുന്നു. ഫാദർ ററി. ബാറെററ് എസ്. ജെ. ഇതിനെ ഹാജരാക്കുകയും ഫാദർ ലാക്കോമിനുവേണ്ടി മിസ്റ്റർ സ്വാമിക്കണ്ണുപിള്ള പിൻതാങ്ങുകയും യോഗം ഐകകണ്ഠ്യേന പാസ്സാക്കുകയും ചെയ്തു. 'ജ്ഞാനധ്യാനം' കൊണ്ടുണ്ടാകാവുന്ന നിരവധി ഗുണങ്ങൾ ആലോചിച്ചു ഇടവകതോറും കൂട്ടമായിട്ടുള്ള ധ്യാനാഭ്യാസവും രഹസ്യധ്യാനാഭ്യാസവും പ്രചരിപ്പിക്കുന്നതിനു കാര്യക്ഷമമായ വ്യവസ്ഥകൾ മിസ്സം തോറും നടത്തേണ്ടതാണെന്നുള്ള നിശ്ചയത്തെ റവ. ഫാദർ മരിയലൂയിസ് എസ്. ജെ. ഹാജരാക്കുകയും മിസ്റ്റർ മഹാദേവയ്യർ ഹൃദയസമാകർഷകമായി ചെയ്ത ഉപന്യാസത്താൽ പിൻതാങ്ങുകയും ചെയ്തു. ഈ നിശ്ചയം നിർവിവാദം പാസ്സാക്കപ്പെട്ടു. അധ്യക്ഷൻ പ്രസംഗങ്ങളെ നിരൂപണം ചെയ്തും നിശ്ചയങ്ങളെ അഭിനന്ദിച്ചും പ്രസംഗകന്മാരെ പ്രോത്സാഹിപ്പിച്ചും ഉപസംഹാരം നടത്തി.

### മൂന്നാം ശാല.

### "രോഗശുശ്രൂഷ."

ഈ ശാലയിൽ മദ്രാസ്സ് മെത്രാപ്പോലീത്താ തിരുമനസ്സിലെ അദ്ധ്യക്ഷതയിൽ യോഗം കൂടി. കത്തോലിക്കാ ആശുപത്രികളും ഡിസ്പെൻസറികളുമായിരുന്നു ആലോചനാവിഷയം. മിസ്സം തോറും അവശ്യമനുസരിച്ചു മിസ്സം വക ആശുപത്രികളും ഡിസ്പെൻസറികളും തുറക്കണമെന്നും വൈദ്യോദ്യോഗം സ്വീകരിക്കുന്നതിലേക്കു കത്തോലിക്കായുവാക്കന്മാരും യുവതികളും പൂർവ്വാധികമായി പ്രോത്സാഹിപ്പിക്കപ്പെടേണമെന്നും, വൈദ്യപരിശീലനത്തിൽ ഏർപ്പെടുന്നവരുടെ ആത്മീയലൗകികാഭിവൃദ്ധികൾക്കായി പ്രത്യേകസാമാജങ്ങൾ സ്ഥാപിക്കണമെന്നുമുള്ള നിശ്ചയത്തെ ഡോക്ടർ പിൻറോ ഹാജരാക്കി. ഡോക്ടർ തിയൊഡോർ, മിസ്റ്റർ ഡിക്രൂസ്, ഡോക്ടർ ഡിമെൻറു ഇവർ യഥാക്രമം പിൻതാങ്ങുകയും അനുവദിക്കുകയും ചെയ്തു ഈ നിശ്ചയം പെട്ടെന്നു പാസ്സാക്കി. കത്തോലിക്കരുടെ വകയായി ഇന്ത്യാ, ബർമ്മാ, സിലോൺ എന്നീരാജ്യങ്ങളിലേക്കായി ഒരു മെഡിക്കൽ മിഷ്യനറിസംഘം ഏർപ്പെടുത്തേണമെന്നും ദീനശുശ്രൂഷയിലും ആശുപത്രിവേലയിലും പരിശീലനം സമ്പാദിക്കുന്നതിനു കത്തോലിക്കായുവതികൾക്കും കന്യാസ്ത്രീകൾക്കും കൂടുതൽ സൌകര്യം സമ്പാദിച്ചുകൊടുക്കണമെന്നുള്ള പ്രമേയത്തെ ഡോക്ടർ മിസ്സ് കമ്മിയാദ് എം ബി. ഹാജരാക്കുകയും ഡോക്ടർ മിസ്സ് ഗ്ലോവെറി പിൻതാങ്ങുകയും നിരാക്ഷേപമായി പാസ്സാക്കപ്പെടുകയും ചെയ്തു.

### നാലാം ശാല.

### "വേദപ്രചാരസഖ്യം."

ഇവിടത്തെ നടപടികൾക്കു അല്ലഹബാദ് മെത്രാൻ ആദ്ധ്യക്ഷം വഹിച്ചു. ഇന്ത്യാ, ബർമ്മാ, സിലോൺ ഈ രാജ്യങ്ങളിൽ മതപ്രചരണത്തിനായി പ്രവർത്തിക്കുന്ന ഒരു മഹാ സഖ്യം സംസ്ഥാപിതമാവേണമെന്നും അതിൻെറ ശാഖകൾ മിസ്സംതോറും ഉണ്ടായിരിക്കേണമെന്നുമുള്ള പ്രമേയത്തെ ഫാദർ പഗാനി ഹാജരാക്കി. ഫാദർ ജെ. തറയിൽ, ഫാദർ ഡിസൂസാ ഇവർ യഥാക്രമം പിൻതാങ്ങുകയും അനുകൂലിച്ചു പറകയും ചെയ്തതിനാൽ യോഗത്തിൽ അതും പാസ്സാക്കി. ഹൈദരബാദിൽ പ്രസ്തുത ഉദ്ദേശ്യത്തിലേക്കായി ഒരു സഖ്യം ഉണ്ടെന്നു ഫാദർ പഗാനി അഭിപ്രായപ്പെടുകയാൽ ആ സംഘം മഹാ സഖ്യത്തിൻെറ പ്രാരംഭമായി ഗണിക്കപ്പെടേണമെന്നുള്ള ഒരു ഭേദഗതിയും സഭ സ്വീകരിച്ചു.

ഇന്നും ഇന്നലത്തേപ്പോലെ നഗരങ്ങളിലെ പല പള്ളികളിൽ മെത്രാന്മാർ കുർബാനയും പ്രസംഗങ്ങളും നടത്തി. ഉപസമ്മേളനങ്ങളും ദേശ്യഭാഷകളായ തമിഴിലും, മലയാളത്തിലും തെലുങ്കിലും പ്രസംഗങ്ങളും ഉണ്ടായി. മലയാളികൾക്കുള്ള യോഗത്തിൽ ദൈവമാതാവിൻെറനേർക്കുള്ള ഭക്തിയെപ്പററി റവ. ഫാദർ തോമ്മസ് മുരിക്കൻ ചെയ്ത പ്രസംഗം പ്രസ്താവയോഗ്യമാണ്.

### പ്രദക്ഷിണം.

കോൺഗ്രസ്സിലെ നടപടികൾക്കെല്ലാം ചൂഡാരത്നമായിപ്പരിലസിച്ച പ്രദക്ഷണത്തെപ്പററിയും സമാപനശുശ്രൂഷകളെപ്പററിയുമാണ് ഇനി പ്രസ്താവിപ്പാനുള്ളതു. ഞാൻ തൽസംബന്ധമായി അയച്ച കമ്പിയിൽ പ്രസ്താവിച്ചതുപോലെ ഇത്ര ആഡംബരപൂർവ്വകമായ ഒരു വൈദിക ചടങ്ങ് ഇന്ത്യയുടെ

ചരിത്രത്തിൽ ഉണ്ടായിട്ടില്ലെന്നുള്ളതു തീർച്ചതന്നെ. തഴയൊ, ചാമരമൊ, ആലവട്ടമൊ, പൊൻകുരിശൊ അല്ലക്കൊ കില്ലക്കൊ ഇല്ലായിരുന്നെങ്കിലും, ഭക്തിസംവൎദ്ധകമായ ഈ ആഘോഷയാത്ര ഹൃദയത്തിനുള്ളിലുള്ള ചെറുനാഡികളെ എത്ര ബലാദാകൎഷിച്ചിട്ടുണ്ടെന്ന്, അതിനെ സന്ദൎശിക്കുന്നതിനു ഭാഗ്യം സിദ്ധിച്ചിട്ടുള്ള അനേകായിരം ജനങ്ങളിൽ ഒരുവനെങ്കിലും മരണം വരെ വിസ്മരിക്കുന്നതല്ലാ. ജോർജ് ടൌൻ കത്തീഡ്റൽ മുതലായ മദ്രാസിലെ പ്രധാന ഇടവക ജനങ്ങളും പ്രധാനകന്യകാമഠങ്ങളിലെ കന്യാസ്ത്രികളും ബാലികകളും യഥാക്രമം നടുനിരയിലും മറ്റു സ്ഥലങ്ങളിലെ വിശ്വാസികൾ ഇരുവശങ്ങളിലുമായി മന്ദം മന്ദം ജപം ഉച്ചരിച്ചും ഗീതങ്ങൾ പാടിയും നടത്തിയപ്രദക്ഷിണം ഒരു മണിക്കൂറിലധികം ദീൎഘിച്ചു. സ്ഥാനവസ്ത്രങ്ങളും ചിഹ്നങ്ങളും ധരിച്ച ഇരുപത്തിരണ്ടു മെത്രാപ്പോലീത്താമാരും മെത്രാന്മാരും ഡലഗാദപ്പസ്തോലിക്കാ തിരുമേനിയാൽ നീതരായി, സൎപ്ലീസും ബിറെത്തായും ധരിച്ച നാനൂറോളം പട്ടക്കാരാൽ അനുഗതരായി പരിശുദ്ധ ദൈവജനനിക്കു വണക്കം ചെയ്യുന്ന സാക്ഷാൽ സുന്ദരദൎശനം അടുത്തകാലത്തനുഭവിപ്പാൻ ഭാരതീയ കത്തോലിക്കൎക്കു യോഗമുണ്ടാകുമോ! കുറവിലങ്ങാട്ടെ കപ്പലിനേയൊ പാലായിലെ മലയേയൊ കൃത്രിമതയിലും നിൎമ്മാണഭംഗിയിലും അതിശയിക്കുന്നആറേഴു രഥങ്ങൾ കാണികളെ വിസ്മയസാഗരനിമഗ്നരാക്കിത്തീൎത്തു. ഇവ ഓരോന്നും മദ്രാസ്സിലെ ഓരോ കന്യകാ മഠങ്ങളുടെ കല്പനാശക്തിയുടെയും പരിശീലന പാടവത്തിന്റെയും പരിലസനമായിരുന്നു. ഇതുകളിൽ ‘മാലാഖാമാരുടെ രാജ്ഞി’ എന്ന വണ്ടിയിൽ ദൈവമാതാവും പത്തു മാലാഖാമാരും ഉണ്ടായിരുന്നു. “സ്വൎഗ്ഗരാജ്ഞിയായ മറിയം,, വളരെ ഭംഗിയുള്ളതായിരുന്നു. അതിൽ പരിശുദ്ധ മറിയവും ഏതാനും മാലാഖാമാരുമുണ്ടായിരുന്നു. “സ്വൎഗ്ഗാരോഹണം ,,പരിശുദ്ധ കന്യക മദ്ധ്യത്തിലായും ചുറ്റും മാലാഖാമാരോടുകൂടിയും അടിയിൽ ശുഭ്രാഭ്രങ്ങളാലും നിവൎത്തിച്ചു. ‘ജപമാലയുടെരാജ്ഞി’ ഉണ്ണീശോയോടുകൂടിയ മറിയവും ജപമാലയുടെ പതിനഞ്ചു രഹസ്യങ്ങളെ ദ്യോതിപ്പിക്കുന്ന ബാലികകളുമായിരുന്നു. ‘പുണ്യവാന്മാരുടെ രാജ്ഞിയായ മറിയം, മറിയത്തിനു ചുറ്റും മറിയം മഗ്ദലെനാ, കത്രീനാ, എലിസബെത്ത്, അഗ്നെറസ്, ഫിലൊമെനാ, സെസിലിയാ എന്ന പുണ്യവതികളോടും ളൂയിസ്, സ്റ്റനിസ്ലാസ അന്തോണി, ജോൺബെർക്കുമാൻസ് എന്ന പുണ്യവാന്മാരോടും വൎത്തിച്ചു. ‘മംഗളവാൎത്ത’യിൽ മറിയവും ഗബ്രിയെൽ ദൈവദൂതനും മാത്രമുണ്ടായിരുന്നു. “ദെനഹാ,, എന്ന രഥത്തിൽ മറിയവും മൂന്നു ജ്ഞാനികളും നാലിടയന്മാരും പ്രത്യക്ഷരായി. ഈ ഓരോ രഥത്തിലും മറിയത്തിന്റെയും ദൈവദൂതന്മാരുടെയും പുണ്യവാന്മാരുടെയും സ്ഥാനം വഹിച്ചിരുന്ന യുവതികളും ബാലികകളും പ്രകടിതങ്ങളായ മഹാ സംഭവങ്ങളുടെ അൎത്ഥത്തിനും അവസ്ഥക്കും യോജിച്ച വിധത്തിൽ വേഷപ്രകൃതിയും ആകൃതിവിശേഷവും ഉള്ളവരായിരുന്നുവെന്നും സാക്ഷാൽ ദൈവദൂതന്മാർ തന്നെയല്ലയൊ ഈ മതിഭ്രമം വരുത്തുന്നതെന്നു പലരും ശങ്കിച്ചിരുന്നുവെന്നും ഇവിടെ പറയേണ്ടതുണ്ട്.

### ഉപസംഹാരം.

പ്രദക്ഷിണം പൂഴിയിട്ടാൽ താഴാത്തവണ്ണം ജനസംപൂൎണ്ണമായ കൊൺഗ്രസ് ഹാളിൽ പ്രവേശിച്ചു. ഡലഗാദ് അപ്പൊസ്തോലിക്കാ മുതലായവർ നിജസ്ഥാനങ്ങളിൽ ഉപവിഷ്ടരായ ഉടൻ ഏതാനും സ്തോത്രഗീതങ്ങൾ സ്വൎഗ്ഗത്തെ ലക്ഷ്യമാക്കി ഉയൎന്നു. അനന്തരം കോൺഗ്രസ്സിൽ പാസ്സായ നിശ്ചയങ്ങൾ റവ. ഫാദർ തിയോദോർ അവർകൾ വായിച്ചു. ഇതിന്റെ ശേഷം ഉണ്ടായതു ഡലഗാദപ്പൊസ്തോലിക്കാ തിരുമനസ്സിലെ കാൎയ്യസംപൂൎണ്ണവും സുദീൎഘവും ആയ ഉപസംഹാരപ്രസംഗമായിരുന്നു. കോൺഗ്രസ് മൂലം പരിശുദ്ധ ദൈവജനനിക്കുണ്ടായിട്ടുള്ള പുകഴ്ചയേയും കത്തോലിക്കമതത്തിനുണ്ടാകാവുന്ന അഭിവൃദ്ധിയേയും ഇൻഡ്യക്കുണ്ടാകാവുന്ന ഉന്നമനത്തേയും അകത്തോലിക്കൎക്കും അക്രൈസ്തവൎക്കും സഭയിലേക്കു ചേരുന്നതിനുണ്ടാകാവുന്ന പ്രേരണകളേയും വിഷയമാക്കിചെയ്ത ആ പ്രൌഢപ്രസംഗം മുഴുവനായിത്തന്നെ ഇതിൽ പ്രസിദ്ധം ചെയ്തിട്ടുള്ളതിനാൽ കൂടുതലായി അതേപ്പറ്റിപറയാനില്ല. പ്രസംഗാനന്തരം തിരുമേനി ശ്ലൈഹികാശീൎവ്വാദം നൽകി. അപ്പോഴേക്കും ഹേർസിങ്ങപുരം പള്ളിയിൽനിന്നു ഇരട്ടക്കുതിര പൂട്ടിയ വണ്ടിയിൽ ദിവ്യകാരുണ്യവുമെടുത്തുള്ള ഒരു ഘോഷയാത്ര മോൻസിഞ്ഞോർ ക്രൂസ്സിന്റെ നേതൃത്വത്തിൽ പന്തലിൽ പ്രവേശിച്ചു.

സകലരും സൈന്യങ്ങളുടെ കർത്താവിനു, സാഷ്ടാംഗനമസ്കാരം ചെയ്തു. ദെലഗാദപ്പസ്തോലിക്കാ തിരുമനസ്സുകൊണ്ടുതന്നെ രണ്ടു മേല്പട്ടക്കാരുടെ സഹകരണത്തോടുകൂടി ദിവ്യകാരുണ്യത്തിന്റെ ആശീർവ്വാദം നൽകുകയും, വാഴ്വകഴിഞ്ഞ ഉടൻ തന്നേ ദിവ്യകാരുണ്യം പ്രസ്തുത ദേവാലയത്തിലേക്കു തിരികെ കൊണ്ടുപോകയും ചെയ്തു. അനന്തരമാണ് കരിമരുന്നു പ്രയോഗങ്ങൾ ആരംഭിച്ചതു്. ജോലിക്കാർ അവരവരുടെ പാടവത്തെ വേണ്ടപോലെ പ്രത്യക്ഷപ്പെടുത്തി. "മര്യൻകോൺഗ്രസ്" എന്ന ധ്വജോമയങ്ങളായ ലിപികൾ അന്തരീക്ഷത്തിൽ പ്രത്യക്ഷപ്പെടുന്നതും, ദൈവജനനി ജനതതിയെ ആശീർവ്വദിക്കുന്നതും എന്നിത്യാദി കാഴ്ചകൾ കാണേണ്ടതുതന്നെയായിരുന്നു. എല്ലാവരും ഇപ്രകാരം ആഹ്ലാദചിത്തരായി നിൽക്കുമളവിലാണ് ഒരു വാണത്തിന്റെ പൊരിചെന്നു കോൺഗ്രസ്സു പന്തലിന്റെ പുറത്തു പതിച്ചതും, പത്തുമിനിററിടകൊണ്ടു ബ്രഹ്മാണ്ഡമായ ആ ഓലക്കെട്ടിടം ദഹനബലിയായി തീർന്നതും. കുറേ കസേരകൾ വലിച്ചെടുത്തതല്ലാതെ യാതൊന്നും രക്ഷിപ്പാൻ സാധിച്ചില്ല. ഇങ്ങനെ ദൈവജനനിയുടെ സ്തുതിക്കായി ഉപയോഗിക്കപ്പെട്ട ആ സാധനങ്ങളിൽ യാതൊരുവകയും മേലാൽ വല്ല ലൌകിക ചടങ്ങുകൾക്കും ഉപയോഗിക്കപ്പെടാതെ എല്ലാം ബലിയായി കലാശിച്ചെന്നു പറഞ്ഞാൽ കഴിഞ്ഞല്ലൊ. എന്നാൽ കോൺഗ്രസ്സു പന്തൽ അതിലെ സകല സാമഗ്രികളോടുകൂടി പന്തീരായിരം രൂപായിക്കു ഇൻഷ്വർ ചെയ്തിട്ടുണ്ടായിരുന്നതിനാൽ ഈ വകയിൽ ലാഭമല്ലാതെ ഒട്ടും തന്നെ നഷ്ടം നേരിട്ടിട്ടില്ലെന്നുള്ളതാണു ഇതിൽ പ്രത്യേകം പ്രസ്താവയോഗ്യമായിട്ടുള്ളതു്. ഭാരവാഹികളുടെ അത്യന്തമുള്ള കാര്യനിർവ്വഹണ പ്രവണത ഇതിൽനിന്നു വിശദമാകുന്നുണ്ടു്.

## അത്യുന്നത ദലഗാദപ്പസ്തോലിക്കാ തിരുമനസ്സിലെ ഉപസംഹാര പ്രസംഗം.

ശ്രേഷ്ഠാദ്ധ്യക്ഷന്മാരായ മെത്രാപ്പോലീത്താന്മാരേ! മെത്രാന്മാരേ! വന്ദ്യ വൈദികരേ! പ്രിയ ഭാരതീയ കത്തോലിക്കരേ!

ഈശോയുടെ പരിശുദ്ധ അമ്മേ, ഞങ്ങളുടെ സ്നേഹമുള്ള മാതാവേ, ഞാൻ ഈ ഭാരതത്തിൽ ആദ്യമായി കാലുവച്ചനാൾ മുതൽക്കു്, ഈ നാട്ടിൽ എന്നു മാത്രമല്ല, ഏഷ്യാ ഒട്ടുക്കു് ഈ മരിയമഹാസഭ അങ്ങേ അമലോത്ഭവ ഹൃദയത്തിന്റെ ഏററവും വലിയ പ്രശംസാകീർത്തനമായി പരിണമിക്കണമെന്നുണ്ടായിരുന്ന എന്റെ അതിരററ ആഗ്രഹം വിസ്മയനീയമാംവണ്ണം വിജയകരമായിത്തീർന്ന ഈ സുദിനത്തെ ദർശിക്കുന്നതിനു് ഇടയാക്കിയ അങ്ങേക്കു് ഞാൻ ഹൃദയംഗമമായി നന്ദിപറഞ്ഞുകൊള്ളട്ടെ! വാസ്തവം പറയുന്നതായാൽ "എല്ലാ വംശശ്രേണികളും അനുഗൃഹീത എന്നു അങ്ങേ വിളിക്കണം." എന്നുള്ള എലിസബത്തിന്റെ അഭിവാദ്യവാക്യത്തിനു് അങ്ങു പറഞ്ഞതായ മറുപടിയുടെ പ്രതിധ്വനി യൂദയാരാജ്യത്തിലെ പർവ്വതശിഖരങ്ങളിൽ നിന്നും പുറപ്പെട്ട ദിവസം മുതൽ ഇന്നുവരെയും അങ്ങയുടെ ഇപ്പോഴത്തെ സന്ദർശനാവസരത്തിൽ മദ്രാസിൽ അവിടത്തെ കൊടി അടയാളത്തിൻകീഴ് കൂടപ്പെട്ടിട്ടുള്ളതുപോലെ ഇത്ര വലുതും വിസ്മയാവഹവുമായ ഒരു ജനസമൂഹത്തെ നിത്യവചനം മാംസമായ ഭൂഖണ്ഡത്തിലെ യാതൊരു രാജ്യമാകട്ടെ യാതൊരു ജാതിയാകട്ടെ കണ്ടിട്ടില്ലായിരിക്കണം. ഇപ്രാവശ്യം കത്തോലിക്കാലോകം തന്നെത്തന്നെ ശരിയായി അറിഞ്ഞു! ഇതാ നോക്കു! സമുദ്രം മുതൽ ഹിമാലയപര്യന്തമുള്ള അവളുടെ സന്താനങ്ങൾ സീയോൻപുത്രിയുടെ സുരഭപരിമളത്താൽ ആകർഷിക്കപ്പെട്ടിരിക്കുന്നു! അങ്ങേ നാമശ്രവണമാത്രത്താൽ അനേകസഹസ്രഹൃദയങ്ങളിൽ ഉൽഭൂതമായ ഔത്സുക്യവും, പ്രദക്ഷിണത്തിൽ സംബന്ധിക്കയോ ഈ അതിശയനഗരത്തിലെ തെരുവുകളിൽ വച്ചു് അതിനെ ദർശിക്കയൊ ചെയ്ത വിശ്വാസികളുടെ മുഖകമലങ്ങളിൽ പ്രകാശിച്ച ഭക്തിയും, ഈ ദിവസങ്ങളിൽ നടത്തപ്പെട്ട കർമ്മങ്ങളിൽ പങ്കുകൊള്ളുന്നതിനായി ഓടിക്കൂടിയിരുന്ന ഭക്തജനങ്ങളാൽ നിബിഡമായ ദേവാലയങ്ങളുമെല്ലാം മദ്രാസിലെ അങ്ങേ വിജയോത്സവം എത്ര മഹത്തരമായിരുന്നു എന്നു് കത്തോലിക്കാ ലോകത്തോടു വിളിച്ചുപറയുന്നു. ഓശാന! "അങ്ങേ വഹിച്ച ഉദരവും അങ്ങേക്കു് പാലുതന്ന മുലയും അനുഗൃഹീതങ്ങളാകുന്നു" എന്നുള്ള വാക്യം, അങ്ങേ സ്വരൂപമുൻപാകെ മുട്ടുകുത്തിയിരുന്ന എത്രയോ മാതാക്കളിൽ നിന്നു് പുറപ്പെട്ടിരിക്കണം! എങ്കിലും "ദൈവത്തിന്റെ വാക്കു് കേട്ടുനടക്കുന്നവരാകുന്നു

ഭാഗ്യവാന്മാർ" എന്ന് അങ്ങ് മറുപടി പറയുന്നതായി കേട്ടപോലെ എനിക്ക് തോന്നി.

വന്ദ്യസഹോദരന്മാരേ! മറിയത്തിന്റെ പ്രിയപ്പെട്ട മക്കളേ! ഈ സംഘത്തോട് ദൈവം സ്വവാക്യത്തെ സംസാരിക്കയുണ്ടായി ഈ സംഘത്തിന്റെ പ്രാരംഭഘട്ടത്തിൽ നിങ്ങളോട് അറിയിക്കുന്നതിന് എനിക്ക് ഭാഗധേയമുണ്ടായ ആ സന്ദേശത്തിൽ— "ജീവന്റെയും ശക്തിയുടെയും ശരണമെല്ലാം മറിയത്തിൽ കാണപ്പെടുന്നു" എന്ന് അനുഗ്രഹം ചൂണ്ടിക്കാണിച്ചുതന്ന തത്വം മുഖേനയും അഥവാ പരിശുദ്ധാരൂപി പഠിപ്പിക്കുന്നതുപോലെ, തിരുസ്സഭയാൽ മറിയത്തിന്റെ അധരങ്ങളിൽ പ്രതിഷ്ഠിക്കപ്പെടുന്നതായ "എന്നെ കണ്ടെത്തുന്നവൻ ജീവനെ കണ്ടെത്തും" എന്ന വാക്യം വഴിയായും— ഭൂമിയിലെ തന്റെ വികാരിയുടെ അധരങ്ങളിലൂടെ ദൈവം സംസാരിച്ചു. ഇതുകൊണ്ടാണ് അങ്ങേ നാമത്തെ വഹിക്കുന്ന ഈ ചരിത്രവിഷയകമായ സംഘത്തിൽ അങ്ങേ കാണുന്നതിനിടയായതിൽ ഞങ്ങൾക്ക് ഇത്രയധികം ആഹ്ളാദമുള്ളത്. ഈ സംഘത്തെ തങ്ങളുടെ സാന്നിദ്ധ്യങ്ങൾകൊണ്ട് അലങ്കരിച്ചിരിക്കുന്ന മെത്രാന്മാരുടെ വാക്യങ്ങളിലും, പരിശുദ്ധ കുർബാനയിൽ അങ്ങേ കുമാരനെ ഞങ്ങൾ കൈക്കൊണ്ടപ്പോൾ അങ്ങ് രഹസ്യത്തിൽ സംസാരിച്ച ഗഹനപദങ്ങളിലും അങ്ങേ ഞങ്ങൾ രൂപലാവണ്യമുള്ളവളായിട്ടും നിഷ്കന്മഷയായിട്ടും മഹത്വപ്പെട്ടവളായിട്ടും ദൈവികയായിട്ടും കാണുകയുണ്ടായി. ഏതൻമൂലമുള്ള സന്തോഷാനന്ദങ്ങൾകൊണ്ട് ഞങ്ങളുടെ ഹൃദയങ്ങൾ കവിഞ്ഞൊഴുകുന്നു. ഇൻഡ്യയുടെ പരിത്രാണം എന്ന മഹനീയവേല ദേവമാതാവിന്റെ രക്ഷാകർതൃത്വത്തിലും മേൽനോട്ടത്തിലും വേണം നടത്തുവാനെന്നുള്ള പതിനഞ്ചാം ബനദിക്തോസ് മാർപ്പാപ്പാ തിരുമനസ്സിലെ ഉദ്ദേശാനുസരണം പ്രവർത്തിച്ചുകൊണ്ട് പ്രസ്താവിതാനന്ദങ്ങളിൽ എല്ലാ ജനങ്ങളും പങ്കുകൊള്ളണമെന്നാണ് നമ്മുടെ വലുതായ ആഗ്രഹം.

ഈ വേലയെ പിൻതുടരുന്നതിനുള്ള ഒരു ശുഭാരംഭത്തിന്റെ ദിവസമാണ് ഇത്. ഈശോയുടെ ദനഹാത്തിരുനാളായ ഇന്ന്, ഇന്താസ്സും, ബൽത്താസ്സും, സിലാണിനും മറിയത്തിന്റെ മഹ"ദ്ദനഹാ"യാണ്. അതേ! ഇന്ന് പുൽക്കൂട്ടിൽകിടന്ന ഈശോയുടെ മുൻപാകെ സ്വർണ്ണം, മുരൾ, കുന്തിരിക്കം എന്ന ത്രിവിധ ദാനങ്ങളെ മ്ഗൂശന്മാർ അർപ്പിച്ചതിന്റെ തിരുനാളാണ്. ബലിഷ്ഠ കന്യകയായ അങ്ങേ മാതാവിന്റെ മുമ്പാകെ ഞങ്ങളുടെ ശുശ്രൂഷയുടെ നമസ്കാരത്തെ ഞങ്ങൾ കയ്യാളിക്കുന്നു. മുതൽ നിത്യപുരോഹിതനായ മ്ശിഹായ്ക്കു അർപ്പിക്കേണ്ടതുതന്നെ. പക്ഷേ മറിയം നമ്മുടെ രക്ഷയിൽ സഹകർത്രി ആയിരുന്നില്ലയോ? ശ്ലീഹന്മാരുടെ രാജ്ഞി എന്ന് തിരുസഭ അവളെ അഭിവാദ്യം ചെയ്യുന്നില്ലയോ? ശ്ലീഹന്മാരുടെ ഇന്ത്യാരാജ്യത്തിലെ അനന്തരവന്മാർ നേരിട്ടോ പ്രതിനിധികൾ വഴി ആയിട്ടോ ഇവിടെ ഒന്നിച്ചുകൂടിയിട്ടുണ്ടല്ലോ. നമ്മുടെ പുത്രാനുരൂപമായ നമസ്കാരവും സ്നേഹവും സുദൃഢമായ നമ്മുടെ ഭക്തിയും അവരോടുകൂടി എപ്പോഴും ഉണ്ടായിരിക്കട്ടെ. കത്തോലിക്കാ ജനങ്ങളും വൈദികരും തമ്മിലും, മെത്രാന്മാരും, ഇൻഡ്യയിലേയെന്നല്ല ഭൂലോകമൊട്ടുക്കുള്ള മെത്രാന്മാരും, മിശിഹായുടെ വികാരിയും തമ്മിലും; അല്ലാ, നമ്മോടുകൂടെ ഭൂലോകത്തെ അധിവസിക്കുന്ന മിശിഹാ തമ്മിലും ഉള്ളതായ ഈ ഐക്യം എത്രയോ മനോഹരം! എത്രയോ ആശ്വാസപ്രദം! എത്രയോ പ്രോത്സാഹജനകം! ഈ ഐക്യം വാസ്തവികമായിട്ടുള്ളതാണ് കൃത്രിമമല്ല; പൂർണ്ണവിശ്വാസത്തിൽനിന്നുണ്ടായിട്ടുള്ളതാണ് = പറഞ്ഞൊത്തതുകൊണ്ടല്ല; അതുകൊണ്ടാണ് ക്രിസ്തീയ സഭകളെന്ന് തന്നത്താൻ പറയുന്നുണ്ടെങ്കിലും സാക്ഷാൽ സത്യസഭയല്ലാത്ത എല്ലാ ഇതരസഭകളും ഇതേപ്പറ്റി ഇത്രയധികം അസൂയപ്പെടുന്നത്. "എന്റെ കുഞ്ഞാടുകളെ മേയ്ക്കുക, എന്റെ ആടുകളെ മേയ്ക്കുക" എന്നുള്ള മിശിഹായുടെ കല്പന സിദ്ധിച്ച പത്രോസിൽ സ്ഥാപിതമല്ലാത്ത പ്രസ്തുത സഭകൾ, അജ്ഞാനലോകത്തെ മാനസാന്തരപ്പെടുത്തുന്ന വിഷയത്തിൽ നമ്മോടു മത്സരിക്കുന്നുണ്ട്. എല്ലാ ജാതികളോടും വേദം പ്രസംഗിക്കുന്നതിനുള്ള അധികാരം ശ്ലീഹന്മാർക്കും അവരുടെ ശരിയായ അനന്തിരവർക്കുമേ ലഭിച്ചിട്ടുള്ളു. എങ്കിലും ഈ സഭകൾ ഈ അധികാരം നടത്തുന്നതിനു ഒട്ടും മടിക്കുന്നില്ല. ആ! ശ്ലീഹന്മാരുടെ രാജ്ഞീ! ക്രിസ്തീയനാമത്തെ സന്തോഷപൂർവ്വം ധരിക്കുന്നവരും, ഞങ്ങളിൽ നിന്നു ഭിന്നിച്ചുപോയവരും ആയ എല്ലാ സഹോദരന്മാരും ഞങ്ങളോടുകൂടി "ഒരിടയനും ഒരു തൊഴുത്തും" ആയിത്തീരുന്നതിനുവേണ്ടി അങ്ങേ പുറംകുപ്പായത്തിൻ കീഴ് അവരെ ഒന്നിച്ചുകൊള്ളണമേ. ഇനി ഈശോമിശിഹായിൽ ദത്തമായിട്ടുള്ള കല്പന അനുസരിച്ച് നമ്മുടെ വേലയെ തുടർന്നുകൊണ്ടിരിക്കുകയാണ് വേണ്ടത്. ഈ വേലയിൽ എല്ലാ വിശ്വസ്ത കത്തോലിക്കരും നമ്മുടെ സഹകാരികളും സഹപ്രവർത്തകന്മാരും ആയിരിക്കുന്നതാണ്.

വൈദികർക്കു പട്ടം കൊടുക്കുമ്പോൾ മെത്രാൻ പറയുന്നതാണിത്. "താങ്കൾ നമ്മോടു അനുസരണയുള്ളവനായിരിക്കുമോ? വൈദികൻ— അനു

സരണയുള്ളവനായിരുന്നുകൊള്ളാമെന്നു ഞാൻ പ്രതിജ്ഞ ചെയ്യുന്നു." ഇപ്രകാരംതന്നെ ഭാരതീയ കത്തോലിക്കരായ നിങ്ങളോടു നാം ഒരു ചോദ്യം ചോദിക്കുന്നു. ഏററവും പരിശുദ്ധയായ മറിയത്തിൻെറ മുൻപാകെ വച്ചു, മാർപ്പാപ്പായോടും മെത്രാന്മാരോടും അല്ലാ, മെത്രാന്മാർ വഴിയായി മാർപ്പാപ്പായോടും ശരിയായ അനുസരണവും ദൃഢമായ ഭക്തിയും പ്രദർശിപ്പിച്ചുകൊള്ളാമെന്നു നിങ്ങൾ ഇപ്പോൾ പ്രതിജ്ഞചെയ്യുമൊ? ചെയ്യുമെങ്കിൽ എല്ലാം ഭംഗിയായി. തത്പാലനപക്ഷണത്തിൽ അതിതീക്ഷ്ണതയോടുകൂടിയിരിക്കുന്നവരും ദൈവമനോഗുണത്തിനു സന്നദ്ധയുമായിരിക്കുന്ന ഭാരതരാജ്യത്തിൻെറ മാനസാന്തരത്തിനായി നമ്മോടു സഹകരിച്ചുകൊള്ളാമെന്നുള്ള നിങ്ങളുടെ പ്രതിജ്ഞയും ഈ സദസ്സിലെ മററു നിശ്ചയങ്ങളും പരിശുദ്ധ പിതാവിൻെറ സന്നിധാനത്തിങ്കൽ സമർപ്പിച്ചുകൊള്ളാമെന്നു നിങ്ങളോടു നാം പ്രതിജ്ഞ ചെയ്യുന്നു.

ക്രൂരദിവസങ്ങളുടെ ചിഹ്നമായ മീറയെയും മ്ശ്രൂശേന്മാർ ഈശോയ്ക്കു സമർപ്പിക്കയുണ്ടായി. ബേസ്ലഹമിൽവച്ചു സൽമനസ്സുള്ളവരായ ജനങ്ങളോടു സമാധാനം അറിയിച്ച മാലാഖാമാർ ഗത്സേമനിൽ വച്ചു പീഡാനുഭവത്തിൻെറ തിക്തകാസാ ഈശോയ്ക്കു നൽകിയ സംഗതി നമുക്കു അനുസ്മരിക്കാം. വരുവാനിരിക്കുന്ന അനിഷ്ടസൂചനങ്ങളാൽ ഈ സംഘത്തിൻെറ ശുദ്ധമായ ആനന്ദത്തെ കലുഷമാക്കുന്നതിനുള്ള വിചാരം നമുക്കു ഉണ്ടെന്നു നിങ്ങൾ ശങ്കിക്കരുത്. എങ്കിലും സമാധാനത്തിൻെറ ദിവസങ്ങൾ ഇനിയും ആഗതമായിട്ടില്ല. വാസ്തവികമായ സമാധാനത്തിൻെറ ദിനങ്ങൾ ഹാ! കഷ്ടം! ഇനിയും വിദൂരമായിരിക്കുന്നതേയുള്ളുവെന്നു എല്ലാവർക്കും അറിയാവുന്നതാണല്ലൊ. അതിനാൽ ഈശോയുടെ പദാരവിന്ദങ്ങളിൽ മ്ശ്രൂശേന്മാർ മീറാകൂടിയും സമർപ്പിച്ചതുപോലെ, നമുക്കും ഇന്നത്തെയും നാളത്തെയും തിക്തമീറായെ മറിയത്തിനു അർപ്പിക്കാം. അതിനെ ആഹ്ലാദത്തിൻെറ ഇക്ഷുരസമായി പകർത്തുന്നതിനു അവൾക്കു വശമുണ്ട്.

മററത്തിൽ കുര്യൻ കത്തനാർ.

## കോൺഗ്രസ് വിജയം.

ഓമൽബ്ഭവ്യനിദാനമാംമറിയമേ!
  ലോകാംബയാകുന്നനിൻ
നാമത്താൽപ്പുരുകീർത്തിനേടിയമഹാ
  കോൺഗ്രസ്സിന്നാപ്പൂർത്തിയായ്
സോമൻതൻകലാപീഠമാക്കിവിലസും
  പൂവ്വംതൊഴുംതാവക
ശ്രീമൽപ്പാദയുഗങ്ങളെന്നുമടിയാ
  ക്കിപ്പാരിലാലംബനം.

ഉമഞ്ഞിന്നുമിളപ്പമേററമരുളും
  ചൊല്ലേറിടുംനിൻയശ—
സ്തോമത്തിന്നെതിരില്ലകന്യമറിയേ!
  കാരുണ്യവാരാന്നിധേ!
പ്രേമംപൂണ്ടടിയാർക്കുജന്മമഹിയാ
  മിൻവ്യായിലെങ്ങുംസദാ
ക്ഷേമംപുഷ്ടിപെടുംവിധംതിരുമിഴി
  ക്കോണൊന്നിളക്കേണമെ.

"ഭവ്യംതേന്നാളെന്നുമാമവിരതം
  കൊണ്ടാടുമെല്ലാരു"മീ
സ്സൂക്തംതവവാക്യമെത്രശരിയായ്
  പ്പോരുന്നുനാരീമണേ!

ദിവ്യന്മാർക്കണിയാംനിനക്കുവിമലാം
  ഭോജാക്ഷനാകുംഗുണ
ഗ്യ്രാൻദേവനകംതെളിഞ്ഞരുളിയാ
  രൌന്നത്യമസ്പാട്ടശം.

മുന്നംനാരകഭോഗിതൻതലയേറി
  മർദ്ദിക്കുകൊണ്ടാഖലൻ
തന്നസധാശരരായദൂതർവഴിയായ്
  നിന്നെപ്പഴിച്ചീടിലും
പൊന്നഞ്ചുംപ്രഭനത്തുതൻകരകളാൽ
  പ്രദ്യോതനന്നെന്നപോ—
ലെന്നമ്മേ! തവമേന്മതെല്ലുകുറയാ
  തെന്നുംവിളങ്ങുംദൃഢം.

മുപ്പാരിൻപതിതൻസുതൻെറജനനി
  സ്ഥാനംലഭിച്ചുള്ളനീ
ത്തുപ്പാദംപ്രണമിക്കുവോർക്കഭിമതം
  നൽകുന്നഭേദംനിനാ
ഇപ്പാരിൽത്തവപൊല്പദംശരണമെ
  ന്നോർത്താശ്രയിച്ചീടുവോ—
രിപ്പാപിഷ്ഠനെയുംപരംകരുണയാ
  കയ്യേററുരക്ഷിക്കണേ.

കട്ടക്കയത്തിൽ ചെറിയാൻമാപ്പിള.

# നി. വ. ദിവ്യശ്രീ ബോംബെ മെത്രാപ്പോലിത്താ തിരുമനസ്സിലേ പ്രോൽഘാടന പ്രസംഗം.

അത്യുന്നത ശ്രീ ഡെലെഗാദപ്പസ്തോലിക്കാ തിരുമനസ്സിലേക്കും നിതാന്തവന്ദ്യ ശ്രീമാന്മാരായ മെത്രാപ്പോലീത്തമാർക്കും മെത്രാന്മാർക്കും പ്രിയ വന്ദ്യ പുരോഹിതന്മാർക്കും യേശുക്രിസ്തുവിൽ പ്രിയ പുത്രന്മാർക്കും സ്വസ്തി.

അങ്ങനെ, അവസാനമായി, ഇക്കഴിഞ്ഞ അനേക സംവത്സരങ്ങൾ മനോവേദനയോടുകൂടെ കാത്തിരുന്നതിൻെറ ശേഷം, ഇന്ത്യയിലെ കത്തോലിക്കരായ നമുക്ക ഒന്നിച്ചുകൂടുന്നതിനു കഴിഞ്ഞിരിക്കുന്നു. ദേവജനനിയും മനുഷ്യമാതാവുമായ അനുഗ്രഹിക്കപ്പെട്ട കന്യകമറിയയുടെ രക്ഷയിൽ നാം കൂടിയിരിക്കുന്ന ഈ അവസരത്തിൽ, നമ്മുടെ വിശ്വാസം എന്നു വച്ചാൽ നമുക്ക് അതിൻെറ അൎത്ഥം എന്താകുന്നു എന്ന് നാം തന്നെ ഉച്ചരിക്കുകയും, ഈ രാജ്യത്തെ മററു ജനങ്ങളോടു അവരുടെ ഇടയിൽ നമുക്കുള്ള ഉദ്ദേശ്യം എന്താണെന്നും, നാം സസന്തോഷം എന്തായിരിപ്പാനും എന്തു ചെയ്വാനും മനസ്സുള്ളവരാണെന്നും പ്രസ്താവിക്കുകയും ചെയ്വാൻ നമുക്ക കഴിയുന്നതാണ്. ഏറ്റു ദീൎഘസംവത്സരങ്ങൾക്കിടയിൽ ഈ മഹായോഗത്തെക്കുറിച്ചുള്ള സങ്കല്പം അഭിവൃദ്ധിപ്പെട്ടുകൊണ്ടിരിക്കയായിരുന്നു. മററു മഹായോഗങ്ങൾ നടത്തപ്പെടുകയും ശേഷമുള്ളവർ അവരവരുടെ നാനാകാൎയ്യങ്ങളെ വ്യവസ്ഥാപിക്കുവാനും നിർബന്ധമായി ആവശ്യപ്പെടുവാനും യോഗം കൂടുകയും ചെയ്യുമളവിൽ, മനുഷ്യജാതിയുടെ ക്ഷേമാൎത്ഥം നമ്മെയും ഒരു ദൌത്യം ഏല്പിച്ചിട്ടുണ്ടെന്നും, ലോകസമക്ഷം പ്രഖ്യാപനം ചെയ്യപ്പെടുവാൻ ഒരു സന്ദേശവും, ചെയ്വാൻ ഒരു പ്രവൃത്തിയും ഉണ്ടെന്നും, നമുക്കും തോന്നിയിട്ടുണ്ട്. ഇവ നമ്മുടെയും നമ്മുടെ സമുദായത്തിൻെറയും മാത്രമല്ല ഈ രാജ്യത്തെ ജനങ്ങളുടെയും ഗുണത്തിനു വേണ്ടിയാകുന്നു. നമുക്ക ചുററുമുള്ള സംഗതികൾ പ്രതികൂലങ്ങളായിരുന്നിട്ടും, ഇന്ത്യയിലെ സഭയുടെ നിൎമ്മാണം പോലും അപകടത്തിൽപ്പെട്ടതായി ഒരിക്കൽ മിക്കവാറും തോന്നുകയുണ്ടായിയെങ്കിലും, നമുക്ക പറവാനുള്ളതു പ്രസ്താവിക്കുന്നതിനു അവസാനമായി ഒരു അവസരം വന്നിരിക്കുന്നു. ഇതിനായി ദൈവത്തിനും നമ്മുടെ സ്വാമിനീഭക്തന്മാരുടെ സ്ഥിരോത്സാഹത്തിനും നന്ദി പറയേണ്ടിയിരിക്കുന്നു. ഇന്ത്യയിലെ കത്തോലിക്കരുടെ ഒന്നാമത്തെ ഈ യോഗം ഈ സ്ഥലത്തു നടത്തുവാനിടയായതിൽ അസാമാന്യമായ ഒരൗചിത്യമുണ്ട്. എന്തുകൊണ്ടെന്നാൽ ഈ മദ്രാസ് നഗരിയിൽ, ദേവമാതാവിൻെറ (Madre- de- Dios) ഈ പട്ടണത്തിൽ, ഇരിക്കുമ്പോൾ അതിൻെറ ഉത്ഭവത്തിനും അതിൻെറ നാമധേയത്തിനും നമ്മുടെ കത്തോലിക്കാ പിതാക്കന്മാർ കടപ്പെട്ടിരിക്കുന്ന ഒരു പുരിയിലാണ് നാം സ്ഥിതിചെയ്യുന്നത്. വിശുദ്ധനായ തോമ്മാസ് അപ്പൊസ്തോലൻെറ തിരുശരീരം സ്ഥാപിച്ചിട്ടുള്ള കല്ലറയുടെ സമീപേ നാം പരിപാവനമായ ഭൂമിയിലാണിരിക്കുന്നത്. തൻെറ പ്രേഷിതത്വത്തിൻെറ ആരംഭത്തിൽ വിശുദ്ധനായ ഫ്രാൻസീസ് സേവിയർ എന്നപോലെ, നാമും ഭൂതകാലത്തോടു നമ്മെ യോജിപ്പിക്കുവാനും യാതൊരു കാൎയ്യത്തെ അഭിവൃദ്ധിപ്പെടുത്തുവാനായി അദ്ദേഹം വളരെ പ്രയത്നിച്ചുവോ ആ വേലതന്നെ തുടരുവാനും വേണ്ടിയാകുന്നു ഇവിടെവന്നിരിക്കുന്നത്. കേവലം റോമാസഭസ്സു പുറമേ,

തെക്കേ ഇന്ത്യയില്ലുള്ള സഭ

സ്സു കഴിയുന്നതുപോലെ, ക്രൈസ്തവ മതത്തെക്കുറിച്ചു അത്രദീൎഘവും അവിച്ഛിന്നവുമായ ഒരു ഐതിഹ്യത്തെക്കുറിച്ച് അഭിമാനിക്കാൻ യാതൊരുസഭസ്സുംസാധിക്കയില്ലെന്നു നാം ഗ്രഹിക്കുന്നത് നമുക്ക ഒരു വലിയ കാൎയ്യമാകുന്നു. നാം അപ്പോസ്തോലന്മാരിൽ നിന്നുതന്നെ വന്നവരാണെന്നു സത്യമായ അൎത്ഥത്തോടുകൂടെ പറയാം. അതിൻെറ പൂൎവ്വചരിത്രത്തെ മറന്നുകളവാനുള്ള ദുരഹങ്കാരം ഇന്ത്യാരാജ്യത്തിനുണ്ടായിരുന്നില്ലെങ്കിൽ നമ്മുടെ രക്തസാക്ഷികളുടെ ദീൎഘപരമ്പരയെ കാണിച്ചുകൊടുക്കുവാൻ നമുക്കും കഴിവുള്ളതാണ്. നമ്മുടെ വ്യാപകന്മാരും, നമ്മുടെ കന്യകകളും, അനേകമുണ്ട്. ഈ കാലത്തിനിടയിലെല്ലാം വിശ്വാസത്തിൻെറ സ്ഥിരത എത്രമാത്രമായിരുന്നു! ഞെരുക്കം നമ്മെ നശിപ്പിച്ചിട്ടില്ല. യുദ്ധവും ക്ഷാമവും നമ്മെ ഉന്മൂലനം ചെയ്തിട്ടില്ല. നമുക്ക മതസംസ്കാരത്തിനു കീഴ്പ്പെടേണ്ടിവന്നിട്ടില്ല. നമ്മുടെ

പിതാക്കന്മാർ എന്തു ചെയ്തുവോ, എന്തു വിശ്വസിച്ചുവോ, ഏതു പ്രകാരമുള്ളവർ ആയിരുന്നുവോ, അപ്രകാരംതന്നെ നാം ഇന്നും ആയിരിക്കയും, നാം വിശ്വസിക്കയും, നാം പ്രവൎത്തിക്കയും ചെയ്യുന്നു. നമ്മുടെ ഭൂമിയിൽ പാഷണ്ഡമതം വളരുകയുണ്ടായിട്ടില്ല. ഈ രാജ്യത്തു് ഇപ്പോൾ ഏതെല്ലാം അപൂൎവ്വമതങ്ങളുണ്ടോ അവ ഈ നാട്ടിലുണ്ടായവയോ സൃഷ്ടിക്കപ്പെട്ടവയോ അല്ല. അവയെല്ലാം പുറമേനിന്നു വന്നവയാകുന്നു. ഇന്ത്യാരാജ്യം ലോകത്തിൽവച്ചു്

ഏററവും കത്തോലിക്കയായ രാജ്യ

മാണെന്നു സത്യമായ ഒരു അൎത്ഥത്തോടുകൂടെ പറയപ്പെടാവുന്നതാണ്. എന്തുകൊണ്ടെന്നാൽ അതിന്നു ഏററവും പഴക്കമുള്ള ഐതിഹ്യങ്ങൾ ഉണ്ടായിരിക്കയും അതു് അവയെ സ്ഥിരമായി പാലിച്ചുകൊണ്ടിരിക്കയും ചെയ്യുന്നു. തങ്ങളെ ഏല്പിച്ചിട്ടുള്ള സത്യമെന്ന പൈതൃകധനത്തിന്റെ നേരെ മററാരും ഇതിലധികമായ ഭക്തി ഇക്കാലത്തു കാണിക്കുന്നുണ്ടെന്നു പറഞ്ഞുകൂടാ. അങ്ങനെ, ഇവിടെ ഈ മഹായോഗത്തിന്റെ ആരംഭത്തിൽ, നാം യാതൊരു കാൎയ്യത്തിന്റെ സംരക്ഷണത്തിന്നായി നിൽക്കുന്നുവോ, അതിനെ നമുക്കായിട്ടും, സകല ജനങ്ങൾക്കായിട്ടും വിശദമായി പ്രസ്താവിക്കുവാൻ ശ്രമിക്കാം. ൧൯൦൦ സംവത്സരങ്ങൾക്കു മുമ്പു

യേശു എന്നു പേരായ ഒരു മനുഷ്യൻ

ഈ ലോകത്തിൽ ജീവിച്ചിരുന്നു എന്നു നാം വിശ്വസിക്കയും അറിഞ്ഞിരിക്കയും ചെയ്യുന്നു. ഈ സംഭവത്തെക്കുറിച്ചുള്ള തെളിവിനെ ശാസ്ത്രജ്ഞന്മാരും പണ്ഡിതന്മാരും അവസാനമായി സ്ഥിരപ്പെടുത്തിയിട്ടുമുണ്ടു്. ഈ മനുഷ്യൻ ജീവിച്ച ജീവിതത്തിന്റെ പരിപൂൎണ്ണതപോലെ അതിനുമുമ്പും അതിന്റെ ശേഷവും ഒരു പരിപൂൎണ്ണതയുണ്ടായിട്ടില്ലെന്നു നമുക്കറിയാം. മനുഷ്യപുത്രന്മാരുടെ ഇടയിൽ അദ്ദേഹം ഏകനായും അദ്വിതീയനായും നില്ക്കുന്നു എന്നു അദ്ദേഹത്തിന്റെ ശത്രുക്കൾ സമ്മതിക്കത്തക്ക ഒരു സ്വഭാവമാണു് അദ്ദേഹം പ്രത്യക്ഷപ്പെടുത്തിയതു്. മററു യാതൊരു മനുഷ്യനും ഏതു കാലത്തെങ്കിലും പഠിപ്പിച്ചിട്ടുള്ളതിനേക്കാൾ ഉൽകൃഷ്ടമായ ഒരു മതമാണ് അദ്ദേഹം പഠിപ്പിച്ചതെന്നു നമുക്കറിയാം. എന്നുതന്നെയല്ല, ആൎക്കും വായിക്കത്തക്കവണ്ണം അതു എഴുതിയിട്ടുമുണ്ടു്. അതിന്റെ ഉൽകൃഷ്ടത എത്രമാത്രമുണ്ടെന്നു ആലോചിക്കുന്ന പക്ഷം, അനേകർ അതിനെ കേവലചിത്തോൽഭാവിതമാണെന്നു വെച്ചു തള്ളിക്കളകയും മററു ചിലർ അതിന്റെ അനുമാനങ്ങളെ അബദ്ധങ്ങളെന്നു പ്രസ്താവിക്കയും ചെയ്തു. എങ്കിലും അതിന്റെ പ്രമാണംകൊണ്ടും ലക്ഷ്യം കൊണ്ടും അതു വേറെ യാതൊരു മതത്തിന്നും അധസ്ഥനമായിരിക്കുന്നുവെന്നു ആരും പറഞ്ഞിട്ടിട്ടില്ല. ഈ മനുഷ്യൻ തന്റെ ക്രിയകൾകൊണ്ടു തന്റെ നിഷ്കപടതയേയും ഒരു മനുഷ്യോപദേഷ്ടാവായിരിപ്പാനുള്ള തന്റെ അവകാശത്തേയും സാക്ഷാൽ ദൈവത്തിങ്കൽനിന്നുള്ള ഒരു ദൂതനാണെന്നുള്ള തന്റെ നിയോഗത്തേയും തെളിയിച്ചു എന്നു നമുക്കറിയാം. ഇതുമാത്രമല്ല, അദ്ദേഹത്തിന്റെ അവകാശത്തെ വിശ്വസിക്കേണ്ടതാണെന്നു തെളിയിച്ചു കഴിഞ്ഞതിന്റെശേഷം, അദ്ദേഹം ദൈവം തന്നെയാണെന്നും, ദൈവം മനുഷ്യനായതാണെന്നും, മനുഷ്യരൂപധാരിയായ ഈശ്വരനാണെന്നും, അവകാശപ്പെട്ടു. ഈ അവകാശത്തെ കേട്ടു അനേകർ അദ്ദേഹത്തെ നിന്ദിക്കയും ഒരു ഈശ്വരനിന്ദകനെന്നുവെച്ചു അദ്ദേഹത്തെ കൊല്ലുകയും ചെയ്തു. എങ്കിലും ഏതാനും പേർ അദ്ദേഹത്തെ സ്വീകരിക്കയും സത്യമായ യേശുക്രിസ്തുവും ജീവനുള്ള ദൈവത്തിന്റെ പുത്രനും എന്ന നിലയിൽ അദ്ദേഹത്തെ കുമ്പിട്ടാരാധിക്കയും ചെയ്തുവെന്നു നമുക്കറിയാം. അവർ പോയി അദ്ദേഹത്തെക്കുറിച്ചു ലോകരോടു ഉപദേശിക്കുവാനും, "നിന്റെ കൎത്താവായ ദൈവത്തെ നീ സ്നേഹിക്കണം" എന്നും "നിന്റെ അയൽക്കാരനെ നിന്നെപ്പോലെ തന്നെ സ്നേഹിക്കണം" എന്നും ഉള്ള രണ്ടു എളുപ്പമായ അടിസ്ഥാനങ്ങളിന്മേൽ മനുഷ്യൎക്കുവേണ്ടി പുതിയ ഒരാദൎശം അവർ പണിചെയ്യേണമെന്നും ഈ മനുഷ്യരോടു അദ്ദേഹം കല്പിച്ചു. അതിന്റെ പ്രതിഫലമായി അവൎക്കു പീഡയും, അധിക്ഷേപവും, ദ്രോഹവും, നിന്ദയും, മരണം പോലും, ഉണ്ടാകുമെങ്കിലും അവർ പഠിപ്പിച്ചമതം അവസാനമായി ലോകത്തെ മുഴുവനും ജയിച്ചുകളയുമെന്നു അദ്ദേഹം അവൎക്കു വാഗ്ദാനംചെയ്തു. ഈ മനുഷ്യർ ഭയപ്പെട്ടും വിറച്ചുമാണെങ്കിലും വിശ്വാസത്തോടും സ്ഥിരോത്സാഹത്തോടുംകൂടെ തങ്ങളോടു കല്പിച്ചപ്രകാരം പുറപ്പെട്ടുപോയി. ഈ യേശുക്രിസ്തുവിനെക്കുറിച്ചു മററുള്ളവരോടു പ്രഖ്യാപനം ചെയ്കയും, അദ്ദേഹത്തിന്റെ

ഉപദേശങ്ങളെ വിവരിച്ചുപറകയും, അവയെ അനുസരിച്ചു ജീവിക്കയും, മതസംബന്ധമായും, ധാർമ്മികമായും, സാമൂഹ്യമായും, രാഷ്ട്രീയംപോലുമായുള്ള മനുഷ്യവംശത്തിൻെറ സകല ദോഷങ്ങളുടെയും സിദ്ധൌഷധമായി അദ്ദേഹത്തെയും അദ്ദേഹത്തിൻെറ വചനത്തെയും സകലാവസ്ഥകളിലും സകലവിധത്തിലുമുള്ള ജനങ്ങളുടെ മുമ്പാകെ പ്രകാശിപ്പിക്കയും ചെയ്തു. മററു മനുഷ്യർ കേൾക്കയും വിശ്വസിക്കയും ക്രിസ്തുവിനെ തങ്ങളുടെ ഗുരുവും മാതൃകയുമായി സ്വീകരിക്കയും ചെയ്തു. എഫേസൂസിലെ നിർദ്ധനന്മാരായ ശില്പികളും, തെസ്സാലീയിലെ അടിമകളും ഏതൻസിലെ തത്വജ്ഞന്മാരും, കോറന്തിലെ കച്ചവടക്കാരും, അലെക്സാന്ത്രിയയിലെ പണ്ഡിതന്മാരും, റോമയിലെ രാജ്യതന്ത്രജ്ഞന്മാരും, കാർത്തേജിലെ സാഹസികന്മാരും, ബ്രിട്ടനിലെ അമർയ്യാദന്മാരായ ജനങ്ങളും—ഇവരെല്ലാവർക്കും തങ്ങളുടെ കാലത്തുണ്ടായിരുന്ന മുഖ്യമായ പ്രശ്നത്തിനുമതിയായ ഒരു സമാധാനം ഇതാ ഉണ്ടായിരിക്കുന്നു എന്നും അതു മനുഷ്യരുടെ ഇടയിൽ ഓരോരുത്തനും അവൻെറ ശരിയായ സ്ഥാനം ഉറപ്പിക്കയും ജീവിതത്തിനു തന്നെ പുതിയ ഒരർത്ഥം കൊടുക്കയും ചെയ്യുന്നു എന്നും ഒരുപോലെ തോന്നുകയുണ്ടായി. ഉടനെ ഈ ഒഴുക്കിനു ശക്തി വർദ്ധിച്ചു, അതു ഒരു ജലപ്രവാഹമായിത്തീർന്നു. ജുഗുപ്സകൊണ്ടു അതിനെ അമർത്തുവാൻ കഴിഞ്ഞില്ല. രക്തപാതത്തിനു അതിനെ ഉണക്കുവാൻ സാധിച്ചില്ല. പിന്നെയോ, ദുർന്നിവാരമാംവണ്ണം അതു

പശ്ചിമലോകത്തിൻെറ സകല ഭാഗ
ങ്ങളിലേക്കും ഒഴുകുകയും

ആ ഒഴുക്കിനിടയിൽ അതിൻെറ വൈപുല്യം കൂടിക്കൂടിവരികയുംചെയ്തു ഇതിൻെറ ഫലം എന്തായിരുന്നു? പശ്ചിമരാജ്യത്തിൻെറ നായികയായിരുന്ന റോമാസാമ്രാജ്യം ക്രമേണ ക്ഷയിച്ചു ദുഷ്ടതയിലും ദൌരാത്മ്യത്തിലും മഗ്നമായിപ്പോയി. ലോകാവസാനം വന്നിരിക്കുന്നു എന്നും, സീമാതീതമായ നൈരാശ്യമല്ലാതെ മറെറാന്നും ശേഷിച്ചിട്ടില്ലെന്നും, മേലിൽ തിന്നുകയും കുടിക്കയുംചെയ്തുകൊണ്ടു ഉല്ലസിക്കുന്നതാണു തങ്ങൾക്കു ഏററം നല്ലതെന്നും, നാളെ തങ്ങൾ മരിച്ചുപോകുമെന്നും മനുഷ്യർ പറകയും എഴുതുകയും ചെയ്തു. ഈ കലക്കത്തിൻെറയും നാശത്തിൻെറയും ഇടയിൽ ക്രിസ്തുവിൽ വിശ്വസിച്ചിരുന്നവർ ജീവിക്കയും വേലചെയ്കയും ചെയ്തു. അവർ അവരുടെ നേതാവായ അദ്ദേഹത്തോടുകൂടെ നിന്നു. അവസാനമായി സകലവും നശിച്ചു എന്നു കണ്ടപ്പോൾ അവർ ഭൂമിക്കുകീഴുള്ള തങ്ങളുടെ അറകളിൽനിന്നും പതുക്കെ പുറത്തുവന്നു. അപ്പോൾ അതാ അദ്ദേഹത്തിന്മേലും, അദ്ദേഹത്തിൻെറ ഉപദേശത്തിന്മേലും

ഒരു പുതിയ പരിഷ്കാരത്തിൻെറ

അടിസ്ഥാനം മുമ്പു തന്നെ ഇടപ്പെട്ടിട്ടുള്ളതായി കണ്ടു. അനന്തരം മ്ലേഛന്മാരുടെ (Barbarian) മഹൌഘങ്ങൾ യൂറോപ്പിൽ മരണത്തെയും നാശത്തെയും വ്യാപിപ്പിച്ചു. ക്രമേണ അതിനെ മിക്കവാറും ആരും സൂക്ഷിക്കാതിരിക്കെ, അവർ പരാജിതന്മാരാകയും, സമാധാനത്തോടെ പലേടങ്ങളിലുമായി വസിക്കയും ചെയ്തു. അവരെ ജയിച്ചതു വാൾ അല്ല. അവരുടെ ഇടയിൽ വ്യാപിച്ചതു് ക്രിസ്തുവിൻെറ ഉപദേശവും, അവരുടെ ദുർമ്മോഹത്തെ അകററുവാൻ അവരെ നിർബ്ബന്ധിക്കയും നീതിയുടേയും ശൌര്യത്തിൻെറയും പാണ്ഡിത്യത്തിൻെറയും പുതിയ ആദർശങ്ങൾ അവർക്കു കൊടുക്കയും ചെയ്തതു ക്രിസ്തുവിൻെറ അധികാരവുമായിരുന്നു. പല ശതാബ്ദങ്ങൾ കഴിഞ്ഞപ്പോൾ ആ മ്ലേഛന്മാർ നാനാജാതികളായി തിരിയുകയും ഈ ജാതികൾ വളർന്നു ബലപ്പെട്ടു് ഓരോ സ്വാഭാവവിശേഷത്തോടുകൂടെ സ്ഥിതിചെയ്കയും ചെയ്തു. അവരുടെ വളർച്ചയിൽ അവർ പോഷിപ്പിക്കപ്പെടുകയും, ന്യായം, ക്രമം, എന്നവയിൽ അവർക്കു പരിശീലനം സിദ്ധിക്കയും, യേശുക്രിസ്തുവിൻെറ സദാ ജീവിച്ചുകൊണ്ടിരുന്ന ശക്തിയുടെ പ്രവൃത്തിയാൽ അവർ വളർന്നുവന്നപ്പോൾ തമ്മിൽ തമ്മിലുള്ള അവകാശങ്ങളെ ബഹുമാനിക്കത്തക്കവണ്ണം സ്വയമേവ നിരുദ്ധന്മാരായിത്തീരുകയും ചെയ്തു. ഇവയെല്ലാം സയുക്തികമായ തർക്കത്തെ കവിഞ്ഞ സംഗതികളാകുന്നു. മിതമാനസന്മാരായ പണ്ഡിതന്മാർ യൂറോപ്പുചരിത്രം അധികമധികമായി പഠിച്ചുവരുംതോറും, അവർ ഏതുവർഗ്ഗക്കാരോ വിശ്വാസക്കാരോ ആയിരുന്നാലും, അത്ര പരിഷ്കൃതമായ സാധനത്തിൽനിന്നു യൂറോപ്പു ജാതികളെ ഉണ്ടാക്കുകയെന്നതു ശക്യമാകുവാനും യഥാർത്ഥമായി അതു സാധിപ്പാനും കഴിഞ്ഞതു മനുഷ്യവംശത്തിന്മേലുള്ള ക്രിസ്തുവിൻെറ ശക്തിയാ

ത് മാത്രമാണെന്നു നന്ദിപൂർവ്വം സമ്മതിക്കയും ചെയ്യുന്നു. പ്രധാനന്മാരായ ആരും ആ തെളിവിനെ നിഷേധിക്കുന്നില്ല. ആധുനികരാജ്യതന്ത്രത്തിന്റെ അന്ധകാരവും, സംകീർണ്ണതയും, ഇക്കാലത്തെ ഭാഷകളുടെ കുഴപ്പവും, നിമിത്തമാണു അതിനെ ജനങ്ങൾ വിസ്മരിക്കയും അവഗണിക്കയും ചെയ്യുന്നതു്. എങ്കിലും ഇന്നു മനുഷ്യർ അവരുടെ കണ്ണുകളെ ഉയർത്തി നോക്കുകമാത്രം ചെയ്യുന്നപക്ഷം, അവരുടെ ഇടയിലും അവക്കു ചുറ്റും അൽഭുതശക്തി തന്നെ മനുഷ്യരെ ഉയർത്തുകയും, പൂർവ്വജാതികൾക്കു പുതിയ ജീവൻ കൊടുക്കയും, ബാലന്മാക്കു അടിസ്ഥാനങ്ങളെ ഇടുകയും, യേശുക്രിസ്തുവിന്റെ നാമത്തിൽ "സകലത്തെയും നവീകരിക്കയും", ചെയ്യുന്ന പ്രവൃത്തിയിൽ ഉദ്യോഗിച്ചിരിക്കുന്നതായി അവക്കു കാണാം. യൂറോപ്പിന്റെ സുന്ദരമായ മുഖത്തു ഹാ! സവ്രണങ്ങളായ സ്ഥലങ്ങളും അന്തർഗതമായ രോഗത്തിന്റെ ലക്ഷണങ്ങളും ഉണ്ടായിരിക്കുന്നു. എങ്കിലും ഇവയെക്കുറിച്ചു നിങ്ങൾ അന്വേഷിച്ചറിയുവിൻ. അപ്പോൾ അതേ സ്ഥലങ്ങളിൽ തന്നെയാണ് ക്രിസ്തുവിന്റെ ശക്തി ക്ഷയിച്ചിരിക്കുന്നതെന്നു നിങ്ങൾക്കു കാണാം. അദ്ദേഹത്തിന്റെ നാമധേയം വിസ്മരിക്കപ്പെട്ടിരിക്കുന്നു. അമേരിക്കാ ഒരു പുതിയ ലോകമാകുന്നുവല്ലോ. ഒരു ശതാബ്ദത്തിൽ അല്പമാത്രം കൂടിയ കാലത്തിനിടയിൽ ജാതികളുടെ ഇടയിൽ അതു ഒരു മുഖ്യസ്ഥാനത്തേക്കു ചാടിവീണിരിക്കുന്നു. ഇക്കഴിഞ്ഞ ഏതാനും സംവത്സരങ്ങൾക്കിടയിൽ അതിന്റെ ദക്ഷിണഭാഗത്തുള്ള പ്രജാധിപത്യം ഭാവികാലത്തു വലിയ കാര്യങ്ങൾ ചെയ്വാൻ ശക്തമായിത്തീരുമെന്നു തോന്നിത്തുടങ്ങിയിരിക്കുന്നു. ഈ വളർച്ചയെ സൂക്ഷിച്ചറിയുവിൻ, എന്നാൽ ആ രാജ്യന്റെ ഉത്തരഭാഗത്തു ഈ ശതാബ്ദത്തിനിടയിൽ ക്രിസ്തുവിന്റെ സഭ പത്തു ലക്ഷത്തിൽനിന്നു ഇരുനൂററി അമ്പതു ലക്ഷത്തോളമായി വർദ്ധിച്ചിരിക്കുന്നുവെന്നു നിങ്ങൾക്കു കാണാം. ദക്ഷിണഭാഗത്താകട്ടെ, ജാതികൾ അവരുടെ പ്രഭുവായ ക്രിസ്തുവിന്റെ നാമത്തിൽ തങ്ങളുടെ ഇടയിൽ വീണ്ടും സമാധാനത്തെ അന്വേഷിച്ച ദിവസം മുതൽക്കു അഭ്യുദയത്തിന്റെ ഉഷസ്സാരംഭിക്കയുണ്ടായി. എന്നുമാത്രമല്ല അമേരിക്കയിൽ തന്നെയല്ല ആസ്യായിലും

ക്രിസ്തുവിന്റെ നാമം

എന്നുവച്ചാൽ ഏതുമനുഷ്യനും അതിന്റെ അർത്ഥം എന്താകുന്നു? ഞാനിവിടെ ക്രിസ്തുവിൽ വിശ്വസിക്കുന്നവരോടും വിശ്വസിക്കാത്തവരോടും ഒരുപോലെയാണ് ഈ ചോദ്യം ചോദിക്കുന്നതു്. ക്രിസ്തുനാമത്തിന്റെ അർത്ഥം പക്ഷെ യന്ത്രസാമഗ്രികളെന്നോ തീവണ്ടിവഴികളെന്നോ ഐശ്വര്യമെന്നോ ആയിരിക്കയില്ല. ഇവ അഭ്യുദയത്തിന്റെയും സമാധാനത്തിന്റെയും കരണങ്ങൾ മാത്രമാകുന്നു. ഇവ ഒരു അനുഗ്രഹമെന്നപോലെ തന്നെ ഒരു വലിയ ആപത്തുമായി തീരുന്നക്കാം. ശക്തിയെന്നുമായിരിക്കയില്ല അതിന്റെ അർത്ഥം. സ്പഷ്ടത കുറഞ്ഞവിധത്തിൽ അങ്ങനെ ഒരർത്ഥം അതിനില്ലെന്നില്ല. പക്ഷെ അതായാൽ അതിന്റെ ആഡംബരവും പ്രതാപവും വെട്ടിനീക്കിക്കളയണം. എങ്കിലും മനുഷ്യജാതിയുടെ സത്യമായ നന്മക്കുവേണ്ടി ഇവയെല്ലാററിലും അധികം അർത്ഥവത്തായ ഒരർത്ഥം അതിനുണ്ടു. സംസ്കാരം സിദ്ധിച്ചിട്ടില്ലാത്തവരുടെ ശിക്ഷണം അഥവാ അഭ്യാസം എന്നു അതിനർത്ഥമുണ്ട്. യേശുക്രിസ്തു വെള്ളപ്രദേശത്തുക്കൂടെ കടന്നുപോകുന്നേടത്തെല്ലാം അസംസ്കൃതവർഗ്ഗങ്ങൾ ആജ്ഞാനുസരണമെന്നതു ശീലിക്കയും സമാധാനത്തോടുകൂടിയ ഒരുജീവിതം ജീവിക്കയും ചെയ്തിട്ടുണ്ട്. വനത്തിലെ ഏററവും താണവരായ ജനങ്ങളിൽ താല്പര്യമെന്നുള്ള ഒരർത്ഥം അതിനുണ്ട്. പറയനായാലും, സ്പർശിക്കപ്പെടുവാൻ പാടില്ലാത്തവനായാലും, അവൻ അദ്ദേഹത്തിന്റെ രക്ഷ എത്താത്തവനായി വിചാരിക്കപ്പെടുന്നില്ല. ദരിദ്രന്മാരുടെ രക്ഷണം എന്നും അതിനു അർത്ഥമുണ്ട്. യേശുക്രിസ്തുവിന്റെ അധികാരം നടത്തപ്പെടുന്നേടത്തെല്ലാം അനാഥന്മാർ രക്ഷിക്കപ്പെടുകയും, വൃദ്ധന്മാക്കു ഭവനം കൊടുക്കപ്പെടുകയും രോഗികളും ദുഃഖിതന്മാരും പരിപാലിക്കപ്പെടുകയും ചെയ്യുന്നു. വിദ്യാഭ്യാസപ്രചാരം എന്നും അതിനു പ്രാപിക്കാവുന്ന എല്ലാവക്കുംവേണ്ടി പാഠശാലകളുടേയും വിദ്യാഭ്യാസത്തിനുള്ള സ്ഥാപനങ്ങളുടേയും വദ്ധനം എന്നും അതിനു അർത്ഥമുണ്ടു. സർവ്വപ്രധാനമായും ഇവയൊക്കെക്കും മുമ്പായും മനുഷ്യനെത്തന്നെ പരിപൂർണ്ണനാക്കുകയെന്നും അതിനു അർത്ഥമുണ്ട്. ഇതിന്റെ ഉദ്ദേശ്യം പരിപൂർണ്ണനാക്കപ്പെട്ട ഒരോരുത്തൻ മൂലമായി മനുഷ്യർ ഒരു പരിപൂർണ്ണവർഗ്ഗമാകത്തക്കവണ്ണം സകല മനുഷ്യരുടേയും ആദർശമായ പുരുഷനോടു അനുരൂപ്യം ഉണ്ടായിരിക്കണമെന്നാകുന്നു. "ഒരു പരിപൂർണ്ണവർഗ്ഗമാകത്തക്ക

വണ്ണം" എന്ന വാക്യത്തെ ഞാൻ ആവർത്തിച്ചുപറയട്ടെ. ക്രിസ്തുവിൻെറ സഭ ജാതികളുടെ ശത്രുവാണെന്നും ഒരാക്ഷേപമുണ്ട്. അതു രാജ്യഭരണങ്ങളിലും അധികാരങ്ങളിലും പ്രവേശിക്കുന്നു എന്നും, രാജഭക്തിക്കും സ്വാതന്ത്ര്യത്തിനും സ്വന്തമായിരിക്കുന്ന അഭിലാഷങ്ങൾക്കു വിരോധമായിട്ടാകുന്നുവെന്നും ഒരാക്ഷേപമുണ്ട്. ഇതിനു ഉത്തരമായി ഞാൻ ഒന്നാമതു തന്നെ ഈ ആക്ഷേപം ഒരു അസത്യമാണെന്നു തീർത്തുപറയട്ടെ. നാം നാലു സംവത്സരങ്ങൾ ഭയങ്കരദുഃഖങ്ങളിൽക്കൂടി കടന്നുപോയിരിക്കുന്നു. നമ്മുടെ ജനങ്ങൾ മററുള്ളവരെപ്പോലെ അവരുടെ രക്തം ചൊരികയുണ്ടായി. സൈന്യങ്ങളോടു സംബന്ധിക്കപ്പെട്ട നമ്മുടെ വൈദികന്മാർ യുദ്ധക്കളത്തിൽ ഒരു ബഹുമാനപാത്രമായിരുന്നു എന്നു ഞാൻ ശേഷമുള്ളവരേക്കാൾ ധൈര്യം അവലംബിച്ചു പറയട്ടെ. യുദ്ധത്തിൽ ജയം പ്രാപിച്ചപ്പോൾ ആ ജയത്തിൻെറ പ്രതാപം തങ്ങളുടെ രാജ്യത്തിൻെറയും തങ്ങളുടെ ക്രൈസ്തവമതത്തിൻെറയും നേരെ ഭക്തിയുള്ളവരായിരുന്നവർ സിദ്ധിച്ചു. സമരം നടന്നുകൊണ്ടിരിക്കയിൽ നാം രാജഭക്തിയില്ലാത്തവരെന്നൊ, സ്വാതന്ത്ര്യത്തിനു ഒരു പ്രതിബന്ധമാണെന്നോ സൂചിപ്പിക്കുന്നതായി ഒന്നും പറയപ്പെട്ടിട്ടില്ല. പക്ഷെ ഈ സംഗതിയെ ഞാൻ നീക്കിവെച്ചു രണ്ടാമതായി എല്ലാവരോടും ചോദിക്കുന്നതു, ഈ വിധമുള്ള ആക്ഷേപങ്ങളെ കൊണ്ടുവരുന്നവർ വാസ്തവസംഭവങ്ങൾകൊണ്ടു അവരുടെ സങ്കല്പത്തെ തെളിയിക്കട്ടെ എന്നാകുന്നു. എന്നാൽ ഈ സംഗതിയിൽ,

### വാസ്തവസംഭവങ്ങൾ എന്തെല്ലാമാകുന്നു?

നിങ്ങൾ തന്നെ ലോകത്തിലെല്ലായിടത്തും നോക്കുക. ഈ ഇന്ത്യയിൽതന്നെ നോക്കിയാലും! അപ്പോൾ അവ വളരെ തെളിവായി രേഖപ്പെട്ടിട്ടുള്ള പ്രകാരം നിങ്ങൾക്കു കാണുവാൻ കഴിയും. ക്രിസ്തുവിൻെറ സത്യമായ സഭ ദേശീയമല്ലെന്നും അതിൻെറ സ്വഭാവത്താൽതന്നെ അപ്രകാരമാകുവാൻപാടില്ലെന്നും ഞാൻ സമ്മതിക്കുന്നു. അതു ഇംഗ്ലിഷൊ, ജെർമ്മനൊ, ഇത്താലിയനൊ, അല്ല. അതു ആസ്യയെ സംബന്ധിക്കുന്നതിനേക്കാൾ അധികമായി യൂറോപ്പിനേയൊ അമേരിക്കയെയൊ സംബന്ധിച്ചതല്ല. അതു എല്ലാവരുടേയും ഒരുപോലെയുള്ള, സർവ്വസാധാരണമായ, സഭയാകുന്നു. ഞാൻ ഇപ്പോൾ ആരോടു ഭാഷണം ചെയ്യുന്നുവൊ, ആ സദസ്സിനേക്കാൾ അധികമായി മറെറാന്നുകൊണ്ടും ഈ സത്യം തെളിയിക്കുവാൻ കഴികയില്ലെന്നുള്ളതു സംശയമില്ലാത്ത ഒരു കാര്യമാകുന്നു. ഇവിടെ കൂടിയിരിക്കുന്ന നാം ഇംഗ്ലീഷ്കാരും, ഫ്രാൻസ്കാരും, ഇത്താലിയാക്കാരും, പോർത്തുഗീസുകാരും, മററനേകരും ആകുന്നു. നമ്മുടെയിടയിൽ ഇന്ത്യാക്കാരും, ബർമ്മാക്കാരും ഉയർന്ന ജാതികളും താണജാതികളും, ഉണ്ട്. നാം സകല വർഗ്ഗങ്ങളുടേയും പ്രതിനിധികളാകുന്നു. ഇങ്ങനെയൊക്കെയായാലും, നമ്മുടെ സഭയിൽ ഇത്രവളരെ ജാതികൾ അടങ്ങിയിരിക്കുന്നതുകൊണ്ടു നാം തന്നെ ഒരു ജാതിയിലും പെട്ടിട്ടില്ലാത്തവരാണെന്നു പറവാൻ ആരാണു തുനിയുന്നതു? വാസ്തവമെന്തെന്നാൽ, നമ്മുടെ രാജ്യത്തിൻെറ നേരേയുള്ള ഈ സ്നേഹംതന്നെയാണു നമ്മെ ഇവിടെ ഒന്നായികൊണ്ടുവന്നിരിക്കുന്നതു്. നമ്മുടെ സഭയുടെ നേരെ നമുക്കുള്ള ഈ സ്നേഹം തന്നെയാണു നമ്മുടെ രാജ്യത്തെ നാം സ്നേഹിക്കുവാൻ അധികമധികമായി കാരണമാകുന്നതു. ഇതു മാത്രമല്ല, നാം ഭൂതകാലത്തേക്കു നോക്കുന്നതായാൽ, ക്രൈസ്തവസഭയുടെ വക്ഷസ്സിലല്ലാതെ നാനാജാതികൾ അതതിൻെറ വിശേഷ മനോഭാവത്തോടുകൂടെ വളർത്തപ്പെട്ടുവന്നിരിക്കുന്നതു എവിടെയാണു? ഇവിടെ ഞാൻ കേവലം അപ്രസ്തുതമായ ഒരു കാര്യം പറഞ്ഞുകൊള്ളട്ടെ. നാം

### യൂറോപ്പിനെ ഇന്ത്യയോടു താരതമ്യപ്പെടുത്തുമ്പോൾ

ഒരു സംഗതി നമുക്കെല്ലാവർക്കും അത്ഭുതകരമായി തോന്നേണ്ടിയിരിക്കുന്നു. യൂറോപ്പിൽ ഇക്കഴിഞ്ഞ ഏതാനും നൂററാണ്ടുകൾക്കിടയിൽ നാനാജാതികൾ പരസ്പരവ്യത്യാസങ്ങളോടുകൂടിയാണു വളർന്നുവന്നിരിക്കുന്നതു്. ഓരോന്നിനു സ്വീയമായ നിയമസംഹതിയും, അവകാശങ്ങളും, സ്വതന്ത്രതകളും ഉണ്ട്. ഇന്ത്യയിലാകട്ടെ, നമുക്കു ഒരു വിശാലമായ ഭൂഖണ്ഡമാണുള്ളതു്. വ്യക്തിയോടുകൂടെ വളരുവാൻ അതിനിടവന്നിട്ടില്ല. അതിലെ നാനാജാതികൾ ഒരു അസാധ്യമായ സങ്കീർണ്ണകമായി കുഴഞ്ഞുപോയിരിക്കുന്നു. ഇതിൻെറ ഫലമായി അതുവഴിക്കുവഴി വന്ന ആക്രാമകന്മാർക്കിരയായി തീർന്നിരിക്കുന്നു. ഇതിൻെറ കാരണമെന്തു?

ജാതികളെ ബഹുമാനിക്കയും ജാതികൾ തമ്മിൽ ബഹുമാനിക്കണമെന്നു പഠിപ്പിക്കയും ചെയ്ത ഒരു സഭയാണു യൂറോപ്പിൻെറ നേതൃത്വം വഹിച്ചതു്. കഴിഞ്ഞ കാലങ്ങളിൽ ഇന്ത്യക്കു അങ്ങിനെ വല്ല രക്ഷിതാവും ഉണ്ടായിരിക്ക മാത്രം ചെയ്തിരുന്നെങ്കിൽ അതു ഇന്നു ലോകത്തിൽ ജാതികളുടെ എത്ര സംയുക്തമായ ഒരു ശക്തിയാകുമായിരുന്നു! ഇക്കാലത്തുപോലും വീണ്ടും ഓരോ പുതിയ ജാതികൾ ഉണ്ടായിക്കൊണ്ടിരിക്കെ, തങ്ങളുടെ അവകാശത്തിൻെറ രക്ഷക്കായി ഒരുവിധം സഹജജ്ഞാനത്താലെന്നപോലെ, അവർ എവിടെക്കാണു നോക്കുന്നതു? ന്യായംകൂടാതെയല്ല; അവരെല്ലാവരും ക്രിസ്തുവിൽ വിശ്വാസമുള്ള സകലരുടെയും പിതാവായ റോമയിലെ

പരിശുദ്ധ പിതാവിൻെറ അടുക്കലേക്കു
രാജദൂതന്മാരെ

അയക്കയും അദ്ദേഹത്തിൽ നിന്നു പ്രണിധികളെ ലഭിക്കയും ചെയ്തുകൊണ്ടിരിക്കുന്നു. ക്രൈസ്തവ മതത്തിൻെറ പരമനായകനു ചുററും നിൽക്കുവാൻ ഇത്രയധികം ജാതികളുടെ പ്രതിനിധികളെ അയക്കുവാൻ ആവശ്യപ്പെട്ട ഒരു കാലം ഇപ്പോഴത്തെപ്പോലെ ഇതിനുമുമ്പു ലോകചരിത്രത്തിൽ ഒരിക്കലുമുണ്ടായിട്ടില്ല. ജാപ്പാൻ വൃഥാവിലല്ല അതിൻെറ രാജദൂതനേയും, ചൈന അതിൻെറ രാജപ്രതിനിധിയേയും, അയച്ചതു്. കോൺസ്റ്റാന്തിനോപ്പിളിൽ തുർക്കികൾ പരിശുദ്ധ പിതാവിനു ഒരു സ്മാരകം പണിചെയ്തതു വൃഥാവിലല്ല. യൂറോപ്പിൽ നിന്നു കലിഫാത്തു കമ്മിററി ഈയിടെ തിരിച്ചുവന്നപ്പോൾ, പശ്ചിമരാജ്യത്തെ അധികൃതന്മാരിൽവച്ചു റോമയിലെ പാപ്പാ മാത്രമേ തങ്ങളെ ഗ്രഹിച്ചിട്ടുള്ളു എന്നു അവർ ഉച്ചരിച്ചതു് വ്യർത്ഥമായ ഒരു വചനമല്ല. തിരുസഭ ജാതികളുടെ ശത്രുവാണെന്നു അധിക്ഷേപിക്കുന്നതു തീരെ അസത്യമാണെന്നു ഞാൻ പറയുമ്പോൾ, നാം എല്ലാവരുടെയും ഹൃദയങ്ങളിൽ പ്രത്യേകം എരിയുന്നുവെന്നു എനിക്കറിവുള്ള സ്വദേശാഭിമാനം എന്നീ സംഗതിക്കു പുറമേ നിങ്ങൾക്കു ചൂണ്ടിക്കാണിച്ചു തരപ്പെടാവുന്ന ഏതാനും വാസ്തവസംഭവങ്ങളാകുന്നു ഇപ്പോൾ പറയപ്പെട്ടവ. ആകയാൽ ഈ കാര്യം ഞാൻ ഇപ്പോൾ നീക്കിവെക്കട്ടെ. അതിനു പകരം കത്തോലിക്കരായ നാം നമ്മുടെ രാജ്യത്തിൻെറ അഭിവൃദ്ധിക്കായി എന്തു ദാനമാണു കൊടുക്കുവാൻ മനസ്സായിരിക്കുന്നതെന്നു എന്നാൽ കഴിയുന്നേടത്തോളം വ്യക്തമായി, മുൻ പറഞ്ഞ വചനങ്ങളെത്തന്നെ, ഞാൻ ആവർത്തിച്ചു പറയട്ടെ. ധനമെന്നതു് നമുക്കു സ്വല്പമേയുള്ളു. മിക്കവാറും ഒന്നുമില്ലെന്നു പറയാം. അധികാരത്തിനുള്ള മാർഗ്ഗങ്ങളെ ദൈവത്തിൻെറ പൂർവ്വാധികമായ പ്രതാപത്തിനും മനുഷ്യരുടെ ഗുണത്തിനും അതുപകരിക്കുന്ന സംഗതിയിലൊഴികെ, നാം ആഗ്രഹിക്കുന്നില്ല. എങ്കിലും തങ്ങൾ ഉയർന്നവരായാലും താണവരായാലും, ഇന്ത്യക്കാരെയും ഇംഗ്ലീഷ്കാരെയും, മനുഷ്യരെ സാമാന്യമായും, അധികം നന്നാക്കുന്നതായി നമുക്കുള്ളതെല്ലാം ഓരോരുത്തനും എല്ലാവൎക്കും കൊടുപ്പാനുള്ള

സ്വാതന്ത്ര്യ

ത്തിനായി അപേക്ഷിക്കുവാൻ നാം മനസ്സുള്ളവരാകുന്നു. നാം ഇതുവരെ ചെയ്തിട്ടുള്ളപോലെ മേലിലും നമ്മുടെ രാജ്യത്തിനു ദാനം ചെയ്യേണ്ടിയിരിക്കുന്നു. ധനത്തിൻെറ വർദ്ധനത്തേയോ, സൈന്യങ്ങളുടെ ശക്തിയേയോ, ജീവിതസുഖങ്ങളുടെ ബാഹുല്യത്തേയോകാൾ ഈ നല്ല ജനങ്ങളെ സകല സാമ്രാജ്യങ്ങളുടെയും ഭാവിയായ സമാധാനത്തിനും അഭ്യുദയത്തിനുംവേണ്ടി വിശ്വസിക്കണമെന്നു നാം ആവശ്യപ്പെടുന്നു. ക്രിസ്തുവിൽ പ്രിയ പുത്രന്മാരേ, ഈ ഉദ്ദേശ്യമാകുന്നു നാമെല്ലാവരെയും ഈ മഹായോഗത്തിൽ ഒന്നിച്ചു കൊണ്ടുവന്നിരിക്കുന്നതെന്നു ഞാൻ അഭിപ്രായപ്പെടുന്നു. നാം കത്തോലിക്കരാകുന്നു. നാം ഇന്ത്യയിലെ കത്തോലിക്കരാകുന്നു, സാർവ്വത്രികമായ സഭയുടെ അവയവങ്ങളുമാകുന്നു. ഈ സഭയിൽ ലോകമൊക്കെയിലുംകൂടി മൂവായിരത്തിലധികം ലക്ഷം ജനങ്ങളുണ്ടെങ്കിലും നാം സ്നേഹിക്കുന്ന ഒരു രാജ്യത്താകുന്നു അവർ വസിക്കുന്നതു്. അതിനു ഭാവികാലത്തിൽ

അനേക കാര്യങ്ങൾ സാധിപ്പാൻ കഴിയും.

അതിനായി നമ്മാൽ കഴിയുന്നേടത്തോളം സഹായിപ്പാൻ നാം ഒരുക്കമുള്ളവരാകുന്നു. നമ്മുടെ ഈ പ്രവൃത്തിക്കു നമ്മുടെ യോഗങ്ങൾ പ്രയോജനകരങ്ങളായിരിക്കട്ടെ. നമ്മുടെ യത്നങ്ങളേയും, നാം വഴിയായി സഹോദരത്വേന നാം സ്വീകരിക്കുന്ന സകലരേയും, ദൈവം അനുഗ്രഹിക്കുമാറാകട്ടെ.

സി. അന്തപ്പായി ബി. ഏ.

# മരിയമഹാസഭാമാഹാത്മ്യം

(ഫാദർ സൈമൺ സി. ഡി.)

"എല്ലാംജാതിജനങ്ങളുമതിയായ്
ച്ചൊല്ലീടും സ്തുതിമേലിലെനിക്കു"
ദിവ്യാത്മാവു നിറഞ്ഞിട്ടാരാ-
ണീവിധമൊരുനാളരുളിച്ചെയ്തു?
"നലമൊടുവനിതാ സന്തതിസർപ്പ-
ത്തലയെയങ്ങു തകർത്തിടു"മെന്നു
ഏതൊരുനാരീമണിയെപ്പററി
വേദാഗമമതിലോതീടുന്നു?
"നന്മനിറഞ്ഞവളേ! ശുഭമസ്തു!
മേന്മ നിനക്കീ നാരിഗണത്തിൽ"
ഇമ്മഹിയിൽ വന്നാരൊടായി
സന്മനസ്സീവിധമഭിവാദിച്ചു?
ആ നാരീമണിയായീടുന്നു
വാനോർപണിയും മേരീറാണി
ലോകത്തിന്നുടെ രക്ഷകനാകിയ
നാകത്തിന്നധിനാഥനുമാതാ
ദൈവത്തിൻകരതാരിൽ നിന്നീ
ഭുവിൽവന്നതിലുത്തമസൃഷ്ടി
ഇപ്പാരിൽ മനുജർക്കെല്ലാമാ-
യേൽപ്പിക്കപ്പെട്ടുള്ളൊരു ജനനി.
വിണ്ണവനിരയെല്ലാത്തിന്മേലും
പുണ്യാലംബനമുള്ളൊരു രാജ്ഞി
പുത്രൻ രാജാവാകുമ്പോൾ ജന-
യിത്രിക്കെന്തുപറഞ്ഞീടാവൂ!
ഇങ്ങനെയുള്ളൊരു മംഗളമേറിടു-
മംഗനമണിതാൻ കന്യകമറിയം.
നേരേ ക്രിസ്തുവിനേ വേണ്ടുംപോ-
ലാരോ ബഹുമാനിച്ചീടുന്നു.
ആയവരെല്ലാം മറിയത്തേയും
ന്യായംപോലെ വണങ്ങീടുന്നു.
മാതാ,വമ്മ,നായിക,ജനനി
ഏതാദൃശനാമങ്ങളൊഴിച്ചീ
പേരാളുന്നൊരു കന്യകയേയി-
ങ്ങാരുംതന്നെ വിളിക്കാറില്ല.
സർപ്പത്തിന്നുടെ സന്തതിയെന്നാൽ
ദർപ്പമനല്പമിതിങ്കൽക്കാട്ടും
ഇപ്പേർപ്പെട്ടൊരു ലിഖിതം പണ്ടേ
തീർപ്പായ് വേദാഗമമതിലുണ്ടു
മേല്പടിതീർപ്പിന്നു പിശകുവരായ്വാൻ
സർപ്പത്താൻ തന്നനുഗാമികളും
ഉന്നതയാമീജനനിയുടേയ
മാന്യതയിന്മേൽ തലതല്ലുന്നു.
"റോമ്മാക്കാരുടെ കളികണ്ടില്ലേ?
ഇമ്മാത്രത്തിനു വകയെന്തുള്ളൂ?
മേരീവന്ദനകൊണ്ടിവരയ്യോ!
കീറീക്രിസ്തുവിനുള്ളൊരു കീർത്തി.
മറിയം മറിയം എന്നല്ലാതെ
പറയാനൊരുവകയറിയാമേല
ക്രിസ്തു ക്രിസ്തു എന്നല്ലേ നാം
ക്രിസ്ത്യാനിപ്പടപ്പറയേണ്ടുന്നതു്"
പന്നഗസന്തതിയിത്തരമെല്ലാ-
മൊന്നൊഴിയാതെ പുലമ്പുന്നുണ്ടു്.
കൂറുകലർന്നൊരു മക്കളെയെല്ലാം
മാറാതിങ്ങു കലമ്പുന്നുണ്ടു്.
മേരീസ്തുതിയിവരെല്ലാം പറയും
തോറും കൂടിക്കൂടിവരുന്നു.
വല്ലവരും പറയുന്ന കബന്ധ
ച്ചൊല്ലുനിമിത്തം മക്കൾക്കുണ്ടോ
മാതാവിന്നൊടു സ്നേഹാദരമതി
നേതാനും നിലകേടു ഭവിക്കു?
ജനനീമണിയുടെ മഹിമകളൊന്നും
തനയൻ മിശിഹായുടെ മഹിമാവിനു
ലവലേശവുമൊരു ന്യൂനതയല്ലെ-
ന്നിവരാകവെ വഴിപോലറിയുന്നു.
അമ്മയ്ക്കെത്തും സ്തുതികളശേഷം
നിർമ്മലസുതനിൽ പ്രതിബിംബിക്കും
അതിനാൽ കത്തോലിക്കാ ക്രിസ്ത്യനു
ക്ഷിതിയിൽദൈവമൊഴിച്ചുനിനച്ചാൽ
കന്യകമറിയം തന്നെയാകു-
ന്നുന്നതമാവലംബം സതതം
അതിനാൽ പാടാകുംപോലൊക്കെ
ച്ചിതമോടിവളേ ബഹുമാനിപ്പാൻ
തക്കംനോക്കി വസിക്കുകയാണീ
മക്കൾ, മക്കൾക്കൊത്തവിധത്തിൽ.
അത്തരമൊരുതരമാണീയിടയിൽ
സതപരമിഹ മദിരാസിൽ വന്നു
ചൊല്ലൊരിയോരീയവസരമെങ്ങനെ
യിപ്പാരിടവാസികളെപ്പേരും
ഒന്നാകെച്ചേർന്നഹമഹമികയോ-
ടന്യാദൃശമായ് തീർത്തന്നുള്ളതു
ഇന്നീലോകത്താരോടും നാം
ചൊന്നീടേണ്ടും സംഭവമല്ല.
പണവും തൃണവുമൊരുപോലായ്പ്പരി
ഗണനം ചെയ്തുംകൊണ്ടിട്ടല്ലേ
അരലക്ഷത്തിൽപ്പരമിവകയിൽ
ത്തരസാ ബലിയായ് പുട്ടുരൂപാ

വടിയും മുടിയും കൈക്കൊണ്ടാത്മിക-
യിടയന്മാരവരിരുപതിലേറെ
മുന്നൂറിൽക്കവിയുന്ന പടിസ്ഥ
വന്ദ്യതതിരളും പട്ടക്കാരും
ഹിമവാൻ തൊട്ടിഹ സേതുവിനപ്പുറ-
മമരും കത്തോലിക്കജനങ്ങൾ
അല്ലേതരഭിന്നിതവേഷമെഴും
മുപ്പതിനായിരമാളുകളവരും
ഇപ്പടിചേർന്നൊരു കോലാഹലമിനി
യിപ്പാരിൽ കണ്ടിടുവതെപ്പോൾ?
ഭക്ത്യാദരമൊട്ടമാതാവിൻസ്തുതി-
യിത്യേവം ചേർന്നവരു വളർത്തി
ക്രിസ്ത്യേതരരിതുകണ്ടിട്ടത്ഭുത-
മത്യാകുലമതുമൊന്നിച്ചേററു.
അമ്മേ! മേലാൽ നിൻപ്രേമാമൃത-
മിമ്മേദിനിമേൽ പൂർവ്വാധികമായ്
ചിന്തീട്ടന്നതിനലിവുണ്ടാവാൻ
നിന്തിരുവടിയോടർത്ഥിക്കുന്നേൻ!

---

## തിരുഹൃദയഭക്തന്മാർ ൧൯൨൭ കുംഭമാസത്തിൽ വെക്കേണ്ട പൊതുനിയോഗം.

"വിദ്യാലയങ്ങളിലെ വേദപഠനം."

വിദ്യാലയങ്ങളിൽ വേദപഠനം ഇല്ലാതെയാക്കുക; എന്നാൽ ദൈവത്തെ ഈ രാജ്യത്തിൽനിന്നു ഞാൻ ഓടിച്ചുകളയാം" എന്നാണ ഫ്രാൻസിലെ വേദവിരോധിയായ ഒരു മന്ത്രി ഒരിക്കൽ പ്രസ്താവിച്ചത്. വാസ്തവത്തിൽ കത്തോലിക്കമതത്തിൻെറയും സത്യവിശ്വാസത്തിൻെറയും ശത്രുക്കൾ ഇതിലധികം ഫലസിദ്ധിയോടെ ഉപയോഗിച്ചിട്ടുള്ള മറെറാരു മാർഗ്ഗം ഉണ്ടെന്നു തോന്നുന്നില്ല. എന്നാൽ എത്രത്തോളം അവരുടെ ഈ ഉദ്ദേശം സാധിച്ചുവന്നുവോ, അത്രത്തോളം അവരുടെ രാജ്യങ്ങൾക്ക അതു നാശകരമായിപ്പരിണമിക്കയാണുണ്ടായത്. യൂറോപ്പിൽ ഇപ്പോൾ അനുഭവിച്ചുവരുന്ന നാശകരഫലങ്ങൾ ഇതിൽ നിന്നുത്ഭവിച്ചിട്ടുള്ളതല്ലാതെ വേറൊന്നുമല്ല. മദ്ധ്യമഹാജനസഭാനിശ്ചയങ്ങളിൽ ഇതു തെളിവായിപ്പറഞ്ഞിട്ടുള്ളതു ഏവരുടേയും ശ്രദ്ധയ്ക്കു പ്രത്യേകം വിഷയീഭവിക്കേണ്ടതാകുന്നു. "ലോകമഹായുദ്ധവും, ലോകമൊക്കയിലുമെന്നപോലെ വ്യാപിച്ചിരിക്കുന്ന അരാജകത്വവുംകൊണ്ടു, രാജാക്കളും രാജ്യതന്ത്രജ്ഞന്മാരും വിവിധജീവിതാവസ്ഥകളിലുള്ള ഭരണാധികാരികളുമുൾപ്പടെ നേരായ വിചാരബുദ്ധിയുള്ള സകലക്കും, ഇപ്പോൾ നൽകപ്പെട്ടുവരുന്ന ഈശ്വരബോധരഹിതമായ വിദ്യാഭ്യാസത്തിൻെറ ഫലങ്ങളും, സാന്മാർഗ്ഗികകടമകളെ ബാലഹൃദയങ്ങളിൽ ശരിയായിപ്പതിപ്പിച്ചുകൊടുക്കേണ്ട ആവശ്യകതയും വേണ്ടപോലെ ബോധപ്പെട്ടിട്ടുള്ളതിനാൽ" ഈ വിഷയത്തിൽ തക്ക വ്യവസ്ഥകൾ ചെയ്യണമെന്നുള്ളതു കോൺഗ്രസ്സിലെ നിശ്ചയങ്ങളിൽ രണ്ടാമത്തേതായിട്ടുതന്നേ രേഖപ്പെടുത്തിയിട്ടുണ്ട്.

ആകയാൽ കത്തോലിക്കവിദ്യാലയങ്ങളിൽ വേദപഠനവിഷയത്തിൽ അധികൃതന്മാർ വേണ്ട നിഷ്കർഷചെയ്യുകയും, വേദസംബന്ധമായും സന്മാർഗ്ഗസംബന്ധമായും യാതൊരു നിഷ്ഠയുമില്ലാത്ത പാഠശാലകളിൽ തങ്ങളുടെ കുട്ടികളെ അയക്കാതിരിക്കുന്നതിനു മാതാപിതാക്കന്മാർ ജാഗരൂകരായിരിക്കയും ചെയ്യേണ്ടതാകുന്നു. ഉന്നതവിദ്യാഭ്യാസത്തിനായിട്ടോ മറേറാ, വേറെ നിവൃത്തിയില്ലാതെ അന്യമതസ്ഥരുടെ വകപള്ളിക്കൂടങ്ങളിൽ കുട്ടികളെ അയക്കേണ്ടതായി വരുമ്പോൾ അവരുടെ വിശ്വാസത്തിന്നും ക്രിസ്തീയസന്മാർഗ്ഗികജീവിതത്തിന്നും ഹാനിഭവിക്കാതിരിക്കത്തക്കവണ്ണമുള്ള മുൻകരുതലുകൾ ചെയ്യിരിക്കേണ്ടതാണ. ഗൌരവമേറിയ ഈ സംഗതിയിലുള്ള ന്യൂനതകളെല്ലാം അചിരേണ തീർന്നുവരുന്നതിനായി തിരുഹൃദയഭക്തന്മാർ ഈ മാസത്തിൽ ദിവസേന പ്രാർത്ഥിക്കണം.

---


## ഒരു പുതിയ പുസ്തകം.

"മ്ശിഹൈക്യസ്വഭാവഗ്രന്ഥവിമർശനം"

വില അണ ൩ മാത്രം.

അപേക്ഷിക്കേണ്ടും മേൽവിലാസം,
റവ. എൽ. പെറെയിയാ, പള്ളിക്കൽ
കായംകുളംവഴി.

# തിരുനാൾ വർണ്ണന.

പാവപ്പെട്ടൊരുകുഞ്ഞ്, നിദ്രയോടുകൈ
    ത്തണ്ടിൽശയിച്ചീടവേ-
യേവംഭർത്തൃകരംപിടിച്ചുമറിയംചെ
    ന്നെത്തി ദേവാലയേ
പാരംനീണ്ടുവെളുത്ത താടി, വലുതാം
    കുപ്പായവുംതൊപ്പിയും
ചേരുംവന്ദ്യശെമോനൊട്ടു'ത്തതിനെ'ലോ
    കേശങ്കലേകുന്നിതാ.
        ഫാദർ ജോസഫ് ഏണേക്കാട്ട്.

ദൂതന്മാർദിവിപാടിടുന്നു; കുസുമം
    തൂകുന്നു ഭക്തർ,പ്രഭാ-
പാതത്താൽപരിതസ്ഥലംസുഷമയാ
    ളുന്നോർശ്ലേമാംപള്ളിയും
ജാതാമോദമണച്ചിടുന്നു ശെമയോ
    നീശന്നുനൽകാഴ്ചയായ്
വേദത്തിൻപൊരുളേശുദേവനെയിതാ
    മർപ്പാംബയുംനിൽക്കവേ.
        ക്രൂക്ക്മററം സ്കറിയാ ഡീക്കൻ.

മല്ലാക്ഷിമാർക്മണിയാകിയമേരിപാരം (ൽ
ചൊല്ലാർന്ന ദൈവഗൃഹമായതിലോശ്ലത്തി
ഉല്ലാസമോടുഭുവനേശനുകാഴ്ചവെപ്പാൻ
    (ത്തിൽ.
നില്ലാതെ നൽകിസുതനെശ്ശിമയോൻകര-
        റവ. ജോസഫ് കല്ലറങ്ങൽ-കാഞ്ഞി.

തന്നോമൽസുതനെപ്രമോദനിധിയാം
    മാതാവുകൈത്താരിലേ-
റ'ന്നോർശ്ലേം'മഹനീയദൈവനിലയേ
    ശ്രീമാൻ'ശിമോൻ'മാർഗ്ഗമായ്
നന്നായ് ഭക്തികലർന്നുനിത്യജനകൻ
    തൻപത്തിലർപ്പിച്ചമ-
ട്ടിന്നാനന്ദഭരേണമന്മതിയതിൽ
    കാണുന്നുചേണാർന്നുഞാൻ.
        പൊൻകുന്നം വി. ജെ. ജോസഫ്.

സർവ്വേശാത്മജനാണു തൻസുതനിതോ;
    നിർമ്മായതാനെന്നതോ;
ഗർവ്വേറിക്കരുതാതെ, കാന്തനൊരുമി
    ച്ചോർശ്ലേമിലെത്തിദ്രുതം
നിർവ്വാണേശപരിയായമേരി,വിധിപോ
    ലീശോയെയൻപോടിതാ
സർവ്വേശന്നൊരുകാഴ്ചയായിസിമയോൻ
    കയ്യാലണയ്ക്കുന്നഹോ!!
        സി. ജെ. മേരീദാസൻ.

ഓർശ്ലേംദൈവാലയത്തിൽജ്ജനകുലമഖിലം
    കൂടിനിൽക്കുന്നമദ്ധ്യേ-
യാശ്ലേഷിച്ചേശുവേസ്സൽഗ്ഗുണനിധിശിമയോ
    മൂലമാംമേറിരാജ്ഞി         ൻ
വിശേഷശന്നാദരത്താലഭിനവബലിപോ
    ലർപ്പണംചെയ്യുന്നേരം
വിശപംമൂന്നുംതെളിഞ്ഞു സുരരിപുനികരം
    പേടിപൂണ്ടമ്പരന്നു.
        സി. എം. ദേവസ്യാ, അതിരമ്പുഴ.

ശോകംവിട്ടുസുമങ്ങൾചേർന്നൊരളിവൃ
    ന്ദംപാടിമോടിക്കിളം
മാകന്ദത്തളിർതിന്നുകോകിലകുലം
    കൂകിസ്സദാപഞ്ചമം
ലോകംമോഹതമസ്സകന്നുശുഭമായ്
    ഭൂജാതനാമേശുവെ-
ശ്ലേമൻകണ്ണിണയാൽനുകന്ന സുദിനം!
    നീതന്നെധന്യൻഭുവി.
        കെ. തോമസ് മൂലയിൽ, പാലാ.

"ദൈവത്തിൻ സുതദർശനംഭുവിഭവി
    ച്ചല്ലാതെചൊല്ലാർന്നനിൻ-
ജീവൻവേർപെടുകില്ലദേഹമതിനേ"
    യെന്നീവിധംനൽവരം
കൈവന്നോരുവയോധികന്നുനവമായ്
    നൽക്കാഴ്ചനൽകിജ്ജവാ-
ലാവൻപാർന്നകുമാരനേശു;പരനായ്
    തന്നെസ്സമർപ്പിക്കവേ.
        എ. വി. മാത്യു, പാലാ.

ആകാശേകാറുമാറീഅഴകൊടുമരുണൻ
    തൻകരംവീശിനിന്നു
ശോകാവേശംകുറഞ്ഞുകുരുവികുയിലുമേ
    പാട്ടുപാടിത്തുടങ്ങീ
നാകാന്തേഹൃത്തമാടീസുരരിതുസമയ
    ത്തുണ്ണിയാമേശുവേസപർ-
ല്ലോകാധീശന്നുകാഴ്ചക്കതിരസമൊടണ
    ച്ചാർജവംതൽപിതാക്കൾ.
        വി. ററി. തോമസ്, പാലാ.

ഗാനംവാനവർപാടിടുന്നു,സരസം;
    പുഷ്പങ്ങളോരോതരം
ദാനംഭക്തരണച്ചിടുന്നു; ശുഭമോ
    ക്കൂട്ടുന്നിതെല്ലാടവും;
ജ്ഞാനത്താൽനതനശ്ശേമോൻപരനു തൻ
    ശ്രീയുണ്ണിയെക്കാഴ്ചയാ-
യാനന്ദത്തൊടുനൽകിടുന്നുവിധിപോ
    ലോർശ്ലേംമഹാപള്ളിയിൽ.
        കിങ്ങൂടർ എം. സി. സെബാസ്ത്യൻ.

---

മീനമാസം. സമസ്യ:- "മാർ യൗസേപ്പിങ്കലെത്തിസ്സകലവുമനുവർത്തിച്ചിനാജ്ഞാനുസാരം.
        ഫാദർ ജോസഫ് ഏണേക്കാട്ട്.

# പഞ്ചാംഗം

ഞായറാഴ്ച അക്ഷരം ൿ    ൧൯൦൨    എപ്പാക്തി ൨൭

## ൧൯൨൭ ഫെബ്രുവരി ൧൧൦൨ മകരം കുംഭം.

| | | | | |
|---|---|---|---|---|
| 1 | 19 | ചൊ | അം. വേ. അഗ്നാ. ന. ആ. ക. വെ. (ഇ. വി.) . | ച്യു. |
| 2 | 20 | ബു | ✠ ക. മ. ശുദ്ധീകരണം. ന. ക. വെ. | വെ. |
| | | | തിരിവ്വെഴ്മാ പ്രദക്ഷിണം. (പൂജ്യദണ്ഡവിമോചനം.) | |
| | | | കടമാട്ടൂർ, പാലാ, എലഞ്ഞി, നരിവേലി, അമ്പഴക്കാട്ട്, കടപ്പൂരാരം, മുട്ടാർ, എന്തായാ ഈ പള്ളികളിൽ ദശനാൾതിരുനാൾ, എഴുന്നുള്ളുകൊണ്ട് വന്ന പ്രധാന തിരുനാൾ. | |
| | | | അസ്സുരച്ചിറ, പൂവത്താട്ട എന്നി പള്ളികളിൽ ശുദ്ധ സെബസ്ത്യാ. തിരു. | |
| 3 | 21 | വ്യാ | അം. മേ. ബ്ളാസി. ന. ആ. ക. വെ. | വെ. |
| | | | നാഗപ്പുഴ വി. സെബസ്ത്യാനോസ് പ്രധാന തിരുനാൾ. | |
| | | | എ. ഭ. ക. മറി. വ്യാകുലതിരുനാ മുമ്പുള്ള വെള്ളിയാഴ്ച ഭക്തി നാളെ തുടങ്ങും. | |
| 4 | 22 | വെ | † മെ. അന്ത്രെ. കൊർസിനി. ന. ആ. ക. വെ. | വെ. |
| 5 | 23 | ശ | ക. വേദ അഗത്താ. ന. ആ. ക. വെ. | ച്യു. |
| 6 | 24 | ഞ | ✠ ഉപേക്ഷാദിനം ന. ക. ആ. ൨൦൦൫ ൧൨ ൭ ൧൫ | രോ. |
| | | | ഇന്ന പാതിരാവിൽ അമ്പതുനോമ്പ തുടങ്ങും. | |
| 7 | 25 | തി | മെ. റൊമുവാൾദ്. ന. ആ. ക. വെ. | വെ. |
| 8 | 26 | ചൊ | † മെ. യോഹന്നാൻ മാത്താ. ന. ആ. ക. വെ. | വെ. |
| 9 | 27 | ബു | വിഭൂതി ന. ക. ആ. ... | രോ. |
| 10 | 28 | വ്യാ | † ക. സ്കൊളാസ്തിക്കാ ന. ആ. ക. വെ. | വെ. |
| 11 | 29 | വെ | † അമ. ക. മറി. പ്രത്യക്ഷ ന. ആ. ക. വെ. (ഒരുവാരം) | വെ. |
| 12 | 1 | ശ | † പാ. മെ. ലിയോന. ന. ആ. ക. വെ. | വെ. |
| 13 | 2 | ഞ | ✠ നോയമ്പിന്റെ ൧-ാം ഞാ. ൧൯ ൨ ൭ | രോ. |
| | | | മുട്ടൊട്ടുപള്ളിയിൽ വി. സെബസ്ത്യാനിന്റെ പ്രധാന തിരുനാൾ. | |
| 14 | 3 | തി | വേദ. വല്ലന്തീനോസു. ന. ആ. ക. വെ. | ച്യു. |
| 15 | 4 | ചൊ | വേദ. പവുസ്തിൻ ന. ആ. ക. വെ. | ച്യു. |
| 16 | 5 | ബു | † വേദ. യോഹ. ബ്രിത്തൊ. ന. ആ. ക. വെ. | ച്യു. |
| 17 | 6 | വ്യാ | മെ. അന്തോനി ന. ആ. ക. വെ. (ജനുവരി ൧൭) | വെ. |
| 18 | 7 | വെ | അം. വേദ ശിമയോൻ ന. ആ. ക. വെ. (ഒരുവാരം) | ച്യു. |
| | | | ആരക്കുഴപ്പള്ളിയിൽ ശെമയോൻ അപ്പസ്തോലായുടെ തിരുനാൾ. | |
| 19 | 8 | ശ | † വേദ കനുഷത്തെ ന. ആ. ക. വെ. (ജനുവരി ൧൯) | ച്യു. |
| | | | മാർ യൌ. പിതാവിന്റെ വണക്കമാസം, തന്റെ മരണതിരുനാൾ ദിവസം അവസാനിക്കത്തക്കവണ്ണം, കഴിക്കുന്നതിന്ന ആഗ്രഹിക്കുന്നവർ ഇന്നേദിവസം തുടങ്ങണം. | |
| 20 | 9 | ഞാ | ✠ നോയ ൨-ാം ഞാ. ന. ക. ആ. ൨൨ ൨ ൧൫ | രോ. |
| 21 | 10 | തി | വേദ ക. എമരി, ന. ക. വെ. (ജനുവരി ൨൩) | ച്യു. |
| 22 | 11 | ചൊ | പത്രോ. അന്തിയോക്ക്യാ. സിംഹാ. ന. ക. വെ. | വെ. |
| 23 | 12 | ബു | മത്ത്യാസ്ലീഹാ. തലേനാൾ ന. ആ. ക. ത. | രോ. |
| 24 | 13 | വ്യാ | (✠) മത്ത്യാസ്ലീഹാ. ന. ആ. ക. വെ. | ച്യു. |
| 25 | 14 | വെ | † അം. മെ. പത്രോ. ദമിയാ. ന. ആ. ക. വെ. (ജ. ൨൩) | വെ. |
| 26 | 15 | ശ | † ക. വേദ മത്തീനോസു ന. ആ. ക. വെ. (ജനുവരി ൨൦) | ച്യു. |
| 27 | 16 | ഞ | ✠ നോയമ്പിന്റെ ൩-ാം ഞായർ ന. ക. ആ. ൭ ൧൯ ൭ ൧൫ | രോ. |
| 28 | 17 | തി | ക. വേദ ഡൊറൊത്തായാ. ന. ആ. ക. വെ. (ജ. ൬) | ച്യു. |

Regi: No. M. 365. Registered No


വ്യാജനിർമ്മിതങ്ങൾ ഉള്ളതുകൊണ്ടു പ്രത്യേകം നോക്കി

# "എബ്രഹാം വൈദ്യന്റെ"
# ഗർഭരക്ഷാഗുളിക.

എന്ന പേർ ഉള്ളതു് വാങ്ങണം.

## സ്ത്രീലോകത്താൽ ആദരിക്കപ്പെട്ട ഒരു സിദ്ധൌഷധം.

ഇരുപതാം നൂറ്റാണ്ടിലെ വലിയൊരു അനുഗ്രഹം.

ഗർഭിണികളുടെ നാനാവിധ അസ്വാസ്ഥ്യങ്ങൾക്കും ശീഘ്രവും സുഖകരവുമായ പ്രസവത്തിനും ശിശുവിന്റെ ആരോഗ്യത്തിനും ഒരനുഗ്രഹമെന്നു പാശ്ചാത്യ ഡാക്ടറന്മാരാലും പൌരസ്ത്യ വൈദ്യശിരോമണികളാലും മറ്റു മഹാന്മാരാലും, അനുഭവത്താൽ സമ്മതിക്കപ്പെട്ട എബ്രഹാം വൈദ്യന്റെ ഈ ഗുളികകൾ ഉള്ളപ്പോൾ സ്ത്രീകൾ എന്തിനു ദുഃഖിക്കുന്നു?

മറ്റു പേരുകളിലുള്ള അനുകരണഗുളികകളാൽ വഞ്ചിക്കപ്പെടാതെ സർവ്വത്ര ആദരതയും കീർത്തിമത്തുമായ എബ്രഹാം വൈദ്യന്റെ ഗർഭരക്ഷാഗുളികകൾ വാങ്ങി പ്രസവത്തെ ലാഘവപ്പെടുത്തുന്ന പ്രശസ്തഗുണമനുഭവിപ്പിൻ!!

ഗുളികകളുടെ സീമാതീതമായ ഫലത്തെപ്പറ്റി അനുഭവത്താൽ പ്രശംസിച്ച സംസ്ഥാനത്തിലെ ഏറ്റവും പ്രധാനപ്പെട്ട ലേഡീസുകളുടെയും മഹാന്മാരുടെയും പേരുകൾ പുതിയതായി ഗുളിക വാങ്ങുന്നവരുടെ തൃപ്തിക്കായി താഴെ ചേർത്തുകൊള്ളുന്നു:

മിസ്സസ് പൂക്കോസ് (ഡാക്ടർ മേരി പുന്നൻ ലൂക്കോസ് ബി. ഏ; എം. ബി ബി എസ്സ്; ലണ്ടൻ. എൽ. എം. റോട്ടുണ്ടോ, ലേഡി സർജ്ജൻ തിരുവിതാംകൂർ.) ഡാക്ടർ എസ്. വെങ്കിട സ്വാമിനായിഡു, സർജൻ, ബ്രഹ്മശ്രീ മഹസ്സര അഷ്ടൻനാരായണൻമൂസ്; ഡാക്ടർ എസ്. രാമസ്വാമി അയ്യർ ബി ഏ എം. ബി സി. എം., ഡാക്ടർ കെ. സി. കുര്യൻ ബി. ഏ; എം. ബി. സി. എം., സി. അന്തപ്പായി അവർകൾ ബി ഏ; കെ. സി. മാമ്മൻമാപ്പിള അവർകൾ ബി. ഏ. മനോരമ പത്രാധിപർ. ഒരു മാസത്തെ ഗുളിക ക. [illegible]. ന്നു മാസത്തേക്കു ക. [illegible]

"മിസ്റ്റർ എബ്രഹാം വൈദ്യന്റെ ഗർഭരക്ഷാഗുളികയുടെ അത്ഭുതകരമായ ഫലപ്രാപ്തിയിൽ അഭിനന്ദിച്ചുകൊണ്ട് ഡാക്ടറന്മാർ, ആയുർവൈദ്യന്മാർ, വൈദികന്മാർ, തമ്പുരാക്കന്മാർ, ലേഡി ഡാക്ടറന്മാർ ആദിയായി സ്ഥാനഭരണസ്ഥന്മാരായ അനവധി മാന്യന്മാരുടെയും മഹതികളുടെയും ഒട്ടുവളരെ ഇംഗ്ലീഷ് മലയാള വർത്തമാനപ്പത്രങ്ങളുടെയും പ്രശംസയ്ക്കു പാത്രീഭവിച്ചിരിക്കുന്നു."

"മലയാളമനോരമ."

വൈദ്യൻ ഇ. ഡബ്ല്യു. എബ്രഹാം മെഡിക്കൽഹാൾ,

കൊട്ടാരപ്പാലത്തിനു സമീപം, ആലപ്പുഴ.


---


## ചതുർവിധോത്തരീയങ്ങൾ.

മരിയമഹാജനസഭയുടെ ഒരു പെരിയ സ്മാരകമായി കേരളീയകർമ്മലീത്താസന്യാസപുരോഹിതരിൽ, ഒരുവൻ രചിച്ചിരിക്കുന്ന ഒരു നവീനപുസ്തകം. കർമ്മല ഉത്തരീയം, അമലോത്ഭവമാതാവിന്റെ നീലഉത്തരീയം, വ്യാകുലമാതാവിന്റെ ഉത്തരീയം, പങ്കപ്പാടിന്റെ ഉത്തരീയം ഇവകളെ ധരിക്കുന്നവരും ധരിപ്പിക്കുന്നവരും അറിഞ്ഞിരിക്കേണ്ട സകല വിവരങ്ങളും, പുതിയ ഡിക്രേത്തുകൾക്കനുസരിച്ച വിശദമായി ഇതിൽ എഴുതിയിട്ടുണ്ട്. ഉത്തരീയങ്ങൾ സംബന്ധിച്ച പല തെറ്റുകളും സംശയങ്ങളും ഈ പുസ്തകം തീർത്തുതരും. റോയൽ ൩൨-ൽ ൧൮൦ പക്ഷങ്ങളുള്ള ഈ പുസ്തകത്തിനു ൩ അണയായ വില വച്ചിട്ടുള്ളു. "ഉത്തരീയങ്ങൾ ധരിപ്പിക്കുന്നതിനുള്ള ലത്തീൻപ്രാർത്ഥനകൾ ഇതിൽ ചേർത്തിട്ടുണ്ട്. ആവശ്യക്കാർക്കു ൧ ണം. വിലയുള്ള സുറിയാനിപ്രാർത്ഥനക്രമം ക്രട്ടിക്കെട്ടിക്കൊടുക്കുന്നതാണ്.

മാനേജർ, സെൻറു ജോസഫ്സ് പ്രസ്സ്

മാന്നാനം.


---

Printed and Published for the Proprietor by P. K. Joseph at St. Joesph's Press, Mannanam. 1921.